തുല്യതാ പാഠാവലി

# സാമൂഹ്യശാസ്ത്രം



## സ്റ്റാൻഡേർഡ്

## 7

കേരള സർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി (കേ.സം.സാ.മി.അ)

2020

## ദേശീയ ഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്.
എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.
ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.
സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ
ഞാൻ അഭിമാനം കൊള്ളുന്നു.
ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും
മുതിർന്നവരെയും ബഹുമാനിക്കും.
ഞാൻ എന്റെ രാജ്യത്തിന്റെയും
എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.


Prepared by:

Kerala State Literacy Mission Authority (KSLMA)
'Aksharam', Near Govt. BHSS Pettah, Pettah P.O., Thiruvananthapuram, Kerala Pin - 695024

| | | |
|---|---|---|
| Website | : | www.literacymissionkerala.org |
| e-mail | : | stateliteracymission@gmail.com |
| Phone | : | 0471-2472253/2472254, Fax: 0471-2462252 |
| First Edition | : | 2020 |
| Typesetting | : | Sanoop S V, KSLMA |
| Layout | : | Rajesh S, Trivandrum |
| Cover design | : | Sanil M P, KSLMA |
| Printed at | : | C-apt, Thiruvananthapuram |
| Price | : | ₹ 55.00 |



© Department of General Education, Government of Kerala

# ആമുഖം

ദൈനംദിന ജീവിതത്തിൽ ധാരാളം അറിവുകൾ നമ്മളോരോരുത്തരും സ്വായത്തമാക്കിയിട്ടുണ്ട്. നമുക്ക് പരിചിതമായ സന്ദർഭങ്ങളിലൂടെ അവതരിപ്പിച്ച്, ഇത്തരം അറിവുകളുടെ യുക്തി മനസ്സിലാക്കുന്നതിനും അതിലൂടെ വിഭിന്നങ്ങളായ പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമാണ് പ്രധാനമായും പാഠപുസ്തകത്തിൽ ശ്രമിച്ചിരിക്കുന്നത്. ഇത്തരം ഒരു രീതി സ്വീകരിച്ചതുകൊണ്ടുതന്നെ, ഒരു പരിശീലകന്റെ സഹായമില്ലാതെ സ്വയം വായിച്ചും ചിന്തിച്ചും വിവിധ പ്രവർത്തനങ്ങൾ ചെയ്തും ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയങ്ങൾ മനസ്സിലാക്കാൻ സാധിക്കും. ആശയസമ്പാദനത്തിനും പ്രയോഗിക പ്രശ്നപരിഹാരത്തിനും അതുവഴി തൊഴിൽനൈപുണ്യം നേടി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ഈ പാഠപുസ്തകം നിങ്ങളെ സഹായിക്കട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. പി എസ് ശ്രീകല**
ഡയറക്ടർ
കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി

# ശിൽപശാലയിൽ പങ്കെടുത്തവർ

| | |
|---|---|
| **അധ്യാപകർ** | |
| **യൂസഫ്കുമാർ എസ്.എം.** | എച്ച്.എസ്.എസ്.ടി, ജി.ബി.എച്ച്.എസ്.എസ്, പത്തനംതിട്ട |
| **സി.കെ. പവിത്രൻ** | റിട്ട. എച്ച്.എസ്.എ, വയനാട് |
| **മുരളീധരൻനായർ പി.എൻ.** | എച്ച്.എസ്.എസ്.ടി, എൻ.എസ്.എസ്.എച്ച്.എസ്.എസ്, ആനിക്കാട്, കോട്ടയം |
| **ഹരിപ്രദീപ് എസ്.** | റിട്ട. എച്ച്.എസ്.എ, എസ്.വി.എച്ച്.എസ്, പുല്ലാട് |
| **അജു എസ്.** | എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്, വെച്ചൂച്ചിറ കോളനി, പത്തനംതിട്ട |
| **ഷൗജമോൻ എസ്.** | റിട്ട.എച്ച്.എസ്.എ, പി.എൻ.എം.ജി.എച്ച്.എസ്.എസ്, കൂന്തള്ളൂർ |
| **ഗോപകുമാർ ജി.പി.** | ലെക്ചറർ, ഡയറ്റ്, കൊട്ടാരക്കര |
| **അനിൽകുമാർ പി.** | അസി. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| **വിജയകുമാർ സി.ആർ.** | എച്ച്.എസ്.എസ്.ടി, ജി.എച്ച്.എസ്.എസ്, വെള്ളമണൽ, കൊല്ലം |
| **അക്കാദമിക ചുമതല** | |
| **ഡോ. വി. നാഗരാജൻ നായിഡു** | അസോ. പ്രൊഫസർ, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം |
| **വിദഗ്ധസമിതി** | |
| **കെ.കെ. കൃഷ്ണകുമാർ** | സീമ-61, ആനയറ നഗർ, തിരുവനന്തപുരം |
| **കോ-ഓർഡിനേഷൻ** | |
| **കെ. അയ്യപ്പൻനായർ** | അസി. ഡയറക്ടർ (തുല്യത & അക്കാദമിക്) സംസ്ഥാന സാക്ഷരതാമിഷൻ |
| **കോ-ഓർഡിനേഷൻ സഹായം** | |
| **രഞ്ജി എസ്.എസ്.** | പ്രോഗ്രാം ഓഫീസർ സംസ്ഥാന സാക്ഷരതാമിഷൻ |

# ഭാരതത്തിന്റെ ഭരണഘടന

### ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക.** **മൗലിക കർത്തവ്യങ്ങൾ – താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് –**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്ര സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ രക്ഷ്യബാലകനോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# ഉള്ളടക്കം


യൂണിറ്റ് 1
ചരിത്രത്തിലെ ഇന്ത്യ 7

യൂണിറ്റ് 2
നവീന ഇന്ത്യ 23

യൂണിറ്റ് 3
തിരിഞ്ഞുനോക്കാം തിരിച്ചറിയാം 35

യൂണിറ്റ് 4
മാറ്റങ്ങളുടെ ലോകം 51

യൂണിറ്റ് 5
ഭൗമ മണ്ഡലങ്ങൾ 61

യൂണിറ്റ് 6
ഇന്ത്യയെ മനസ്സിലാക്കാം 71

യൂണിറ്റ് 7
ഉത്പാദനഘടകങ്ങളും സമ്പദ്മേഖലയിലെ വിവിധ മേഖലകളും 81

യൂണിറ്റ് 8
ജനാധിപത്യവും അവകാശങ്ങളും 91

യൂണിറ്റ് 9
വ്യക്തിയും സമൂഹവും 99



# ചരിത്രത്തിലെ ഇന്ത്യ

അധ്യായം 1

നിങ്ങളുടെ നാടിന്റെ ചരിത്രം എന്താണെന്ന് ചോദിച്ചാൽ നിങ്ങൾ എന്ത് ഉത്തരം നൽകും? പറഞ്ഞുകേട്ട കഥകളായിരിക്കും പറയുക. അതെത്രത്തോളം സത്യമാകും എന്ന് നമുക്കറിയാൻ പറ്റില്ല. എന്നാൽ ശരിയായ ചരിത്രം രചിക്കുന്നത് പുരാതന രേഖകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ്. ഇവയാണ് ചരിത്ര സ്രോതസുകൾ എന്നറിയപ്പെടുന്നത്.

## ചരിത്രാതീതകാലം

എഴുത്തുവിദ്യ രൂപപ്പെടുന്നതിനു മുമ്പുള്ള കാലത്തെക്കുറിച്ച് മനസ്സിലാക്കാൻ നമുക്ക് എങ്ങനെ സാധിക്കും എന്ന് ചിന്തിച്ചിട്ടുണ്ടോ? ആ കാലഘട്ടത്തിൽ ജീവിച്ചിരുന്ന മനുഷ്യർ നിർമിച്ചതും ഉപയോഗി



*ചരിത്രാതീതകാലത്തെ മനുഷ്യൻ ഉപയോഗിച്ചിരുന്ന ചില ഉപകരണങ്ങൾ*



*ഗുഹാചിത്രങ്ങൾ - ഭിംബേഡ്ക*

ച്ചതുമായ വസ്തുക്കളുടെ അവശിഷ്ടങ്ങളാണ് നമ്മളെ ഇതിന് സഹായിക്കുന്നത്.

എഴുത്തുവിദ്യ ആരംഭിക്കുന്നതിനു മുമ്പുള്ള കാലം ചരിത്രാതീതകാലം എന്ന് അറിയപ്പെടുന്നു.

## ചരിത്രകാലം

ചരിത്രാതീതകാലത്തെക്കുറിച്ച് അറിയാൻ അക്കാലത്തെ മനുഷ്യർ ഉപയോഗിച്ചിരുന്ന സാധനങ്ങൾ മാത്രമാണ് സഹായിച്ചിരുന്നതെങ്കിൽ ചരിത്രകാലത്തെക്കുറിച്ച് മനസിലാക്കാൻ നമുക്കെന്തെല്ലാം തെളിവുകൾ ലഭ്യമാകുന്നു എന്ന് നോക്കാം.



*ശിലാലിഖിതങ്ങൾ*




*പഴയകാല നാണയങ്ങൾ*



*താളിയോലകൾ*



*പുസ്തകങ്ങൾ*

ഇവ ചരിത്രരചനയെ എങ്ങനെയാണ് സഹായിക്കുക? എഴുതപ്പെട്ട വിവരങ്ങളാണ് ഇവയിൽനിന്നും ലഭിക്കുന്നത്. എഴുതപ്പെട്ട രേഖകളുള്ള കാലം ചരിത്രകാലം എന്നറിയപ്പെടുന്നു.

**ചരിത്രകാലവും ചരിത്രാതീതകാലവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാം?**

നിങ്ങൾ മ്യൂസിയം സന്ദർശിച്ചിട്ടുണ്ടോ? അവിടെ എന്തെല്ലാമാണ് സൂക്ഷിച്ചുവെച്ചിരിക്കുന്നത്? ഇവ ഒന്ന് പട്ടികപ്പെടുത്തി നോക്കിയാലോ?

- പുരാതനകാലത്തെ ഉപകരണങ്ങൾ
- പ്രാചീന ആയുധങ്ങൾ
- പുരാതന രേഖകൾ
- ശിലാലിഖിതങ്ങൾ
- യാത്രയ്ക്കുപയോഗിക്കുന്ന വാഹനങ്ങൾ
- നാണയങ്ങൾ
- പലതരത്തിൽപ്പെട്ട ശിൽപ്പങ്ങൾ
- ചിത്രങ്ങൾ
- വസ്ത്രങ്ങൾ



ചിത്രത്തിൽ കാണുന്നത് കാസർ ഗോഡുള്ള ബേക്കൽ കോട്ടയാണ്. ഇതേ പോലെ അനേകം കോട്ടകളും കൊട്ടാരങ്ങ ളും സ്മാരകങ്ങളും സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇവ സംരക്ഷിത ചരിത്രസ്മാരകങ്ങൾ എന്നറിയപ്പെടുന്നു.

**ചരിത്രസ്മാരകങ്ങൾ സരക്ഷിക്കേണ്ടതിന്റെ ആവശ്യകത എന്തായിരിക്കും എന്നതിനെപ്പറ്റി ഒരു കുറിപ്പ് തയ്യാറാക്കുക.**

പ്രാചീനകാലത്ത് കേരളത്തിൽ നിലനിന്ന ശവസംസ്കാര സമ്പ്രദായങ്ങളുമായി ബന്ധപ്പെട്ട സ്മാരകങ്ങളുടെ ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. അവയുടെ പേരുകൾ അന്വേഷിച്ചെഴുതുക.







## കാലം കണക്കാക്കുന്നതെങ്ങനെ?

നമ്മൾ പൊതുവായി കാലഗണനയ്ക്കായി ഉപയോഗിച്ചിരുന്നത് ക്രിസ്തു വർഷമായിരുന്നു. അത് യേശുക്രിസ്തുവിന്റെ ജനനത്തെ അടിസ്ഥാനമാക്കി എ.ഡി. (A.D.), ബി.സി. (B.C.) എന്നിങ്ങനെ തിരിച്ചിരുന്നു. എന്നാൽ ഇന്ന് അവ യഥാക്രമം സി.ഇ., ബി.സി.ഇ., എന്നാണ് ഉപയോഗിച്ചുവരുന്നത്.




## എങ്ങനെയാണ് നൂറ്റാണ്ട് കണക്കാക്കുന്നതെന്ന് നോക്കാം

സി.ഇ. 1 മുതൽ 100 വരെയുള്ള നൂറു വർഷം ഒരു നൂറ്റാണ്ടായി കണക്കാക്കുന്നു. അതായത് സി.ഇ. 1901 മുതൽ സി.ഇ. 2000 വരെയുള്ള കാലഘട്ടമായിരുന്നു 20-ാം നൂറ്റാണ്ട്. നമ്മൾ ഇപ്പോൾ ജീവിക്കുന്നത് 21-ാം നൂറ്റാണ്ടിലാണ്. ചരിത്രസംഭവങ്ങൾ എന്ത്, എപ്പോൾ എന്നീ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കാലഗണന നമ്മെ സഹായിക്കുന്നു.

**ചരിത്രപഠനത്തിൽ കാലഗണനയ്ക്ക് വളരെയേറെ പ്രാധാന്യമുണ്ടെന്ന് പറയുന്നതെന്തുകൊണ്ട്?**

## കല്ലിൽനിന്ന് ലോഹത്തിലേക്ക്

പ്രാചീന മനുഷ്യജീവിതത്തെ ഇവിടെ ചത്രീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ. ദുർബലനായ മനുഷ്യന് ആഹാര സമ്പാദനത്തിനും സ്വയരക്ഷയ്ക്കും ആയുധങ്ങളും ഉപകരണങ്ങളും ആവശ്യമായിരുന്നു. ഇതിനായി അവർ ഉപയോഗിച്ചിരുന്ന ചില ഉപകരണങ്ങളുടെ ചിത്രങ്ങൾ നൽകിയിരിക്കുന്നത് നോക്കൂ. അവയെല്ലാം തന്നെ പ്രധാനമായും ശിലകൾ ആയിരുന്നതിനാൽ ഈ കാലഘട്ടത്തെ ശിലായുഗം എന്നറിയപ്പെടുന്നു.



പരുക്കൻ കല്ലുകൾ ആയുധമായി ഉപയോഗിച്ചിരുന്ന കാലത്തെ പ്രാചീന (പുരാതന) ശിലായുഗം എന്നും സൂക്ഷ്മശിലകൾ ആയുധമായി ഉപയോഗിച്ചിരുന്ന



കാലത്തെ മധ്യശിലായുഗം എന്നും മിനുസപ്പെടുത്തിയ ശിലകൾ ആയുധമായി ഉപയോഗിച്ചിരുന്ന കാലത്തെ നവീനശിലായുഗം എന്നും അറിയപ്പെടുന്നു.

നവീനശിലായുഗത്തിൽ വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായി. ഇവയെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ചുവടെ നൽകിയിരിക്കുന്നു.









*ഈ ചിത്രങ്ങളിൽനിന്ന് എന്തെല്ലാം മനസിലാക്കാം?*

- കൃഷി ആരംഭിച്ചു
- സ്ഥിരവാസം ആരംഭിച്ചു
- മൃഗങ്ങളെ ഇണക്കി വളർത്തി
- കളിമൺ പാത്രങ്ങൾ നിർമിച്ചു
- ചക്രത്തിന്റെ ഉപയോഗം പഠിച്ചു

**പ്രാചീന ശിലായുഗവും നവീന ശിലായുഗവും തമ്മിൽ എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

## വെങ്കലയുഗം

കല്ലിനെ അപേക്ഷിച്ച് മൂർച്ചകൂടിയ ചെമ്പ് (താമ്രം) കൊണ്ടുള്ള ഉപകരണങ്ങൾ കൂടി ഉപയോഗിക്കാൻ തുടങ്ങിയ കാലത്തെ താമ്ര ശിലായുഗം എന്ന് വിളിക്കുന്നു. ചെമ്പിനേക്കാൾ കടുപ്പമുള്ള, ചെമ്പും ഈയവും ഉരുക്കിച്ചേർത്ത് നിർമിക്കുന്ന വെങ്കലം എന്ന ലോഹസങ്കരം ഉപയോഗിക്കാൻ തുടങ്ങിയ കാലത്തെ വെങ്കലയുഗം എന്ന് വിളിക്കുന്നു.

ലോഹങ്ങൾകൊണ്ടുള്ള ആയുധങ്ങൾ ഉപയോഗിക്കാൻ തുടങ്ങിയ കാലം മുതൽ ഉണ്ടായ മാറ്റങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- കൂടുതലായി ഉൽപ്പാദിപ്പിച്ച ഭക്ഷ്യവസ്തുക്കൾ സംഭരിക്കാൻ തുടങ്ങി.

- പൊതുസ്ഥലങ്ങളിൽ കാർഷിക വിഭവങ്ങളുടെ കൈമാറ്റം തുടങ്ങി. (സാധന കൈമാറ്റ സമ്പ്രദായം)
- പുതിയ കാർഷികോപകരണങ്ങളുടെ നിർമാണവും ഉപയോഗവും വർദ്ധിച്ചു

കൃഷിയോടൊപ്പം ഇഷ്ടികനിർമ്മാണം, തുണിനെയ്ത്ത്, ആഭരണ നിർമാണം തുടങ്ങിയവയും കരമാർഗവും കടൽമാർഗവും ഉള്ള കച്ചവടവും വർദ്ധിച്ചു. ഈ കാലഘട്ടത്തിൽ നദീതീരങ്ങളിൽ ഉയർന്നുവന്ന സംസ്കാരം അവയുടെ കേന്ദ്രം എന്നിവ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

| സംസ്കാരം | നദീതടം | സംസ്കാരം നിലനിന്നിരുന്ന കേന്ദ്രങ്ങൾ | സവിശേഷതകൾ |
|---|---|---|---|
| ഹരപ്പൻ സംസ്കാരം | സിന്ധു നദീതടം | ഇന്ത്യ, പാകിസ്ഥാൻ | • നഗരാസൂത്രണം<br>• ധാന്യപ്പുര<br>• കച്ചവടകേന്ദ്രങ്ങൾ<br>• ഇഷ്ടികകൊണ്ടുള്ള ബഹുനില വീടുകൾ |

**വെങ്കലയുഗ സംസ്കാരത്തിന്റെ സവിശേഷതകൾ പട്ടികപ്പെടുത്തുക**

## വേദകാലം

ഏകദേശം 3500 വർഷങ്ങൾക്ക് മുമ്പ് ആര്യന്മാർ എന്നറിയപ്പെടുന്ന ഒരു ജനവിഭാഗം സിന്ധു നദിയുടെയും പോഷകനദികളുടെയും തടങ്ങളിലേക്ക് കുടിയേറി. വാമൊഴിയായി ആദ്യകാലങ്ങളിൽ പ്രചരിച്ചിരുന്ന വേദങ്ങളിൽ നിന്നാണ് നമുക്ക് ഇവയെക്കുറിച്ച് വിവരം ലഭിക്കുന്നത്. വേദങ്ങളിൽ പരാമർശിച്ചിരിക്കുന്ന കാലം വേദകാലം എന്നറിയപ്പെടുന്നു.

| വേദകാലം | 1500 - 600 ബി.സി.ഇ. | വേദങ്ങൾ |
|---|---|---|
| ഋഗ്വേദ കാലം | 1500 - 1000 ബി.സി.ഇ. | ഋഗ്വേദം |
| പിൽക്കാല വേദകാലം | 1000 - 600 ബി.സി.ഇ. | സാമവേദം, അഥർവ്വവേദം, യജുർവേദം |

ഋഗ്വേദ കാലത്തിന്റെ സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിക്കാം

- പ്രധാന സമ്പത്ത് കന്നുകാലികളായിരുന്നു
- പ്രധാന തൊഴിൽ കന്നുകാലി വളർത്തലായിരുന്നു
- ബാർലിയായിരുന്നു പ്രധാന വിള
- ആര്യന്മാരുടെ കൂട്ടം ഗോത്രം എന്നറിയപ്പെടുന്നു

- ഗോത്രത്തിന്റെ തലവൻ രാജൻ എന്നറിയപ്പെട്ടു
- കന്നുകാലി സമ്പത്തിനുവേണ്ടി ഗോത്രങ്ങൾ തമ്മിൽ യുദ്ധങ്ങൾ സാധാരണമായിരുന്നു
- കുതിരകളും ചെമ്പും വെങ്കലവും കൊണ്ടുള്ള ആയുധങ്ങളും ഉപയോഗിച്ച് അവർ മറ്റുള്ളവരെ കീഴടക്കി.
- ഋഗ്വേദ കാലത്തിലെ ജനങ്ങൾ ഇന്ദ്രൻ, വരുണൻ, അഗ്നി എന്നീ ദേവന്മാരെയും അതിഥി, ഉഷസ്സ് എന്നീ ദേവതമാരെയും ആരാധിച്ചിരുന്നു
- ചാരനിറത്തിലുള്ള മൺപാത്രങ്ങൾ ഉപയോഗിച്ചിരുന്നു

സാമവേദം, യജുർവേദം, അഥർവ്വവേദം എന്നിവയിൽ പരാമർശിച്ചിരിക്കുന്ന കാലം പിൽക്കാല വേദകാലം എന്നറിയപ്പെടുന്നു. കന്നുകാലികളെ മേച്ചുനടന്നിരുന്ന ഈ കാലത്താണ് ആര്യന്മാർ ഗംഗാസമതലത്തിൽ എത്തിച്ചേർന്നത്. ഗംഗാസമതലത്തിൽ ആര്യന്മാർ എത്തിച്ചേരുന്നതിനിടയാക്കിയ കാരണങ്ങൾ ഇവയാണ്.

- ഗോത്രങ്ങൾ തമ്മിലുള്ള കലഹങ്ങൾ
- പുതിയ ഗോത്രങ്ങളുടെ ഉത്ഭവം
- ജനസംഖ്യാ വർദ്ധനവ്

ഗംഗാസമതലത്തിൽ ഉണ്ടായിരുന്ന ഇരുമ്പിന്റെ നിക്ഷേപം കണ്ടെത്തിയതോടുകൂടി ഇരുമ്പുപയോഗിച്ച് ഉറപ്പുള്ള ആയുധങ്ങളും ഉപകരണങ്ങളും നിർമിച്ചു. കലപ്പ ഉണ്ടാക്കി, നിലം ഉഴുതു, കൃഷി ഇറക്കി. ഈ യുഗം ഇരുമ്പുയുഗം എന്നറിയപ്പെടുന്നു.

ജനങ്ങൾ സ്ഥിരവാസം ആരംഭിച്ചതോടെ അവരുടെ ജീവിതക്രമത്തിൽ മാറ്റങ്ങൾ ഉണ്ടായി. തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെ വിഭജിക്കപ്പെട്ടു. ഈ വിഭജനം ചാതുർവർണ്യം എന്നറിയപ്പെടുന്നു.

**പിൽക്കാല വേദകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?**

## പ്രാചീന തമിഴകവും തിണകളും

തിരുപ്പതി മുതൽ കന്യാകുമാരി വരെയുള്ള പ്രദേശം പ്രാചീന തമിഴകം എന്നാണ് അറിയപ്പെട്ടിരുന്നത്.

പ്രാചീന തമിഴകത്തെ ജനജീവിതത്തെ കുറിച്ചുള്ള വിവരണങ്ങൾ പ്രധാനമായും ലഭിക്കുന്നത് മഹാശിലാസ്മാരകങ്ങളിൽ നിന്നും പഴന്തമിഴ് പാട്ടുകളിൽനിന്നുമാണ്. സംഘംകൃതികൾ എന്നറിയപ്പെട്ടിരുന്ന ഇവയിൽ പ്രധാനപ്പെട്ടതാണ് പത്തുപ്പാട്ട്, പതിറ്റുപ്പത്ത്, അകനാനൂറ്, പുറനാനൂറ് തുടങ്ങിയവ. ചേരന്മാരും ചോളന്മാരും, പാണ്ഡ്യന്മാരുമാണ് ഇക്കാലത്ത് തമിഴകം ഭരിച്ചിരുന്നത്.

സംഘംകൃതികൾ നൽകുന്ന വിവരങ്ങളനുസരിച്ച് പ്രാചീന തമിഴകം അഞ്ച് ഭൂവിഭാഗങ്ങളായി അറിയപ്പെട്ടിരുന്നു. ഇവ തിണകൾ എന്നാണ് വിളിക്കപ്പെട്ടിരുന്നത്. ഓരോ തിണകൾക്കും അതിന്റേതായ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ ഉണ്ടായിരുന്നു. അവ ഏതൊക്കെയെല്ലാമെന്ന് നോക്കാം.

| തിണകൾ | ഭൂമിശാസ്ത്ര സവിശേഷതകൾ |
|---|---|
| കുറിഞ്ചി | മലകൾ/മലയോരങ്ങൾ |
| മുല്ലൈ | കാട്/പുൽമേട് |
| പാലൈ | വരണ്ട പ്രദേശം |
| മരുതം | വയൽ |
| നെയ്തൽ | തീരപ്രദേശം |

**പ്രാചീന തമിഴകത്തെ തിണകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുക**

## മഗധയും അഹിംസയുടെ പ്രചാരവും

ഗംഗാസമതലത്തിലേക്ക് ആര്യന്മാർ എത്തിച്ചേർന്നതിനുശേഷം ബി.സി.ഇ. ആറാം നൂറ്റാണ്ടോടുകൂടി ഗംഗാസമതലത്തിൽ കാർഷികമേഖലകൾ രൂപം കൊണ്ടു. കൈമാറ്റ കേന്ദ്രങ്ങളും പട്ടണങ്ങളുമടങ്ങിയ അവ ജനപദങ്ങൾ എന്നറിയപ്പെട്ടു. ഇവയിൽ പതിനാറെണ്ണം ശക്തിയാർജിച്ചു. അവ മഹാജനപദങ്ങൾ എന്നറിയപ്പെട്ടു. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടതായിരുന്നു മഗധ.

**മഹാജനപദങ്ങൾ**
മഗധ, അംഗം, വജ്ജി, മല്ല, കാശി, വത്സം, കോസലം, ചേതി, പാഞ്ചാലം, അശ്മകം, അവന്തി, സുരസേന, കുരു, മാത്സ്യം, ഗാന്ധാരം, കംബോജം




വൻതോതിൽ ഇരുമ്പയിര് നിക്ഷേപമുള്ള മഗധയുടെ വളർച്ചയ്ക്കുള്ള പ്രധാന കാരണം ഇരുമ്പായുധങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗമായിരുന്നു.

കാർഷികോൽപ്പാദനത്തിലെ വർദ്ധനവും വാണിജ്യ രംഗത്തെ വളർച്ചയും നഗരങ്ങളുടെ വളർച്ചയ്ക്ക് കാരണ

മായി. മഗധയിലെ ഭരണാധികാരികൾ തങ്ങളുടെ സൈനികശക്തിയും സമ്പത്തും ഉപയോഗിച്ച് മറ്റ് മഹാജനപദങ്ങളെ മഗധയോട് കൂട്ടിച്ചേർത്തു. അങ്ങനെ മഗധ ഒരു രാജ്യമായി മാറി.

കന്നുകാലികളായിരുന്നു കാർഷിക മേഖലയുടെ അടിത്തറ. നിലം ഉഴുന്നതിനും വളത്തിനും ആശ്രയിച്ചിരുന്ന കാലികളെ യാഗങ്ങളിൽ കൊന്നൊടുക്കിയത് കൃഷിയെ പ്രതികൂലമായി ബാധിച്ചു. ഈ കാലഘട്ടത്തിൽ അഹിംസയിൽ അധിഷ്ഠിതമായി ഉയർന്നുവന്ന രണ്ടു മതങ്ങളാണ് ജൈന മതവും ബുദ്ധമതവും. ഇവയുടെ തത്ത്വങ്ങൾ ചുവടെ നൽകിയിരിക്കുന്നത് ശ്രദ്ധിക്കുക.

### ജൈനമത തത്ത്വങ്ങൾ

- ശരിയായ ജ്ഞാനം
- ശരിയായ വിശ്വാസം
- ശരിയായ പ്രവൃത്തി

### ബുദ്ധമത തത്ത്വങ്ങൾ

- ലൗകിക ജീവിതം ദുഃഖപൂർണമാണ്
- ആഗ്രഹങ്ങളാണ് ദുഃഖത്തിന് കാരണം
- ആഗ്രഹങ്ങളെ ഇല്ലാതാക്കിയാൽ ദുഃഖങ്ങളെ ഇല്ലാതാക്കാം
- അഷ്ടാംഗമാർഗം അനുഷ്ഠിക്കുക വഴി ആഗ്രഹങ്ങളെ ഇല്ലാതാക്കാം



*മഹാവീരൻ*



*ബുദ്ധൻ*

**അഹിംസയിൽ അധിഷ്ഠിതമായ മതങ്ങൾ വളരാൻ ഇടയായ സാഹചര്യം എന്തായിരുന്നു?**

മൗര്യരാജവംശത്തിലെ ചക്രവർത്തിയായിരുന്ന അശോകൻ സമാധാനം നിലനിർത്താനായി സ്വീകരിച്ച നയമാണ് ധമ്മം (ധർമ്മം). ഇതിന്റെ ആശയങ്ങൾ ചുവടെ നൽകിയിരിക്കുന്നു.

- മാതാപിതാക്കളെ അനുസരിക്കുക
- ഗുരുക്കന്മാരെ ആദരിക്കുക
- മൃഗബലി ഒഴിവാക്കുക
- എല്ലാ മതവിശ്വാസങ്ങളോടും സഹിഷ്ണുത കാണിക്കുക
- സഹജീവികളോട് കരുണ കാണിക്കുക

മൗര്യകാലഘട്ടത്തിൽ സാമൂഹിക - സാമ്പത്തിക മേഖലകളിൽ വലിയ പുരോഗതി ഉണ്ടായിരുന്നു. നമ്മുടെ രാജ്യത്തിന്റെ ദേശീയ മുദ്ര അശോക ചക്രവർത്തി സാഞ്ചിയിൽ സ്ഥാപിച്ച സ്തംഭത്തിൽ നിന്നാണ് എടുത്തിരിക്കുന്നത്.

മൗര്യകാലത്തിനുശേഷം സി.ഇ. നാലാം നൂറ്റാണ്ടോടെ ഗംഗാതടത്തിൽ ശക്തി പ്രാപിച്ച മറ്റൊരു രാജവംശമായിരുന്നു ഗുപ്ത രാജവംശം. ചന്ദ്രഗുപ്തൻ ഒന്നാമനും രണ്ടാമനുമായിരുന്നു ഈ രാജവംശത്തിലെ പ്രമുഖർ. നിരവധി സംസ്കൃത കൃതികൾ

രചിക്കപ്പെട്ട ഇക്കാലത്ത് ജീവിച്ചിരുന്ന ഒൻപത് പണ്ഡിതന്മാർ നവരത്നങ്ങൾ എന്ന പേരിൽ അറിയപ്പെട്ടു.

പ്രാചീന ഇന്ത്യയുടെ പ്രധാന സവിശേഷതകൾ മനസിലാക്കിയല്ലോ? ഇനി മധ്യകാല ഇന്ത്യയിലേക്ക് കടക്കാം.



## മധ്യകാല ഇന്ത്യ - അധികാര കേന്ദ്രങ്ങൾ

സി.ഇ. എട്ടാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടം ഇന്ത്യാചരിത്രത്തിൽ പൊതുവെ മധ്യകാലഘട്ടം എന്നറിയപ്പെടുന്നു. ഡൽഹിയെ അധികാരകേന്ദ്രമാക്കാൻ ഭരണാധികാരികളെ പ്രേരിപ്പിച്ച ഘടകങ്ങൾ ശ്രദ്ധിക്കുമല്ലോ?

- ഫലഭൂയിഷ്ഠത
- പർവത സാമീപ്യം
- ജലലഭ്യത

സി.ഇ. എട്ടാം നൂറ്റാണ്ടിൽ തൊമര രാജാക്കന്മാരും തുടർന്ന് ചൗഹാന്മാരും ഡൽഹി കേന്ദ്രമാക്കി ഭരണം നടത്തി. ചൗഹാന്മാരിൽ അവസാനത്തെ രാജാവായിരുന്ന പൃഥ്വിരാജ് ചൗഹാനെ കീഴടക്കി ഘോറിലെ മുഹമ്മദ് ഡൽഹി പിടിച്ചെടുത്തു. സി.ഇ. 1206-ൽ കുത്ബുദ്ദീൻ ഡൽഹി കേന്ദ്രമാക്കി മംലൂക് (അടിമ വംശം) രാജവംശം സ്ഥാപിച്ചു. സി.ഇ. 1206 മുതൽ സി.ഇ. 1526 വരെയുള്ള കാലഘട്ടം സുൽത്താനേറ്റ് കാലം എന്നറിയപ്പെടുന്നു.

ഈ കാലഘട്ടത്തിലെ ഭരണ വംശങ്ങളുടെയും പ്രധാന ഭരണാധികാരികളുടെയും പേരുകൾ ചുവടെ നൽകിയിരിക്കുന്നു.

| രാജവംശം | പ്രധാനപ്പെട്ട ഭരണാധികാരികൾ |
|---|---|
| മംലൂക് (അടിമ) വംശം | കുത്ബുദ്ദിൻ ഐബക്, ഇൽതുമിഷ്, ബാൽബൻ |
| ഖിൽജി വംശം | അലാവുദ്ദിൻ ഖിൽജി |
| തുഗ്ലക് വംശം | മുഹമ്മദ് ബിൻ തുഗ്ലക്, ഫിറോഷ് ഷാ തുഗ്ലക് |
| സയ്യിദ് വംശം | ഖിസിർ ഖാൻ |
| ലോദി വംശം | ഇബ്രാഹിം ലോദി |

**ഡൽഹിയെ അധികാരകേന്ദ്രമാക്കാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം?**

സി.ഇ. 1526-ൽ ഡൽഹിക്കടുത്തുള്ള പാനിപ്പത്തിൽ വച്ച് അവസാനത്തെ സുൽത്താനേറ്റ് ഭരണാധികാരിയായിരുന്ന ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തി മുഗൾവംശ സ്ഥാപകനായ ബാബർ അധികാരം പിടിച്ചെടുത്തു. മുഗൾ വംശത്തിലെ പ്രധാനപ്പെട്ട ഭരണാധികാരികളും അവരുടെ ഭരണകാലഘട്ടവും ചുവടെ നൽകിയിരിക്കുന്നു.

| ഭരണാധികാരികൾ | കാലഘട്ടം |
|---|---|
| ബാബർ | സി.ഇ. 1526 - 1530 |
| ഹുമയൂൺ | സി.ഇ. 1530 - 1540<br>സി.ഇ. 1555 - 1556 |
| അക്ബർ | സി.ഇ. 1556 - 1605 |
| ജഹാംഗീർ | സി.ഇ. 1605 - 1627 |
| ഷാജഹാൻ | സി.ഇ. 1627 - 1658 |
| ഔറംഗസേബ് | സി.ഇ. 1658 - 1707 |



ബാബർ ഹുമയൂൺ അക്ബർ



ജഹാംഗീർ ഷാജഹാൻ ഔറംഗസേബ്

മുഗൾ സാമ്രാജ്യത്തിലെ ഏറ്റവും പ്രമുഖനായ ഭരണാധികാരിയായിരുന്നു അക്ബർ ചക്രവർത്തി. സാമ്രാജ്യത്തിന്റെ സുരക്ഷയ്ക്കായി ശക്തമായ സൈന്യത്തെ നിലനിർത്തി. ഇതിനുവേണ്ടി അദ്ദേഹം നടപ്പിലാക്കിയ സമ്പ്രദായമാണ് മാൻസബ്ദാരി സമ്പ്രദായം. മുഗൾ സാമ്രാജ്യം ഏറ്റവും വിസ്തൃതി പ്രാപിച്ചത് ഔറംഗസേബിന്റെ കാലത്തായിരുന്നു. ഔറംഗസേബിനു ശേഷം മുഗൾ സാമ്രാജ്യം ദുർബലമായി.

## ദക്ഷിണേന്ത്യയിലെയും പശ്ചിമേന്ത്യയിലെയും അധികാരകേന്ദ്രങ്ങൾ

മധ്യകാല ഇന്ത്യയിൽ ഉത്തരേന്ത്യയിൽ എന്നതുപോലെ ദക്ഷിണേന്ത്യയിലും ശക്തമായ അധികാരകേന്ദ്രങ്ങൾ നിലനിന്നിരുന്നു. അവ ഏതെല്ലാമെന്ന് പരിശോധിക്കാം.

### *ചോളരാജ്യം*

സി.ഇ. ഒൻപതാം നൂറ്റാണ്ടോടെയാണ് ചോളരാജവംശം പ്രബലമായത്. ശക്തമായ നാവികസേന ഉണ്ടായിരുന്ന ചോള രാജാക്കന്മാരിൽ പ്രധാനികളായിരുന്നു രാജരാജ ചോളനും രാജേന്ദ്ര ചോളനും.

### *വിജയനഗരം*

സി.ഇ. പതിനാലാം നൂറ്റാണ്ടിൽ ഹരിഹരൻ, ബുക്കൻ എന്നിവർ സ്ഥാപിച്ച വിജയനഗര രാജ്യത്തിലെ ഏറ്റവും പ്രബലനായ ഭരണാധികാരി കൃഷ്ണദേവരായർ ആയിരുന്നു.

### *ബാഹ്മിനി രാജ്യം*

അലാവുദ്ദിൻ ഹസ്സൻ ബാഹ്മൻ ഷാ ആയിരുന്നു ബാഹ്മിനി രാജ്യ

ത്തിന്റെ സ്ഥാപകൻ. ദക്ഷിണേന്ത്യയിലെ നെല്ലറ എന്നറിയപ്പെടുന്ന കൃഷ്ണ, തുംഗഭദ്ര നദികൾക്കിടയിലെ റൈച്ചൂർ ഉൾപ്പെടുന്ന പ്രദേശം കൈവശപ്പെടുത്താൻ ബാഹ്മിനി സുൽത്താന്മാരും വിജയനഗര രാജാക്കന്മാരും തമ്മിൽ നിരന്തരം യുദ്ധങ്ങൾ നടന്നിരുന്നു.

### *മറാത്ത രാജ്യം*

സി.ഇ. പതിനേഴാം നൂറ്റാണ്ടിലാണ് പൂന ആസ്ഥാനമായി മറാത്തകൾ പ്രബല ശക്തികളായി മാറിയത്. ശിവജി ആയിരുന്നു മറാത്ത രാജ്യത്തിലെ പ്രധാന ഭരണാധികാരി. ഛത്രപതി എന്ന പേര് സ്വീകരിച്ച അദ്ദേഹത്തിന് ശക്തമായ കരസേനയും നാവികസേനയും ഉണ്ടായിരുന്നു.

**മധ്യകാലഘട്ടത്തിൽ ദക്ഷിണേന്ത്യയിൽ നിലനിന്നിരുന്ന പ്രബല ശക്തികൾ ഏതെല്ലാം?**

## കൃഷിയും കൈത്തൊഴിലും

മധ്യകാല ഇന്ത്യയിലെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയായിരുന്നു. പരുത്തി, ധാന്യങ്ങൾ, പയറുവർഗങ്ങൾ, നീലം, കരിമ്പ്, തുടങ്ങിയവയായിരുന്നു പ്രധാന വിളകൾ. കാർഷിക പുരോഗതിക്കായി ഭരണാധികാരികൾ പല നടപടികളും സ്വീകരിച്ചിരുന്നു. ജലസേചന സൗകര്യങ്ങൾ ഒരുക്കി, വിത്തുകൾ വിതരണം ചെയ്തു, നികുതിയിളവുകൾ നൽകി. ഉദ്യോഗസ്ഥർക്ക് ശമ്പളത്തിന് പകരമായി ഭൂമി നൽകുന്ന സമ്പ്രദായം സുൽത്താനേറ്റ് കാലത്തിൽ ഇഖ്ത്ത എന്ന പേരിലും മുഗൾ ഭരണകാലത്ത് ജാഗിർദാരി എന്ന പേരിലും നിലനിന്നിരുന്നു.

കൃഷിയോടൊപ്പം ലോഹപ്പണി, നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകളും നിലനിന്നിരുന്നു. വിദൂര പ്രദേശങ്ങളിലെ വ്യാപാരികളായ ചൈനക്കാർ, അറബികൾ, പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ, ഫ്രഞ്ചുകാർ തുടങ്ങിയവരുമായി വ്യാപാര ബന്ധം ഉണ്ടായിരുന്നു.

ഇന്ത്യയിൽനിന്നും വിദേശത്തേയ്ക്ക് കയറ്റി അയച്ചിരുന്നതിൽ പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ ആയിരുന്നു സുഗന്ധവ്യഞ്ജനങ്ങൾ, തുണിത്തരങ്ങൾ, തുകൽ, രത്നങ്ങൾ, ചന്ദനം, ലോഹങ്ങൾ, മുത്ത്, ആനക്കൊമ്പ് തുടങ്ങിയവ.

**കാർഷിക പുരോഗതിക്കായി മധ്യകാല ഇന്ത്യൻ ഭരണാധികാരികൾ കൈക്കൊണ്ട നടപടികൾ വിവരിക്കുക**

## ജനജീവിതം

സാമൂഹിക സാമ്പത്തിക അസമത്വങ്ങൾ അക്കാലത്ത് നിലനിന്നിരുന്നു. ഇതിന്റെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.

- ജാതി, ഉദ്യോഗം, സമ്പത്ത് തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് സാമൂഹിക പദവി നിർണയിക്കപ്പെട്ടിരുന്നത്
- സമൂഹത്തിൽ ഉയർന്ന പദവി അലങ്കരിച്ചിരുന്നത് രാജാക്കന്മാർ, പ്രഭുക്കന്മാർ, പുരോഹിതന്മാർ, ഉദ്യോഗസ്ഥന്മാർ തുടങ്ങിയവരായിരുന്നു
- കൈത്തൊഴിലിലും കൃഷിയിലും ഏർപ്പെട്ടിരുന്നവർ താഴേ തട്ടിലുള്ളവരായിരുന്നു
- ഓരോ ജാതിയിൽപ്പെട്ടവർക്കും അവരുടേതായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഉണ്ടായിരുന്നു
- സതി, ശൈശവ വിവാഹം തുടങ്ങിയ അനാചാരങ്ങൾ നിലനിന്നിരുന്നു

## വിജ്ഞാന മേഖല

മധ്യകാല ഇന്ത്യ വൈജ്ഞാനിക മേഖലയിൽ പുരോഗതി കൈവരിച്ചിരുന്നു. നിരവധി വിദ്യാകേന്ദ്രങ്ങൾ അക്കാലത്തു നിലനിന്നിരുന്നു. നളന്ദ സർവകലാശാല അവയിൽ ഏറ്റവും പ്രശസ്തമായിരുന്നു.

മറ്റു പ്രധാനപ്പെട്ട വിദ്യാകേന്ദ്രങ്ങളായിരുന്നു ബനാറസ്, ആഗ്ര, ലാഹോർ, കാഞ്ചി, മഥുര, ഡൽഹി തുടങ്ങിയവ. ജ്യോതിശാസ്ത്രം, ഗണിതശാസ്ത്രം എന്നീ വിജ്ഞാന മേഖലകളിൽ ഗണ്യമായ പുരോഗതി കൈവരിച്ചിരുന്നു. അക്കാലത്തെ ശ്രദ്ധേയമായ ഒരു ഗ്രന്ഥമായിരുന്നു ഭാസ്കരാചാര്യർ രചിച്ച ലീലാവതി. ഇന്ത്യയിൽനിന്നും നിരവധി കൃതികൾ പേർഷ്യൻ ഭാഷായിലേയ്ക്ക് തർജമ ചെയ്യപ്പെട്ടു.

ജയ്പൂർ, ഡൽഹി, ഉജ്ജയിനി, ബനാറസ് എന്നിവിടങ്ങളിൽ സ്ഥാപിച്ച വാനനിരീക്ഷണ കേന്ദ്രങ്ങളും പ്രശസ്തമായിരുന്നു.

**മധ്യകാല ഇന്ത്യയിലെ വൈജ്ഞാനിക പുരോഗതി വിവരിക്കുക**

## കലയും സാഹിത്യവും

മധ്യകാല ഇന്ത്യയിൽ ധാരാളം നിർമിതികൾ ഉയർന്നുവന്നിരുന്നു. ഒഡീഷയിലെ കൊണാർക്കിലെ സൂര്യക്ഷേത്രം, തമിഴ്നാട്ടിലെ കാഞ്ചീപുരത്തു പല്ലവ രാജാവായ നരസിംഹവർമ്മന്റെ കാലത്തു നിർമിച്ച പഞ്ചരഥങ്ങൾ, മഹാരാഷ്ട്രയിലെ എല്ലോറ ഗുഹകളിലെ ശിൽപ്പങ്ങൾ, ആസാമിലെ കാമാഖ്യ ക്ഷേത്രം, ചോളരാജാവായ രാജരാജൻ തഞ്ചാവൂരിൽ നിർമിച്ച ബൃഹദീശ്വര ക്ഷേത്രം ഇവയെല്ലാം തന്നെ മധ്യകാല വാസ്തുശിൽപ്പ ശൈലികൾക്കുദാഹരണങ്ങളാണ്. ക്ഷേത്രഭിത്തികളിൽ രാമായണം, മഹാഭാരതം, ഭാഗവതം എന്നിവയിലെ കഥാസന്ദർഭങ്ങളും യുദ്ധരംഗങ്ങളും ആലേഖനം ചെയ്തിരുന്നു.

ഡൽഹി സുൽത്താന്മാരുടെ കാലത്ത് ഇന്ത്യയിൽ രൂപംകൊണ്ട വാസ്തുവിദ്യാശൈലി ഇൻഡോ - ഇസ്ലാമിക് വാസ്തുവിദ്യാശൈലി എന്നറിയപ്പെടുന്നു.

ഈ ശൈലിയുടെ സവിശേഷതകളാണ് ചുവടെ നൽകിയിരിക്കുന്നത്.

- കമാനങ്ങളും താഴികക്കുടങ്ങളും മിനാരങ്ങളും
- അലങ്കാരത്തിനായി പുഷ്പങ്ങളുടെയും സസ്യങ്ങളുടെയും രൂപങ്ങൾ കൊത്തിവച്ചു
- കുമ്മായം, ചുവന്ന കല്ല്, മാർബിൾ എന്നിവ നിർമാണത്തിനായി ഉപയോഗിച്ചു
- നിർമിതികൾക്കൊപ്പം വിശാലമായ പൂന്തോട്ടം നിർമ്മിച്ചു
- ഈ ശൈലിക്ക് ഏറ്റവും നല്ല ഉദാഹരണമാണ് കുത്തബ് മിനാർ

ഇൻഡോ - ഇസ്ലാമിക് ശൈലി ഏറ്റവും കൂടുതൽ പ്രചാരത്തിലായതു മുഗൾ ഭരണകാലത്താണ്. ഹുമയൂൺ ചക്രവർത്തിയുടെ ശവകുടീരം, താജ്മഹൽ, ഡൽഹിയിലെ ചെങ്കോട്ട, ഡൽഹിയിലെ ജുമാ മസ്ജിദ്, ബാഹ്മിനി സുൽത്താന്മാരുടെ കാലത്ത് നിർമിച്ച ഗോൾഗുംബസ്, കുത്തബ് ഷാഹി സുൽത്താന്മാരുടെ കാലത്തു നിർമിച്ച ചാർമിനാർ തുടങ്ങിയവ ഈ ശൈലിക്ക് ഏറ്റവും നല്ല ഉദാഹരണങ്ങളാണ്.

വിജയനഗര രാജാക്കന്മാർ നിർമിച്ച പ്രധാന ക്ഷേത്രങ്ങളായ വിട്ടല സ്വാമി ക്ഷേത്രവും ഹസാര രാമസ്വാമി ക്ഷേത്രവും മുൻകാല നിർമിതിയിൽനിന്നും വ്യത്യസ്തമാണ്. ഇവയുടെ പ്രത്യേകതകളാണ്:

- ഈ ക്ഷേത്രങ്ങൾ പാറകൾ ചെത്തിമിനുക്കി നിർമിച്ച ബഹുനില ക്ഷേത്രങ്ങളാണ്
- ക്ഷേത്രങ്ങളോടു ചേർന്ന് മണ്ഡപങ്ങൾ നിർമിച്ചു
- ക്ഷേത്രങ്ങൾ വിപുലപ്പെടുത്തി

പതിനാറാംനൂറ്റാണ്ടിൽ പോർച്ചുഗീസുകാർ ഇന്ത്യയിൽ പരിചയപ്പെടുത്തിയ വാസ്തുവിദ്യാശൈലിയാണ് ഗോഥിക് ശൈലി. കൂർത്തഗോപുരങ്ങളും കമാനങ്ങളും ഈ ശൈലിയുടെ പ്രത്യേകതകളാണ്. കൊച്ചിയിലെ സെന്റ് ഫ്രാൻസിസ് പള്ളിയും ഗോവയിലെ ബോം ജീസസ് ബസലിക്ക

യും ഈ ശൈലിക്ക് ഉദാഹരണങ്ങളാണ്.

**മധ്യകാല ഇന്ത്യയിലെ വാസ്തുശിൽപ്പ ശൈലിയെക്കുറിച്ച് വിവരണം തയ്യാറാക്കുക**

## സാഹിത്യം

മധ്യകാല ഇന്ത്യയിൽ സാഹിത്യ പുരോഗതിക്കു ഗണ്യമായ സംഭാവന നൽകിയത് ഭക്തി പ്രസ്ഥാനവും സൂഫി പ്രസ്ഥാനവുമാണ്. മധ്യകാലഘട്ടത്തിൽ വികാസം പ്രാപിച്ച പ്രാദേശിക ഭാഷകളാണ് മലയാളം, തെലുങ്ക്, കന്നഡ, മറാത്തി, ഹിന്ദി, ബംഗാളി, ഗുജറാത്തി തുടങ്ങിയവ. ഇക്കാലത്ത് പ്രാദേശിക ഭാഷയിൽ രചിക്കപ്പെട്ട കൃതികളുടെയും സാഹിത്യകാരന്മാരുടെയും പേരുകൾ ചുവടെ നൽകിയിരിക്കുന്നു.


ഭക്തി പ്രസ്ഥാനം



സൂഫി പ്രസ്ഥാനം

| ഭാഷ | കൃതി | രചയിതാവ് |
|---|---|---|
| മലയാളം | അദ്ധ്യാത്മരാമായണം | എഴുത്തച്ഛൻ |
| ഹിന്ദി | രാമചരിതമാനസം | തുളസീദാസ് |
| കന്നഡ | വിക്രമാർജുനവിജയം (പമ്പ ഭാരതം) | പമ്പ |
| മറാത്തി | മറാത്തി ഭാഗവതം | ഏക് നാഥ് |
| ഗുജറാത്തി | ഗുജറാത്തി ഭാഗവതം | പ്രേമാനന്ദ |
| തമിഴ് | ഇരമാവതാരം (കമ്പരാമായണം) | കമ്പർ |
| തെലുങ്ക് | മഹാഭാരതം | നന്നയ്യ |
| ഒഡിയ | ഒഡിയമഹാഭാരതം | സരളദാസ് |
| ബംഗാളി | ബംഗാളി രാമായണം | കൃതിവാസ ഓജ |

ഉറുദു ഭാഷയുടെ വളർച്ചയിൽ സൂഫി പ്രസ്ഥാനം വലിയ പങ്കു വഹിച്ചു. അറബി, പേർഷ്യൻ, ഇന്ത്യൻ പ്രാകൃത ഭാഷകളായ ഘടി ബോലി, ബ്രിജ് എന്നീ ഭാഷകൾ കൂടിച്ചേർന്നുണ്ടായതാണ് ഉറുദു ഭാഷ. മുഗൾ ഭരണകാലത്ത് രാമായണവും മഹാഭാരതവും ഉപനിഷത്തുകളും അഥർവ്വവേദവും പേർഷ്യൻ ഭാഷയിലേക്ക് തർജമ ചെയ്യപ്പെട്ടു.

### പഠനനേട്ടങ്ങൾ

- ചരിത്രവും ചരിത്രാതീതകാലവും വേർതിരിച്ചറിയുന്നു.
- ശിലായുഗ കാലഘട്ടത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്നു.
- ലോകത്തിലെ വെങ്കലയുഗ സംസ്കാരങ്ങൾ തിരിച്ചറിഞ്ഞ് അവയുടെ സവിശേഷതകൾ വിശകലനം ചെയ്യുന്നു.
- വേദകാലഘട്ടം വിവരിക്കുന്നു.
- ബുദ്ധമതവും ജൈനമതവും രൂപപ്പെടാനുണ്ടായ സാഹചര്യം വിലയിരുത്തുന്നു.
- മൗര്യന്മാരുടെ ഭരണകാലത്തെ സവിശേഷതകൾ വിലയിരുത്തുന്നു.
- ഗുപ്ത കാലഘട്ടത്തിലെ സാമൂഹിക-സാമ്പത്തിക ജീവിതത്തെ മൗര്യകാലഘട്ടവുമായി താരതമ്യം ചെയ്യുന്നു.
- മധ്യകാല ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ വികാസത്തിനും സാഹിത്യത്തിന്റെ വളർച്ചയ്ക്കും ഭക്തി, സൂഫി പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുന്നു.

### വിലയിരുത്തൽ ചോദ്യങ്ങൾ

- ചരിത്രകാലത്തെക്കുറിച്ച് മനസിലാക്കാൻ നമുക്ക് ലഭിക്കുന്ന തെളിവുകൾ എന്തെല്ലാം?
- ശിലായുഗത്തെ എപ്രകാരമാണ് തരംതിരിച്ചിരിക്കുന്നത്?
- ജൈന, ബുദ്ധമത തത്ത്വങ്ങൾ പട്ടികപ്പെടുത്തുക.
- ദക്ഷിണേന്ത്യയിലും പശ്ചിമേന്ത്യയിലും രൂപംകൊണ്ട അധികാര കേന്ദ്രങ്ങൾ ഏതെല്ലാം?
- മധ്യകാല ഇന്ത്യയിൽനിന്നും കയറ്റി അയച്ചിരുന്ന പ്രധാനപ്പെട്ട ഉൽപ്പന്നങ്ങൾ എന്തെല്ലാം?
- വിജയനഗര രാജാക്കന്മാരുടെ കാലത്തു നിർമിച്ച ക്ഷേത്രങ്ങളുടെ പ്രത്യേകതകൾ എന്തെല്ലാം?

### തുടർ പ്രവർത്തനം

- ചരിത്രാതീത അവശിഷ്ടങ്ങൾ കണ്ടെത്തിയ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ചരിത്രകാലവും ചരിത്രാതീത കാലവും വേർതിരിച്ചറിയുന്നു | | | |
| പ്രാചീന വെങ്കലയുഗ സംസ്കാരങ്ങൾ തിരിച്ചറിഞ്ഞ് സവിശേഷതകൾ പട്ടികപ്പെടുത്തുന്നു | | | |
| വേദകാലഘട്ടം വിവരിക്കുന്നു | | | |
| ബുദ്ധമതവും ജൈനമതവും രൂപപ്പെടാനുണ്ടായ സാഹചര്യം വിവരിക്കുന്നു | | | |
| മൗര്യന്മാരുടെ ഭരണകാലത്തെ സവിശേഷതകൾ തിരിച്ചറിയുന്നു | | | |
| മധ്യകാല ഇന്ത്യയിലെ പ്രാദേശിക ഭാഷകളുടെ വികസനത്തിനും സാഹിത്യത്തിന്റെ വളർച്ചയ്ക്കും ഭക്തി, സൂഫി പ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുന്നു | | | |



# നവീന ഇന്ത്യ

## അധ്യായം 2



നമുക്ക് പരിചയമുള്ള ചില കാർഷിക വിളകളുടെ ചിത്രങ്ങളാണ് മുകളിൽ തന്നിട്ടുള്ളത്. ഇവ ഇന്ത്യയിൽ പ്രചരിപ്പിച്ചത് ആരാണെന്നറിയാമോ? പോർച്ചുഗൽ എന്ന യൂറോപ്യൻ രാജ്യത്തിൽ നിന്നും കച്ചവടത്തിനായി പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനം ഇന്ത്യയിലെത്തിയവരാണ് ഈ വിളകൾ ഇവിടെ പ്രചരിപ്പിച്ചത്. പോർച്ചുഗീസുകാരെ കൂടാതെ വേറെയും യൂറോപ്യന്മാർ കച്ചവടത്തിനായി ഇന്ത്യയിലെത്തി. അവർ ആരൊക്കെയായിരുന്നുവെന്ന് നോക്കാം.

- ഡച്ചുകാർ
- ബ്രിട്ടീഷുകാർ
- ഫ്രഞ്ചുകാർ




ദീർഘകാലം ഈ യൂറോപ്യൻ ശക്തികൾ ഇന്ത്യയുമായുള്ള ബന്ധം നിലനിർത്തി. ഇത് വിവിധ മേഖലകളിൽ നിരവധി ഫലങ്ങൾ സൃഷ്ടിച്ചു. ആധിപത്യത്തിനായി ഇവർ പലപ്പോഴും പരസ്പരം ഏറ്റുമുട്ടി. എന്നാൽ ഇന്ത്യയിൽ ആധിപത്യം സ്ഥാപിക്കുന്നതിൽ അന്തിമമായി വിജയിച്ചത് ബ്രിട്ടീഷുകാരായിരുന്നു.

യൂറോപ്യന്മാർക്കു പുറമേ ഇന്ത്യയിലെ നാട്ടുരാജ്യങ്ങളേയും കീഴ്പ്പെടുത്തിയാണ് ബ്രിട്ടീഷുകാർ ആധിപത്യം സ്ഥാപിച്ചത്. ബ്രിട്ടീഷുകാർ പരാജയപ്പെടുത്തിയ പ്രധാന നാട്ടുരാജ്യങ്ങൾ ഏതെല്ലാമായിരുന്നുവെന്ന് നോക്കാം.

- ബംഗാൾ
- മൈസൂർ
- മറാത്ത
- പഞ്ചാബ്

## ഇന്ത്യയിലെ ബ്രിട്ടീഷ് ആധിപത്യം

ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ച ബ്രിട്ടീഷുകാർ പല ചൂഷണ നയങ്ങളും ഇവിടെ നടപ്പിലാക്കി. ഇത് വിവിധ വിഭാഗം ജനങ്ങളുടെ ജീവിതത്തെ ദുരിതപൂർണമാക്കി. ബ്രിട്ടീഷ് ഭരണത്തിന്റെ ചൂഷണം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വന്നത് കർഷകർക്കും ഗ്രോത്രജനതയ്ക്കും ആയിരുന്നു. അത് എങ്ങനെയായിരുന്നുവെന്ന് നോക്കാം.

**ബ്രിട്ടീഷ് ചൂഷണം**

**കർഷകർ**

- അമിത നികുതിഭാരം.
- നികുതി പണമായി നൽകണമെന്ന വ്യവസ്ഥ.
- ഇടനിലക്കാരുടെ ചൂഷണം.
- ഭക്ഷ്യവിളകൾക്ക് പകരം നാണ്യവിളകൾ കൃഷി ചെയ്യേണ്ടിവന്നു.

**ഗോത്രജനത**

- വനങ്ങൾ ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനിയുടെ നിയന്ത്രണത്തിലായി.
- വനവിഭവ ശേഖരണവും പരമ്പരാഗത കൃഷി രീതികളും തടസപ്പെട്ടു.
- റോഡ്, റെയിൽ എന്നിവയുടെ വ്യാപനം ഗോത്രജനതയുടെ ജീവിതത്തെ ദുസ്സഹമാക്കി.

തുടർന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കർഷകരും ഗോത്രജനതയും ബ്രിട്ടീഷുകാർക്കെതിരായി ചെറുത്തുനിൽപ്പ് സമരങ്ങൾ നടത്തി. അവയെ പരിചയപ്പെടാം.

| കലാപം | നടന്ന സ്ഥലം | വിഭാഗം |
|---|---|---|
| സന്യാസി കലാപം | ബംഗാൾ | കർഷകർ |
| ഫക്കീർ കലാപം | ബംഗാൾ | കർഷകർ |
| മാപ്പിള കലാപം | മലബാർ | കർഷകർ |
| സന്താൾ കലാപം | ബംഗാൾ | ഗോത്രജനത |
| കുറിച്യ കലാപം | വയനാട് | ഗോത്രജനത |

ഇതിനു പുറമേ അധികാരം നഷ്ടപ്പെട്ട നാട്ടുരാജാക്കന്മാരും ഭൂപ്രഭുക്കന്മാരും ബ്രിട്ടീഷുകാർക്കെതിരായി കലാപങ്ങൾ സംഘടിപ്പിച്ചു.

| കലാപം നടന്ന സ്ഥലം | നേതാക്കൾ |
|---|---|
| തിരുനെൽവേലി | വീരപാണ്ഡ്യ കട്ടബൊമ്മൻ |
| ശിവഗംഗ | മരുതു പാണ്ഡ്യൻ |
| മലബാർ | പഴശ്ശിരാജ |
| കർണ്ണാടകം | കിട്ടൂർ ചെന്നമ്മ |
| തിരുവിതാംകൂർ | വേലുത്തമ്പി ദളവ |
| കൊച്ചി | പാലിയത്തച്ചൻ |


പഴശ്ശിരാജ


വേലുത്തമ്പി ദളവ


കിട്ടൂർ ചെന്നമ്മ

**ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങൾ ബ്രിട്ടനെതിരായി സമരം നടത്താനുള്ള പശ്ചാത്തലം വിശകലനം ചെയ്യുക.**

### 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം

ബ്രിട്ടീഷ് ഭരണത്തിൽ അസംതൃപ്തരായ ഇന്ത്യയിലെ വിവിധ വിഭാഗം ജനങ്ങൾ സംഘടിതമായി 1857-ൽ കലാപം നടത്തി. ഇത് ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യസമരം എന്നറിയപ്പെടുന്നു. ബ്രിട്ടീഷ് പട്ടാളത്തിലെ ഇന്ത്യൻ സൈനികരും (ശിപായിമാർ) അധികാരം നഷ്ടപ്പെട്ട നാട്ടുരാജാക്കന്മാരുമാണ് പ്രധാനമായും ഇതിന് നേതൃത്വം നൽകിയത്. അവർ ആരൊക്കെയായിരുന്നുവെന്ന് നോക്കാം.

| നേതാക്കൾ | കലാപകേന്ദ്രങ്ങൾ |
|---|---|
| ബഹദൂർഷാ രണ്ടാമൻ | ഡൽഹി |
| നാനാസാഹിബ് | കാൺപൂർ |
| റാണി ലക്ഷ്മിബായി | ഝാൻസി |
| ബീഗം ഹസ്റത്ത് മഹൽ | ലക്നൗ |
| മൗലവി അഹമ്മദുല്ല | ഫൈസാബാദ് |


ബഹദൂർഷാ രണ്ടാമൻ


നാനാസാഹിബ്


റാണി ലക്ഷ്മിബായി


ബീഗം ഹസ്റത്ത് മഹൽ


മൗലവി അഹമ്മദുല്ല




1857-ലെ ഒന്നാം സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന കേന്ദ്രങ്ങൾ

1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം പരാജയപ്പെട്ടുവെങ്കിലും ബ്രിട്ടീഷ് ഭരണത്തിനെതിരായ വികാരം ജനങ്ങളിൽ എത്തിക്കാൻ ഇതിന് കഴിഞ്ഞു. മതത്തിന് അതീതമായി ഇന്ത്യൻ ജനത ഉയർത്തിയ ഐക്യബോധത്തിന്റെ പ്രതീകം കൂടിയായിരുന്നു ഈ സമരം.

**ഇന്ത്യയുടെ ചരിത്രത്തിൽ 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിനുള്ള പ്രാധാന്യം വിലയിരുത്തുക.**

## സാമൂഹിക പരിഷ്കരണം




ഇന്ത്യയിൽ നിലനിന്നിരുന്ന ചില അനാചാരങ്ങളാണ് മുകളിൽ പരാമർശിക്കുന്നത്.

- എന്തുകൊണ്ടായിരിക്കാം അവ അന്ന് നിലനിന്നിട്ടുണ്ടാവുക?
- ഇന്ന് അവ എവിടെയെങ്കിലും നിലനിൽക്കുന്നതായി നിങ്ങൾക്കറിയാമോ?

- ഇത്തരം ദുരാചാരങ്ങൾക്കെതിരായി പ്രവർത്തിച്ച പരിഷ്കർത്താക്കളെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ?

പത്തൊൻപതാം നൂറ്റാണ്ടോടെ ഇന്ത്യയിൽ നിലനിന്ന അനാചാരങ്ങൾക്കെതിരെ നിരവധി പരിഷ്കരണ പ്രസ്ഥാനങ്ങൾ രൂപംകൊണ്ടു. ആ പ്രസ്ഥാനങ്ങളേയും അവയ്ക്ക് നേതൃത്വം നൽകിയവരേയും പരിചയപ്പെടാം.

| സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ | നേതാക്കൾ |
|---|---|
| ബ്രഹ്മസമാജം | രാജാറാം മോഹൻറോയ് |
| ആര്യസമാജം | സ്വാമി ദയാനന്ദസരസ്വതി |
| സത്യശോധക് സമാജ് | ജോതിറാവു ഫൂലെ |
| രാമകൃഷ്ണ മിഷൻ | സ്വാമി വിവേകാനന്ദൻ |
| ആര്യ മഹിളാസഭ | പണ്ഡിത രമാബായ് |
| അലിഗഡ് പ്രസ്ഥാനം | സർ സയ്യദ് അഹമ്മദ്ഖാൻ |
| സ്വാഭിമാന പ്രസ്ഥാനം | ഇ.വി.രാമസ്വാമി നായ്ക്കർ |
| പ്രാർത്ഥനാ സമാജം | ആത്മാറാം പാണ്ഡുരംഗ് |



*രാജാറാം മോഹൻറോയ്*



*സ്വാമി ദയാനന്ദ സരസ്വതി*



*ജോതിറാവു ഫൂലെ*



*സ്വാമി വിവേകാനന്ദൻ*



*പണ്ഡിത രമാബായ്*



*സർ സയ്യദ് അഹമ്മദ്ഖാൻ*



*ഇ.വി.രാമസ്വാമി നായ്ക്കർ*



*ആത്മാറാം പാണ്ഡുരംഗ്*

**ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കുന്നതിൽ വിവിധ സാമൂഹ്യ പരിഷ്കർത്താക്കൾ വഹിച്ച പങ്ക് വിശകലനം ചെയ്യുക.**

## ദേശീയതയുടെ വളർച്ചയും ദേശീയ പ്രസ്ഥാനവും









തന്നിട്ടുള്ള ചിത്രങ്ങളുടെ പ്രത്യേകതകൾ കണ്ടെത്താമോ? ഇന്ത്യയുടെ ദേശീയ പതാക, ദേശീയ ചിഹ്നം, ദേശീയ മൃഗം, ദേശീയ പക്ഷി എന്നിവയാണ് ചിത്രങ്ങളിലുള്ളത്. എന്താണ് ദേശീയത എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? എല്ലാ വ്യത്യാസങ്ങൾക്കുമപ്പുറം ഇന്ത്യാക്കാരെല്ലാം ഒരൊറ്റ ജനതയാണെന്ന ബോധത്തെയാണ് ദേശീയത എന്ന് വിശേഷിപ്പിക്കുന്നത്. പത്തൊൻപതാം നൂറ്റാണ്ടോടെയാണ് ഇന്ത്യയിൽ ദേശീയബോധം ശക്തമാകുന്നത്. വിവിധ ഘടകങ്ങൾ ഇതിന് കാരണമായി. അവയിൽ ചിലതിനെ പരിചയപ്പെടാം.

- സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ.
- ബ്രിട്ടീഷുകാരുടെ ചൂഷണം.
- ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ വ്യാപനം.
- ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങൾ.

ദേശീയബോധത്തിന്റെ ആവിർഭാവം ബ്രിട്ടീഷുകാരിൽനിന്നും മോചനം നേടാൻ ഇന്ത്യൻ ജനതയെ പ്രേരിപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വ്യത്യസ്ത പ്രസ്ഥാനങ്ങൾ നിലവിൽ വന്നു.

**ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ ചർച്ച ചെയ്യുക.**

## ഇന്ത്യൻ നാഷണൽ കോൺഗ്രസ്



മുകളിൽ തന്നിട്ടുള്ള ചിത്രം ശ്രദ്ധിക്കൂ. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിന് പ്രധാന നേതൃത്വം വഹിച്ച ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന സംഘടനയുടെ ആദ്യ സമ്മേളനത്തിന്റെ ചിത്രമാണിത്. 1885-ൽ ബോംബെയിൽ വച്ചാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപീകൃതമായത്. അതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് നോക്കാം.

- ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ ബ്രിട്ടീഷുകാരുടെ ശ്രദ്ധയിൽപ്പെടുത്തുക.
- ജാതി-മത-പ്രാദേശിക ചിന്തകൾക്കതീതമായി ഇന്ത്യക്കാരിൽ ദേശീയബോധം വളർത്തുക.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ രൂപീകരണം ബ്രിട്ടീഷ് വിരുദ്ധ ദേശീയ സ്വാതന്ത്ര്യസമരത്തിന് ശക്തി പകർന്നു. ഇന്ത്യയുടെ ദേശീയസമരത്തെ മൂന്ന് ഘട്ടങ്ങളായി തിരിക്കാവുന്നതാണ്. അവ ഏതൊക്കെയെന്ന് നോക്കാം.

**ഇന്ത്യൻ ദേശീയ പ്രസ്ഥാനം**

| കാലഘട്ടം | പ്രധാന നേതാക്കൾ | സമരരീതി |
|---|---|---|
| മിതവാദി ഘട്ടം 1885–1905 | ദാദാബായി നവറോജി, ഗോപാലകൃഷ്ണ ഗോഖലെ, ബദറുദ്ദീൻ തിയ്യബ്ജി, ഫിറോസ്ഷാ മേത്ത | പരാതികൾ, പ്രമേയങ്ങൾ, പ്രതിഷേധങ്ങൾ എന്നിവയിലൂടെ പൊതു ആവശ്യങ്ങൾ ബ്രിട്ടീഷ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രമിച്ചു. |
| തീവ്രദേശീയതയുടെ കാലഘട്ടം 1905–1916 | ബാലഗംഗാധര തിലക്, ബിപിൻ ചന്ദ്രപാൽ, ലാലാ ലജ്പത് റായ് | ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി കടുത്ത നിലപാടുകൾ സ്വീകരിച്ചു. |
| ഗാന്ധിയൻ കാലഘട്ടം 1917–1947 | മഹാത്മാഗാന്ധി | അഹിംസ, സത്യഗ്രഹം എന്നീ ആശയങ്ങളിലധിഷ്ഠിതമായി ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സമരം. |

**ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ മിതവാദി ഘട്ടവും തീവ്രദേശീയതയുടെ കാലഘട്ടവും താരതമ്യം ചെയ്യുക.**

## ഗാന്ധിയൻ കാലഘട്ടം



ഇന്ത്യയുടെ ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി നടത്തിയ ഐതിഹാസികമായ ഒരു സമരത്തിന്റെ ചിത്രമാണിത്. സമരം ഏതെന്നറിയാമോ?

1930-ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ഉപ്പ് സത്യഗ്രഹത്തിന്റെ ചിത്രമാണിത്. ഗാന്ധിജിയുടെ സമരങ്ങളുടെ പ്രധാന സവിശേഷതയായിരുന്നു സത്യഗ്രഹം എന്ന് നമ്മൾ കണ്ടല്ലോ. 1917 മുതലാണ് ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ സത്യഗ്രഹ സമരങ്ങൾ ആരംഭിച്ചത്. ആദ്യകാല സമരങ്ങൾ ഏതൊക്കെയായിരുന്നുവെന്ന് നോക്കാം.

| സമരങ്ങൾ | വർഷം | സ്ഥലം |
|---|---|---|
| ചമ്പാരൻ സത്യഗ്രഹം | 1917 | ബീഹാർ |
| ഖേഡ കർഷക സമരം | 1918 | ഗുജറാത്ത് |
| അഹമ്മദാബാദ് മിൽ സമരം | 1918 | ഗുജറാത്ത് |

ഗാന്ധിജിയുടെ നേതൃത്വത്തിലുള്ള ദേശീയ സമരങ്ങൾക്ക് മൂന്ന് ഘട്ടങ്ങൾ ഉണ്ടായിരുന്നു. അവ ഏതൊക്കെയെന്ന് നോക്കാം.

| സമരം | ആരംഭിച്ച വർഷം | സമരരീതി/ആവശ്യങ്ങൾ |
|---|---|---|
| നിസ്സഹകരണ സമരം | 1920 | • വിദേശ വസ്തുക്കൾ ബഹിഷ്കരിക്കുക.<br>• തദ്ദേശീയമായ ഉൽപ്പന്നങ്ങൾ നിർമിക്കുക.<br>• ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക.<br>• ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കുക.<br>• നികുതി നൽകാതിരിക്കുക.<br>• തിരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക. |
| സിവിൽ നിയമ ലംഘന സമരം | 1930 | • ഉപ്പു നികുതി എടുത്ത് കളയുക.<br>• കൃഷിക്കാർക്ക് നികുതി ഇളവ് നൽകുക.<br>• രാഷ്ട്രീയത്തടവുകാരെ വിട്ടയക്കുക.<br>• സൈനിക ചെലവ് വെട്ടിക്കുറയ്ക്കുക.<br>• സമ്പൂർണ മദ്യനിരോധനം നടപ്പിലാക്കുക. |
| ക്വിറ്റ് ഇന്ത്യാ സമരം | 1942 | • കർഷകർ ഭൂനികുതി അടയ്ക്കരുത്.<br>• വിദ്യാർത്ഥികൾ ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കണം.<br>• നാട്ടുരാജാക്കന്മാർ സ്വന്തം ജനങ്ങളുടെ പരമാധികാരത്തെ അംഗീകരിക്കണം.<br>• ബ്രിട്ടീഷുകാർ ഇന്ത്യ വിട്ട് പോകണം. |

ഈ സമരങ്ങളുടെ എല്ലാം ഭാഗമായാണ് ദീർഘകാലത്തെ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നുള്ള മോചനത്തോടെ ഇന്ത്യ ഒരു പുതുയുഗത്തിലേക്ക് കടന്ന് 1947-ൽ ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചത്.



**ഗാന്ധിയൻ സമരങ്ങളുടെ പ്രാധാന്യം ചർച്ച ചെയ്യുക.**



## പഠനനേട്ടങ്ങൾ

- ഇന്ത്യയിലെ ബ്രിട്ടീഷാധിപത്യത്തിന്റെ പശ്ചാത്തലം വിശകലനം ചെയ്യുന്നു.
- ഇന്ത്യയിൽ ബ്രിട്ടീഷുകാർക്കെതിരായി നടന്ന വിവിധ ചെറുത്തുനിൽപ്പ് സമരങ്ങളെ വിലയിരുത്തുന്നു.
- 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു.
- ഇന്ത്യയിലെ വിവിധ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളെ തിരിച്ചറിയുന്നു.
- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങൾ വിശദമാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഇന്ത്യയിലെ ഗോത്രജനത ബ്രിട്ടീഷുകാർക്കെതിരെ കലാപം നടത്തിയതെന്തുകൊണ്ട്?
- ചുവടെ തന്നിട്ടുള്ള പട്ടിക ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| സന്യാസി കലാപം | വയനാട് |
| കുറിച്യ കലാപം | ശിവഗംഗ |
| മരുതു പാണ്ഡ്യൻ | കർണ്ണാടകം |
| കിട്ടൂർ ചെന്നമ്മ | ബംഗാൾ |

- ഇന്ത്യൻ ദേശീയതയുടെ ആവിർഭാവത്തിന് വഴിതെളിച്ച ഘടകങ്ങൾ വിശകലനം ചെയ്യുക.
- ചുവടെ തന്നിട്ടുള്ളതിൽ 'എ' വിഭാഗത്തിലെ രണ്ട് ഭാഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധം മനസിലാക്കി അതുപോലെ 'ബി' വിഭാഗം പൂർത്തിയാക്കുക.

  *എ)* ഡൽഹി : ബഹദൂർഷാ രണ്ടാമൻ
  *ബി)* കാൺപൂർ : ____________________
  *എ)* ഝാൻസി : റാണി ലക്ഷ്മിബായി
  *ബി)* ലക്നൗ : ____________________
  *എ)* ആഗ്ര : കൻവർ സിംഗ്
  *ബി)* ഫൈസാബാദ് : ____________________
  *എ)* പഴശ്ശിരാജ : മലബാർ
  *ബി)* വേലുത്തമ്പി ദളവ : ____________________

- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ വിവിധ ഘട്ടങ്ങൾ വ്യക്തമാക്കുക.
- ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന ഇന്ത്യൻ ദേശീയ സമരം വിശദമാക്കുക.

- ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിലെ മിതവാദി കാലഘട്ടവും തീവ്രദേശീയതയുടെ കാലഘട്ടവും താരതമ്യം ചെയ്യുക.
- ചുവടെ തന്നിട്ടുള്ളവയെ കാലഗണനാ ക്രമത്തിലാക്കുക.
  ക്വിറ്റ് ഇന്ത്യാ സമരം, ചമ്പാരൻ സത്യഗ്രഹം
  നിസ്സഹകരണ സമരം, ഖേഡ കർഷക സമരം

## തുടർ പ്രവർത്തനം

- മഹാത്മാഗാന്ധി രചിച്ചതും അദ്ദേഹത്തെ കുറിച്ച് മറ്റുള്ളവർ രചിച്ചതുമായ കൃതികളുടെ പേരുകളും ചിത്രങ്ങളും ഉൾക്കൊള്ളിച്ച് ഒരു പതിപ്പ് തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഇന്ത്യയിലെ യൂറോപ്യന്മാരുടെ കടന്നുവരവ് | | | |
| ബ്രിട്ടീഷ് ആധിപത്യത്തിന്റെ പശ്ചാത്തലം | | | |
| ഇന്ത്യയിൽ നടന്ന വിവിധ ചെറുത്തുനിൽപ്പ് സമരങ്ങൾ | | | |
| 1857-ലെ ഒന്നാം സ്വാതന്ത്ര്യസമരം | | | |
| സാമൂഹിക മതപരിഷ്കരണ പ്രസ്ഥാനങ്ങൾ | | | |
| ദേശീയ പ്രസ്ഥാനം | | | |



# തിരിഞ്ഞുനോക്കാം തിരിച്ചറിയാം

അധ്യായം 3

ഇതാണ് നേപ്പിയർ കാഴ്ചബംഗ്ലാവ്. കേരള സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. തിരുവനന്തപുരത്തെ മൃഗശാലയ്ക്കു സമീപം സ്ഥിതി ചെയ്യുന്നു. പാളയത്ത് ബസ്സിറങ്ങി നടന്നു പോകാവുന്ന ദൂരമേയുള്ളൂ ഈ സ്ഥാപനത്തിലേക്ക്. നിങ്ങളിൽ എത്ര പേർ ഈ സ്ഥാപനത്തിനുള്ളിൽ കയറിയിട്ടുണ്ട്? എന്താണവിടെ കണ്ടത്?

കേരള സംസ്ഥാന പുരാവസ്തു വകുപ്പിനു കീഴിൽ 12 മ്യൂസിയങ്ങൾ പ്രവർത്തിക്കുന്നു. അവ ഏതൊക്കെ എന്നറിയണ്ടേ?

- കുഞ്ഞാലി മരയ്ക്കാർ സ്മാരക മ്യൂസിയം, കോട്ടയ്ക്കൽ
- പഴശ്ശിരാജാ മ്യൂസിയം, കോഴിക്കോട്
- പഴശ്ശി കുടീരം, മാനന്തവാടി
- ശക്തൻ തമ്പുരാൻ സ്മാരക മ്യൂസിയം, തൃശൂർ
- കൊല്ലങ്കോട് കൊട്ടാരം മ്യൂസിയം, ചെമ്പൂക്കാവ്
- ഹിൽ പാലസ് മ്യൂസിയം, തൃപ്പൂണിത്തുറ
- സിനഗോഗ്, ചേന്ദമംഗലം
- കൃഷ്ണപുരം കൊട്ടാരം, കായംകുളം
- വേലുത്തമ്പി ദളവ സ്മാരക മ്യൂസിയം, മണ്ണടി
- കൊട്ടാരക്കര തമ്പുരാൻ സ്മാരക ക്ലാസിക്കൽ കലാ മ്യൂസിയം, കൊട്ടാരക്കര
- കോയിക്കൽ കൊട്ടാരം, നെടുമങ്ങാട്
- പത്മനാഭപുരം കൊട്ടാരം, തക്കല, കന്യാകുമാരി

മേൽപ്പറഞ്ഞവയിൽ നിങ്ങളുടെ പ്രദേശത്തിന് ഏറ്റവും അടുത്തുള്ള മ്യൂസിയം ഏതാണ്? ഒരു സന്ദർശനമായാലോ?

''ഒരുടഞ്ഞ മൺഭരണിയിൽ എന്റെ മുത്തച്ഛ-നൊരുപാടു കഥകൾ കുറിച്ചിരിക്കുന്നു...''

പ്രൊഫ. പി.മധുസൂദനൻ നായർ എഴുതിയ ഈ വരികളിൽ സൂചിപ്പിക്കപ്പെടുന്ന ആശയം എന്താണ്? മ്യൂസിയവുമായി ഒന്നു ബന്ധിപ്പിച്ചാലോ?



*നന്നങ്ങാടി*



*ചീനഭരണി*



*മൺപാത്രങ്ങൾ*

നന്നങ്ങാടികൾ ശവസംസ്കാര കലശങ്ങളായിരുന്നു. ചീനഭരണി, മൺപാത്രങ്ങൾ എന്നിവ മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചിരിക്കുന്നു.

- ഇവ ഉപയോഗിച്ചിരുന്ന കാലമേത്?
- ഇവ കണ്ടെത്തിയതെവിടെ നിന്ന്?
- എങ്ങനെ ഇവ മ്യൂസിയങ്ങളിൽ എത്തിച്ചേർന്നു?

ചിത്രം നോക്കൂ.



കൊടുങ്ങല്ലൂരിനു സമീപമുള്ള പട്ടണം എന്ന പ്രദേശത്തു നടക്കുന്ന ഖനനത്തിന്റെ ചിത്രങ്ങളാണിവ. ഇവിടെ നിന്നും ധാരാളം നാണയങ്ങളും മൺപാത്രങ്ങളുമൊക്കെ കണ്ടെത്തിയിട്ടുണ്ട്. നൂറ്റാണ്ടുകളുടെ പഴക്കം അവകാശപ്പെടാവുന്ന ചരിത്രത്തെളിവുകളാണ് കുഴിച്ചെടുത്തത്. ചരിത്രത്തെളിവുകൾ ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. അതായത് പണ്ടു നടന്ന ചില സംഭവങ്ങളെക്കുറിച്ച് നമുക്ക് അറിവു നൽകുന്നു.

## നാണയം പറഞ്ഞ കഥ

ചില ലോഹനാണയങ്ങളുടെ ചിത്രം നോക്കൂ.

- എന്താണ് അതിൽ ആലേഖനം ചെയ്തിരിക്കുന്നത്?
- എന്താണ് അതിലെ ഭാഷ?
- ഏതു ലോഹമാണത്?



*നാണയങ്ങൾ*

- വ്യക്തികളുടെ സൂചനയുണ്ടോ?
- ആയുധങ്ങളോ വാദ്യോപകരണങ്ങളോ കാണുന്നുണ്ടോ?

ഇതിൽനിന്നും അക്കാലത്തെക്കുറിച്ച് നമുക്ക് എന്തൊക്കെ ഊഹിക്കാൻ കഴിയും?

മേൽപ്പറഞ്ഞ മേഖലകളെക്കുറിച്ച് ആഴത്തിൽ പഠിക്കുന്ന ഗവേഷകരുണ്ട്. അവർ പ്രാചീന ഭാഷകൾ പഠിച്ചും ശാസ്ത്രീയമായി പരീക്ഷണങ്ങളുടെ സഹായത്തോടെ വസ്തുക്കളുടെ പഴക്കം കണ്ടെത്തിയും ചരിത്രവസ്തുതകളെ കൃത്യമായി പറയാൻ ശ്രമിക്കുന്നു. പുരാവസ്തു ഗവേഷകരും നരവംശ ശാസ്ത്രജ്ഞരും ചരിത്രകാരന്മാരും ചേർന്നാണ് പഴയ സംഭവങ്ങളെ വ്യാഖ്യാനിക്കുന്നത്. മൺമറഞ്ഞുപോയ നൂറുകണക്കിനു തലമുറകളുടെ ചരിത്രംചെപ്പേടുകളിൽനിന്നുംനാണയങ്ങളിൽ നിന്നും താളിയോലകളിൽ നിന്നും പുനർജനിക്കുന്നു. ഇങ്ങനെയാണ് ചരിത്രം സൃഷ്ടിക്കപ്പെടുന്നത്. ഗവേഷകർ നിർമ്മിച്ചെടുക്കുന്ന



*ചെപ്പേട്*

നമ്മുടെ പൂർവികരുടെ കഥ നമുക്ക് അത്രു തത്തോടെ മാത്രമേ നോക്കിക്കാണാൻ കഴിയൂ.

## പണ്ടു പണ്ടൊരു കാലം

മുത്തശ്ശിക്കഥകൾ തുടങ്ങുന്നത് ഇങ്ങനെയായിരുന്നു.

പണ്ടു പണ്ട് ഒരിടത്ത് ഒരു രാജാവുണ്ടായിരുന്നു...

എന്താണ് പണ്ടു പണ്ട്?

എത്രത്തോളം പിറകിലേക്ക് നമുക്കു പോകാൻ കഴിയും?

നൂറു വർഷം?

ആയിരം വർഷം?

ഭൂമി ഉണ്ടായിടത്തോളം?

## ശിലായുഗം

കല്ല് ആയുധമായോ ഉപകരണമായോ ഉപയോഗിച്ചിരുന്ന കാലമാണ് ശിലായുഗം. ചരിത്രകാരന്മാർ ഇതിനെ രണ്ടായി തിരിക്കുന്നു. മൂർച്ചയുള്ള പരുക്കൻ കല്ലുകൾ ആയുധമായി ഉപയോഗിക്കപ്പെട്ടിരുന്ന കാലമാണ് പ്രാചീന ശിലായുഗം. കേരള ചരിത്രത്തിൽ ഈ കാലം വ്യക്തമായിട്ടില്ല.



*പരുക്കൻ കല്ലുകൾ*

നവീന ശിലായുഗമെന്നു വിളിക്കുന്ന കുറച്ചുകൂടി നമ്മളോട് അടുത്തുനിൽക്കുന്ന കാലത്തിൽ ആദിമനുഷ്യർ മിനുസപ്പെടുത്തിയ ശിലായുധങ്ങൾ ഉപയോഗിച്ചുപോന്നു. കാലി വളർത്തൽ, കാടുചുട്ട് കൃഷി ചെയ്യൽ എന്നിവ സാവധാനം വളർന്നതും ഇക്കാലത്താണ്.

ചെറിയ മുനയുള്ളകല്ലുകൾ, മരക്കൊമ്പിൽ ചേർത്തുവച്ചുണ്ടാക്കിയ ചെറുകൽക്കോടാലി മുതലായവ കേരളത്തിന്റെ ചില ഭാഗങ്ങളിൽനിന്നും കിട്ടിയിട്ടുണ്ട്. എങ്കിലും ഇരുമ്പുപകരണങ്ങൾ കൂടി ഉപയോഗപ്പെടുത്തിയ ഒരു കാലഘട്ടമാണ് കേരളചരിത്രത്തിൽ കാണാൻ കഴിയുക.



**നൂറ്റാണ്ട്**

നൂറുവർഷങ്ങൾ ചേരുന്നതാണ് നൂറ്റാണ്ട്. 1 മുതൽ 100 വരെ ഒന്നാം നൂറ്റാണ്ട്. 101 മുതൽ 200 വരെ രണ്ടാം നൂറ്റാണ്ട്. 1701 മുതൽ 1800 വരെ 18-ാം നൂറ്റാണ്ട്. എന്നാൽ 2018 എത്രാം നൂറ്റാണ്ടിലാണ്?

**ബി.സി.ഇ. - സി.ഇ.**

നൂറ്റാണ്ട് എന്ന ബോക്സ് ശ്രദ്ധിച്ചില്ലേ? അതിൽ പറയുന്ന ഓരോ വർഷവും നൂറ്റാണ്ടും സി.ഇ. (കോമൺ ഇറ) ചേർത്തു പറയാം. സി.ഇ. ഒന്നിനു മുമ്പുള്ള വർഷങ്ങൾ, നൂറ്റാണ്ടുകൾ എന്നിവ പറയുമ്പോൾ ബി.സി.ഇ. (ബിഫോർ കോമൺ ഇറ) എന്നു ചേർക്കണം.

## മഹാശിലാ സംസ്കാര കാലഘട്ടം

പ്രാചീന കേരളത്തിൽ പശ്ചിമഘട്ട മലയോരങ്ങളിൽനിന്നാണ് മനുഷ്യാവാസത്തിന്റെ കഥ ആരംഭിക്കുന്നത്. ലഘുശിലകളുമായി ബന്ധപ്പെട്ട ചില സൂചനകൾക്കുശേഷം പ്രാചീന കേരളത്തിലെ മനുഷ്യാവാസത്തെക്കുറിച്ചുള്ള പ്രധാന തെളിവുകൾ കിട്ടുന്നത് മഹാശിലാ സ്മാരകങ്ങളുമായി ബന്ധപ്പെട്ടാണ്. ബി.സി.ഇ. 500-നും സി.ഇ. 300-നും ഇടയ്ക്കുള്ള കാലഘട്ടമാണ് മഹാശിലാ സ്മാരകങ്ങളുടെ കാലമെന്ന് ചരിത്രകാരന്മാർ പറയുന്നത്. ഈ കാലഘട്ടത്തിൽ മൃതദേഹങ്ങൾ അടക്കം ചെയ്യുന്നതിനു മുകളിൽ വലിയ കല്ലുകൾ സ്ഥാപിച്ചിരുന്നു. പ്രത്യേക ആകൃതിയിൽ രൂപപ്പെടുത്തിയ ഈ കല്ലുകളെ മഹാശിലകൾ എന്നു വിളിക്കുന്നു. ശവക്കല്ലറകളിൽനിന്നും ഇരുമ്പായുധങ്ങൾ, ഉൽപ്പന്നങ്ങൾ, ധാന്യാവശിഷ്ടങ്ങൾ തുടങ്ങിയ വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്. മഹാ



*മഹാശിലാ സംസ്കാരകാലത്തെ ഇരുമ്പുപകരണങ്ങൾ*

ശിലകൾ അക്കാലത്തെക്കുറിച്ചുള്ള ചരിത്ര വസ്തുതകൾ അപഗ്രഥിക്കാൻ സഹായിക്കുന്നതുകൊണ്ട് അക്കാലത്തെ മഹാശിലാ സംസ്കാര കാലം എന്നു വിളിക്കുന്നു.

## പഴന്തമിഴ് പാട്ടിനൊപ്പം

പ്രാചീന കേരളം ഇന്ന് നാം കേരളം എന്നറിയപ്പെടുന്ന മേഖലയെക്കാൾ വിശാലമായ ഒരു ഭൂപ്രദേശത്തിന്റെ ഭാഗമായിരുന്നു. ഇന്നത്തെ തമിഴ്നാടും കർണാടകത്തിന്റെയും ആന്ധ്രാപ്രദേശിന്റെയും ചില ഭാഗങ്ങളും ചേർന്ന ഒരു മേഖലയായിരുന്നു അത്. തമിഴകം എന്നാണതിനെ ചരിത്രകാരന്മാർ വിളിക്കുന്നത്. ഇവിടം ഭരിച്ചിരുന്നത് പാണ്ഡ്യന്മാർ, ചേരന്മാർ, ചോളന്മാർ എന്നിവരായിരുന്നു. ഇവരെ ഒരുമിച്ച് മൂവേന്തന്മാർ എന്ന് വിളിച്ചിരുന്നു. തമിഴ് സാഹിത്യത്തിലെ സംഘകാലം എന്ന് ഇതറിയപ്പെടുന്നു. പത്തുപാട്ട്, പതിറ്റുപ്പത്ത്, അകനാനൂറ്, പുറനാനൂറ് എന്നിവ അന്നത്തെ പ്രധാന സംഘം കൃതികളാണ്. ഇവ പഴന്തമിഴ് പാട്ടുകളെന്നും അറിയപ്പെടുന്നു.

പഴന്തമിഴ് പാട്ടുകൾ രചിക്കപ്പെട്ടതും മഹാശിലാ സ്മാരകങ്ങൾ നിർമിക്കപ്പെട്ടതും ഏതാണ്ട് ഒരേ കാലത്താണ്. ഔവൈയാർ, കപിലർ, പരണർ, മതുരൈ നക്കീരൻ മുതലായവർ അന്നത്തെ പ്രധാന കവികളായിരുന്നു.

പഴന്തമിഴ് പാട്ടുകളെ അകം പാട്ടുകൾ, പുറം പാട്ടുകൾ എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട്. പ്രണയം, കുടുംബജീവിതം എന്നിവ അകം പാട്ടുകളുടെ പ്രധാന പ്രമേയങ്ങളായിരുന്നു. യുദ്ധം, കച്ചവടം എന്നിവയായിരുന്നു പുറം പാട്ടുകളിലെ പ്രതിപാദ്യം. അന്നത്തെ ഭൂപ്രകൃതി, കച്ചവടം, വസ്ത്രധാരണം, ആഭരണങ്ങൾ, ആചാരങ്ങൾ, തൊഴിലുകൾ, വിശ്വാസങ്ങൾ എന്നിവയിലേക്ക് വെളിച്ചം വീശുന്ന ചരിത്ര സ്രോതസുകളാണ് സംഘസാഹിത്യ കൃതികൾ. പ്രാചീന കേരള ചരിത്രം നാം അറിയുന്നത് പ്രധാനമായും ഈ കൃതികളിൽ നിന്നാണ്. സി.ഇ. 8-ാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടമാണ് കേരളത്തിന്റെ പ്രാചീന കാലം.

## തിണകളിലെ ജീവിതം

സംഘകാലത്തെ തിണ സങ്കൽപ്പമനുസരിച്ച് നിലത്തെ അഞ്ചായി തിരിച്ചിട്ടുണ്ട്. അവയുടെ പേരും ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ജനജീവിതരീതിയും പട്ടിക നോക്കി പരിചയപ്പെടൂ. അഞ്ചു തിണകളെ ഒരുമിച്ച് ഐന്തിണകൾ എന്നു വിളിക്കുന്നു.

തിണകളുടെ പേരുമായി ബന്ധപ്പെട്ട

| തിണകൾ | നിലത്തിന്റെ പ്രത്യേകത | ജനങ്ങളുടെ തൊഴിൽ |
|---|---|---|
| കുറിഞ്ചി | മലയും കാടും നിറഞ്ഞത് | നായാട്ടും വനവിഭവ ശേഖരണവും |
| മുല്ലൈ | കുന്നുകളും പുൽമേടുകളും | ഇടയവൃത്തി,<br>നിലം മാറി മാറിയുള്ള കൃഷി |
| പാലൈ | പാഴ്നിലം/തരിശുനിലം | പിടിച്ചുപറിയും കാലിക്കവർച്ചയും |
| മരുതം | നീർവാർച്ചയുള്ള വയലുകൾ | കൃഷിപ്പണി,<br>അനുബന്ധ കൈത്തൊഴിലുകൾ |
| നെയ്തൽ | കടലോരം/തീരദേശം | മീൻപിടുത്തം,<br>ഉപ്പു നിർമാണം, മുത്തുവാരൽ |

സ്ഥലനാമങ്ങൾ ഇന്നും നിലനിൽക്കുന്നതായി കാണാം.

കുറിഞ്ചി - കുറിഞ്ചിലക്കാട്
മുല്ല - മുല്ലശ്ശേരി, മുല്ലപ്പള്ളി, മുല്ലമംഗലം
പാല - പാല, പാലക്കാട്
മരുതം - മരുതംകുഴി, മരുതമൺ, മരുതൂര്
നെയ്തൽ - അഴി, പൊഴി, തുറ എന്നിവ ഉൾപ്പെടുന്ന പേരുകൾ

## മധ്യകാലത്തിലേക്ക്

സി.ഇ. എട്ടാം നൂറ്റാണ്ടുമുതൽ പതിനെട്ടാം നൂറ്റാണ്ടുവരെയുള്ള കാലമാണ് കേരളത്തിന്റെ മധ്യകാലം. ഈ കാലഘട്ടത്തിൽ നിരവധി രാഷ്ട്രീയ സാമൂഹിക സാമ്പത്തിക മാറ്റങ്ങളുണ്ടായി.

സി.ഇ. 849-ലെ തരീസാപ്പള്ളി ചെപ്പേടിന്റെ ചിത്രം നോക്കൂ.



*തരീസാപ്പള്ളി ചെപ്പേട്*

വു നൽകുന്ന ചരിത്ര തെളിവുകളിൽ പ്രധാനപ്പെട്ടവയാണ് ചെപ്പേടുകൾ. തരീസാപ്പള്ളി ചെപ്പേടിൽ എഴുതിയിട്ടുള്ളത് വട്ടെഴുത്ത് എന്ന ലിപിയിലാണ്. കേരളചരിത്രത്തിൽ പെരുമാൾ വാഴ്ചക്കാലത്തെ ഏറ്റവും പഴയ രേഖകളിൽ ഒന്നാണിത്. അന്നത്തെ രാജാവായ ഭാസ്കര രവി അഞ്ചുവണ്ണം എന്ന കച്ചവട സംഘത്തിന് അനുവദിച്ചുകൊടുത്ത അവകാശങ്ങളാണ് ഈ രേഖകളിലുള്ളത്.

ചെമ്പുതകിടുകളാണല്ലോ ചെപ്പേടുകൾ. അതിൽ എഴുതാൻ എന്തായിരിക്കും ഉപയോഗിച്ചിട്ടുണ്ടാവുക?

## പെരുമാൾ ഭരണം

പഴന്തമിഴ് പാട്ടുകളുടെ വീരയുഗത്തിനുശേഷം പുതിയൊരു സാമൂഹികരൂപം പ്രത്യക്ഷപ്പെടുന്നത് പെരുമാൾ ഭരണകാലത്താണ്. മഹോദയപുരം കേന്ദ്രമാക്കിയാണ് ഇവർ ഭരിച്ചത്. ഇന്നത്തെ കൊടുങ്ങല്ലൂരും സമീപ പ്രദേശങ്ങളുമാണ് മഹോദയപുരം എന്ന് അറിയപ്പെട്ടിരുന്നത്. പെരുമാക്കന്മാർ, ചേരൻ, ചേരമാൻ തുടങ്ങിയ പേരുകളിൽ അറിയപ്പെട്ടു.

മധ്യകാല കേരളത്തിലെ വ്യത്യസ്ത

നാടുകൾ സൂചിപ്പിക്കുന്ന ഭൂപടം നോക്കൂ. തുല്യവലിപ്പമുള്ള ആധുനിക കേരളത്തിന്റെ ജില്ലകളുമായി ഒത്തുനോക്കി അവ ഏതു ജില്ലയിൽ ഉൾപ്പെടുന്നു എന്നു കണ്ടെത്തൂ.




ഈ നാടുകളെല്ലാം പെരുമാൾ ഭരണത്തിന്റെ കീഴിലായിരുന്നു. കേരളത്തിൽ ആദ്യമായി ഒരു കേന്ദ്രീകൃത ഭരണം സ്ഥാപിതമായത് ഇക്കാലത്താണ്. സി.ഇ. 800 മുതൽ 1122 വരെയാണ് പെരുമാൾ ഭരണകാലം.

മധ്യകാല കേരളത്തിലെ നാടുകൾ ഓരോന്നും ഇന്നത്തെ ഏതെല്ലാം പ്രദേശങ്ങളിലായിരുന്നുവെന്ന് കണ്ടെത്തുക

## നാടുവാഴി സ്വരൂപങ്ങൾ

പന്ത്രണ്ടാം നൂറ്റാണ്ടോടെ പെരുമാൾ ഭരണം അവസാനിച്ചു. തുടർന്ന് നാടുവാഴികൾ സ്വതന്ത്രരായി ഭരിക്കാൻ തുടങ്ങി. നാടുവാഴികളുടെ കീഴിലുള്ള പ്രദേശങ്ങൾ സ്വരൂപങ്ങൾ എന്നറിയപ്പെടാൻ തുടങ്ങി. പ്രധാന നാടുകളും സ്വരൂപങ്ങളും പരിചയപ്പെടൂ.

| നാട് | സ്വരൂപം |
|---|---|
| കോലത്തു നാട് | കോല സ്വരൂപം |
| ഏറനാട് | നെടിയിരുപ്പ് സ്വരൂപം |
| കൊച്ചി | പെരുമ്പടപ്പ് സ്വരൂപം |
| വേണാട് | തൃപ്പാപ്പൂർ സ്വരൂപം |

അധികാരമേഖല വികസിപ്പിക്കുന്നതിനായി സ്വരൂപങ്ങൾ പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിന്റെ അവസാനമെത്തിയ പോർച്ചുഗീസുകാരും ഡച്ചുകാരും അവരുടെ താൽപ്പര്യങ്ങൾക്കനുസരിച്ച് കലഹങ്ങളിൽ ഇടപെട്ടിരുന്നു.

പതിനെട്ടാം നൂറ്റാണ്ടുവരെ നാടുവാഴി സ്വരൂപങ്ങൾ വലിയ മാറ്റങ്ങൾ ഇല്ലാതെ തുടർന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഹൈദരാലിയും ടിപ്പു സുൽത്താനും വടക്കൻ കേരളത്തിലേക്ക് പടയോട്ടങ്ങൾ നടത്തിയത് നാടുവാഴികളെ ഭയപ്പെടുത്തി. മലബാർ മേഖല ടിപ്പുവിന്റെ കീഴിലായി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യത്തോടെ ബ്രിട്ടീഷുകാർ ടിപ്പുവിനെ പരാജയപ്പെടുത്തി. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ പ്രാദേശിക വിഭജനം രൂപപ്പെടുന്നത് ഇക്കാലത്താണ്.

വ്യത്യസ്ത കാലങ്ങളിൽ കേരളത്തിലുണ്ടായിരുന്ന അധികാര സ്ഥാപനങ്ങളിൽ വന്ന മാറ്റത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക

## മധ്യകാലഘട്ടത്തിന്റെ സ്വാധീനം വിവിധ മേഖലകളിൽ

**കച്ചവടം**

- സാധനക്കൈമാറ്റ രീതിയെത്തുടർന്ന് നാണയ ക്കൈമാറ്റ രീതി
- പ്രാദേശികം, പുറംനാടുകൾ എന്നീ മേഖലകളിൽ കച്ചവട പുരോഗതി
- കച്ചവടച്ചുങ്കം ഭരണാധികാരികൾക്ക് പ്രധാന വരുമാനമാർഗം
- അഞ്ചുവണ്ണം, മണിഗ്രാമം എന്നീ കച്ചവട സംഘങ്ങൾ
- പുറംനാട്ടുൽപ്പന്നങ്ങളായ കളിമൺ പലകകൾ, മീൻവലകൾ, പട്ട് എന്നിവ പ്രാദേശിക വിപണികളിലെത്തി

**അങ്ങാടി**

- അനന്തപുരം, കൊച്ചി, കൊല്ലം, കോഴിക്കോട്, പന്തലായനി എന്നിവ പ്രധാന അങ്ങാടികൾ
- കൊല്ലം, കൊച്ചി, കോഴിക്കോട്, വളപട്ടണം എന്നിവ പ്രധാന തുറമുഖങ്ങൾ
- സമുദ്രവാണിജ്യ പുരോഗതി
  ↓
  കൂടുതൽ ഉൽപ്പന്നങ്ങളുടെ ആവശ്യം
  ↓
  ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട കൃഷി വർദ്ധിക്കുന്നു
  ↓
  ഗ്രാമീണ ഉൽപ്പന്നങ്ങൾ അങ്ങാടിയിലേക്ക്




സാഹിത്യം
വടക്കൻ പാട്ട്,
തെക്കൻ പാട്ട്,
തൊഴിൽ പാട്ട്
കൃഷ്ണഗാഥ
- ചെറുശ്ശേരി
രാമായണം,
മഹാഭാരതം,
കിളിപ്പാട്ടുകൾ
- എഴുത്തച്ഛൻ
തുള്ളൽ കൃതികൾ
- കുഞ്ചൻ നമ്പ്യാർ
പുത്തൻപാന
- അർണോസുപാതിരി
മുഹിയിദ്ദീൻ മാല
- ഖാസി മുഹമ്മദ്


കലാരൂപങ്ങൾ
കൂത്ത്
കൂടിയാട്ടം
കഥകളി
മാർഗംകളി
ഒപ്പന
ചവിട്ടുനാടകം
മാപ്പിളപ്പാട്ട്


അനുഷ്ഠാന കലകൾ
തെയ്യം
തിറ
മുടിയേറ്റ്
പടയണി
കളംപാട്ട്
സർപ്പം പാട്ട്

## രാഷ്ട്രീയ മേഖലയിലെ മാറ്റം

മലബാർ മേഖല ടിപ്പുവിന്റെ കീഴിലായി. ടിപ്പുവിന്റെ പടയോട്ടം തെക്കോട്ട് വ്യാപിക്കുമെന്നു ഭയന്ന് കൊച്ചി, തിരുവിതാംകൂർ എന്നീ രാജാക്കന്മാർ ബ്രിട്ടീഷുകാരുടെ സഹായം തേടി. ബ്രിട്ടീഷുകാർ സൈന്യത്തെക്കൊടുത്ത് അവരെ സംരക്ഷിക്കാമെന്ന് ഉറപ്പുനൽകി. രാജാക്കന്മാർ ബ്രിട്ടീഷുകാർക്ക് പകരം കപ്പം നൽകി. ഇത്തരത്തിൽ തിരുവിതാംകൂറും കൊച്ചിയും കമ്പനിഭരണത്തിലേക്കു വന്നു. ടിപ്പുവുമായി ഉടമ്പടി സ്ഥാപിച്ചുകൊണ്ട് ബ്രിട്ടീഷുകാർ മലബാർ നേരിട്ട് ഭരിക്കാൻ തുടങ്ങി. ചുരുക്കത്തിൽ കേരളഭൂഭാഗം മുഴുവനും വിദേശഭരണത്തിൻ കീഴിലായി.

## സാമൂഹിക ജീവിതം



''കേരളം ഒരു ഭ്രാന്താലയമാണ്''
- സ്വാമി വിവേകാനന്ദൻ

സ്വാമി വിവേകാനന്ദൻ ഇങ്ങനെ പറയാനിടയായ സാഹചര്യമെന്താണ്?

എന്തെല്ലാം ദുരാചാരങ്ങളാണ് മുൻകാലങ്ങളിൽ കേരളത്തിലുണ്ടായിരുന്നത്?

- അയിത്തം
- ജാതി വിവേചനം
- വസ്ത്രധാരണത്തിലെ വിവേചനം
- അവസരസമത്വമില്ലായ്മ

നിങ്ങളുടെ പ്രദേശത്ത് ഇത്തരം അനാചാരങ്ങൾ നിലനിന്നിരുന്നോ? മുതിർന്നവരോട് അന്വേഷിക്കൂ.

എങ്ങനെയാണ് ദുരാചാരങ്ങൾ കേരളസമൂഹത്തിൽനിന്ന് ഇല്ലാതായത്? ആരൊക്കെയാണ് ഇത്തരം അനാചാരങ്ങൾ ഇല്ലാതാക്കാൻ മുൻകൈ എടുത്ത സാമൂഹ്യ പരിഷ്കർത്താക്കൾ?

അവരിൽ ചിലരെ പരിചയപ്പെടാം.

## വൈകുണ്ഠസ്വാമികൾ



കന്യാകുമാരിയിലെ ശാസ്താംകോവിലിൽ ജനിച്ചു.

- അവർണ സവർണ വ്യത്യാസം കൂടാതെ 'സമപന്തിഭോജനം' നടത്തി.
- എല്ലാവർക്കും വെള്ളം കുടിക്കാൻ പൊതുകിണറുകൾ കുഴിച്ചു.
- മേൽമുണ്ടു ധരിക്കൽ നിരോധനത്തിനെതിരെ ശബ്ദമുയർത്തി.
- ക്ഷേത്രപ്രവേശന നിരോധനത്തിനെതിരെ പ്രതികരിച്ചു.
- സമത്വസമാജം എന്ന സംഘടന രൂപീകരിച്ചു.

### ശ്രീനാരായണഗുരു



തിരുവനന്തപുരത്തെ ചെമ്പഴന്തിയിൽ ജനിച്ചു.

- ജാതിവ്യവസ്ഥ ഇല്ലാതാക്കുകയായിരുന്നു മുഖ്യലക്ഷ്യം.
- സർവമത സാഹോദര്യത്തിനുവേണ്ടി പ്രയത്നിച്ചു.
- 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന് ഉദ്ബോധിപ്പിച്ചു.
- ശ്രീനാരായണ ധർമ്മ പരിപാലന യോഗം സ്ഥാപിച്ചു.
- ആത്മോപദേശ ശതകം, ദർശനമാല, ദൈവദശകം എന്നിവ പ്രധാന കൃതികളാണ്.

**ചട്ടമ്പിസ്വാമികൾ**



തിരുവനന്തപുരത്തെ കണ്ണമ്മൂലയിൽ ജനിച്ചു.

- ജാതിമതവർഗ വിവേചനത്തിനെതിരെ പ്രതികരിച്ചു.
- അധഃസ്ഥിതർക്ക് ക്ഷേത്രപ്രവേശനവും സഞ്ചാരസ്വാതന്ത്ര്യവും അനുവദിക്കണമെന്ന് വാദിച്ചു.
- അധഃസ്ഥിതരോടൊപ്പം മിശ്രഭോജനം നടത്തി.
- 'വിത്തവും വിദ്യയും' സൂമൂഹ്യ പുരോഗതിക്ക് അടിസ്ഥാനമാണെന്ന് സൂചിപ്പിച്ചു.
- വേദാധികാര നിരൂപണം, പ്രാചീന മലയാളം എന്നിവ പ്രധാന കൃതികൾ.

**അയ്യങ്കാളി**

- സാമൂഹിക അസമത്വങ്ങൾ ഇല്ലാതാക്കാൻ യത്നിച്ചു.
- അധഃസ്ഥിതർക്കു മാത്രമായി വിദ്യാലയം ആരംഭിച്ചു.



തിരുവനന്തപുരത്തെ വെങ്ങാനൂരിൽ ജനിച്ചു.

- 'സാധുജന പരിപാലന സംഘം' എന്ന സംഘടന സ്ഥാപിച്ചു.
- 'വില്ലുവണ്ടിയിലെ ചരിത്രയാത്ര', 'കല്ലുമാല സമരം' എന്നിവ അദ്ദേഹവുമായി ബന്ധപ്പെട്ട സംഭവങ്ങളാണ്.

**വക്കം അബ്ദുൽ ഖാദർ മൗലവി**



തിരുവനന്തപുരത്തെ വക്കം (ചിറയിൻകീഴ്) ജനിച്ചു.

- സാമൂഹിക പിന്നോക്കാവസ്ഥ മറികടക്കാനുള്ള മാർഗം വിദ്യാഭ്യാസമാണ് എന്ന് ഉദ്ബോധിപ്പിച്ചു.
- ഇംഗ്ലീഷ് വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം എന്നിവയെ പ്രോത്സാഹിപ്പിച്ചു.
- സ്വദേശാഭിമാനി പത്രം സ്ഥാപിച്ചു. (ഇതിന്റെ പത്രാധിപരായിരുന്നു രാമകൃഷ്ണ പിള്ള)
- 'മുസ്ലിം ഐക്യ സംഘടന'യുമായി യോജിച്ചു പ്രവർത്തിച്ചു.
- 'മുസ്ലിം', 'അൽ ഇസ്ലാം' എന്നീ മാസികകൾ ആരംഭിച്ചു.

## കുമാര ഗുരുദേവൻ



തിരുവല്ലയ്ക്കു സമീപം ഇരവിപേരൂരിൽ ജനിച്ചു.

- അധഃസ്ഥിത വിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനായി പ്രയത്നിച്ചു.
- അറിവ്, ആത്മീയത എന്നിവയെ ബന്ധിപ്പിച്ചു.
- പൊയ്കയിൽ അപ്പച്ചൻ എന്ന പേരിലറിയപ്പെട്ടു.
- 'പ്രത്യക്ഷരക്ഷാ ദൈവസഭ' സ്ഥാപിച്ചു.

## വാഗ്ഭടാനന്ദൻ



തലശ്ശേരിക്കടുത്തുള്ള പാട്യത്തു ജനിച്ചു.

- മലബാറിൽ സാമൂഹിക അനാചാരങ്ങൾക്കെതിരെ പ്രവർത്തിച്ചു.
- ഏകദൈവ വിശ്വാസം ഉയർത്തിപ്പിടിച്ചു.
- 'ആത്മവിദ്യാസംഘം' സ്ഥാപിച്ചു.
- ദാരിദ്ര്യ നിർമാർജനത്തിനും സ്ത്രീ പുരുഷ സമത്വത്തിനും പ്രാധാന്യം നൽകി.

## കുര്യാക്കോസ് ഏലിയാസ് ചാവറ



കുട്ടനാടിലെ കൈനകരിയിൽ ജനിച്ചു.

- സംസ്കൃത പഠനത്തിനായി മാന്നാനത്ത് സ്കൂൾ സ്ഥാപിച്ചു.
  ഇവിടെ താഴ്ന്നജാതിക്കാർക്കും പ്രവേശനം നൽകി.
- മാന്നാനത്ത് അച്ചടിശാല സ്ഥാപിച്ചു.
- ആവശ്യക്കാർക്ക് സംഭാവനയായി 'പിടിയരി' നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചു.

കേരള സമൂഹത്തെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും മോചിപ്പിച്ച ചില മഹാത്മാരെക്കുറിച്ചാണ് നാം മനസിലാക്കിയത്. ഇവർ കേരളസമൂഹത്തെ പുരോഗതിയിലേയ്ക്ക് നയിച്ചവരാണ്. ഈ ശ്രേണിയിൽ വരുന്ന കൂടുതൽ പേരെ കണ്ടെത്തൂ.

സാമൂഹ്യ പുരോഗതിക്കെതിരെ ഇന്ന് അന്ധവിശ്വാസങ്ങൾ തല പൊക്കുന്നുണ്ടോ? ചർച്ച സംഘടിപ്പിക്കൂ

ഇരുപതാം നൂറ്റാണ്ടിൽ കേരളത്തിൽ സംഭവിച്ച സാംസ്കാരിക-സാഹിത്യ-രാഷ്ട്രീയ മേഖലകളിലെ മാറ്റങ്ങൾ സുപ്രധാനമായ പരിവർത്തനങ്ങളിലേക്ക് കേരളത്തെ നയിച്ചു. നവോത്ഥാന നായ

കന്മാരുടെ പ്രവർത്തനങ്ങൾ ആധുനിക കേരളത്തിന്റെ പിറവിക്ക് കാരണമായി. ജാതിയുടെ ചങ്ങലക്കെട്ടുകൾ തകർന്നതിലൂടെ വ്യക്തികൾക്ക് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിഞ്ഞു. നവോത്ഥാന നായകരിൽനിന്നു കിട്ടിയ ആശയപരവും അല്ലാത്തതുമായ തിരിച്ചറിവുകൾ ദേശീയ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ മുഖ്യധാരയുമായി ലയിക്കാൻ കേരളീയസമൂഹത്തെ പ്രാപ്തരാക്കി. മലയാളികൾ എന്ന വിശാല ബോധത്തിലേക്ക് ഉയരാൻ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശത്തുള്ളവർക്ക് കഴിഞ്ഞു.

## വൈക്കം സത്യഗ്രഹം (1924)


ടി.കെ.മാധവൻ

തിരുവിതാംകൂറിലെ വൈക്കം മഹാദേവക്ഷേത്രത്തിനു മുമ്പിലുള്ള നിരത്തിലൂടെ നടക്കാൻ ഉയർന്ന ജാതിക്കാർക്കു മാത്രമേ അർഹതയുണ്ടായിരുന്നുള്ളൂ. ഇതിനെതിരായ സത്യഗ്രഹസമരത്തിൽ തമിഴ്നാട്, പഞ്ചാബ് എന്നിവിടങ്ങളിൽ നിന്നുപോലും ജനങ്ങളെത്തി. മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുവും സമരത്തെ പിന്തുണച്ചു.

- ടി.കെ.മാധവൻ
- മന്നത്ത് പത്മനാഭൻ
- ബാരിസ്റ്റർ ജോർജ് ജോസഫ്
- സി.വി.കുഞ്ഞുരാമൻ
- കെ.പി.കേശവമേനോൻ

തുടങ്ങിയവർ വൈക്കം സത്യഗ്രഹത്തിന് നേതൃത്വം നൽകി. പ്രധാന നിരത്തുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തുകൊണ്ട് രാജാവ് ഉത്തരവു പുറപ്പെടുവിച്ചു. സത്യഗ്രഹസമരത്തിന് വിരാമമായി.

## ഗുരുവായൂർ സത്യഗ്രഹം (1931)


കെ.കേളപ്പൻ

ഗുരുവായൂർ ക്ഷേത്രത്തിൽ എല്ലാ ഹിന്ദുക്കൾക്കും പ്രവേശനം വേണമെന്നാവശ്യപ്പെട്ടുകൊണ്ടായിരുന്നു ഗുരുവായൂർ സത്യഗ്രഹം ആരംഭിച്ചത്.

- കെ.കേളപ്പൻ
- എ.കെ.ഗോപാലൻ
- ടി.സുബ്രഹ്മണ്യൻ തിരുമുമ്പ്
- പി.കൃഷ്ണപിള്ള

തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു സത്യഗ്രഹം. കീഴ്ജാതിക്കാരുടെ ക്ഷേത്രാരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന ഇത്തരം പ്രക്ഷോഭങ്ങളുടെ ഭാഗമായി തിരുവിതാംകൂർ സർക്കാർ 1936-ൽ ക്ഷേത്രപ്രവേശന വിളംബരം നടത്തി.

## ഒരുമയിലുണ്ടായ കേരളം

മഹാത്മാഗാന്ധി ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ നേതൃസ്ഥാനത്തുവന്നത് രാജ്യത്താകമാനം പുത്തൻ ഉണർവു പകർന്നു. കേരളത്തിലും ഇതിന്റെ അലയൊലികൾ എത്തി. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ ഉണ്ടാകണമെന്ന ആവശ്യം ശക്തമായി. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങൾ യോജിപ്പിച്ച് കേരള സംസ്ഥാനം ഉണ്ടാകണമെന്ന ജനവികാരം ശക്തിപ്പെട്ടു. 1945-ൽ ഐക്യകേരള രൂപീകരണത്തിനായി ഒരു കമ്മിറ്റി രൂപീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1947-ൽ തൃശൂർ വച്ച് ഐക്യകേരള കൺവെൻഷൻ നടന്നു. 1949-ൽ തിരുവിതാംകൂറും കൊച്ചിയും സംയോജിപ്പിക്കപ്പെട്ടു. മല

യാളം സംസാരിക്കുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 1956 നവംബർ 1-ന് കേരള സംസ്ഥാനം രൂപീകൃതമായി.

## കേരളം മുന്നോട്ട്

സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളും ദേശീയപ്രസ്ഥാനവും തൊഴിലാളി കർഷക പ്രസ്ഥാനങ്ങളും ഒരുക്കിയ വളക്കൂറുള്ള മണ്ണിലാണ് കേരള സംസ്ഥാനം അതിന്റെ മുന്നോട്ടുള്ള യാത്ര ആരംഭിക്കുന്നത്. ജന്മിത്തം, അവസാനിപ്പിച്ചുകൊണ്ട് 'കൃഷിഭൂമി കർഷകന്' കിട്ടിയപ്പോൾ കേരള സമൂഹത്തിന്റെ സാമൂഹ്യ-സാമ്പത്തിക മണ്ഡലങ്ങളിൽ അടിസ്ഥാനപരമായ മാറ്റം സംഭവിച്ചു. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ പുരോഗതി ദൃശ്യമായി. ഭൂപരിഷ്കരണം കർഷകസമൂഹത്തെ കൂടുതൽ പുരോഗതിയിലേക്കു നയിച്ചു. പൊതുജനാരോഗ്യ സംവിധാനങ്ങൾ വിപുലീകരിച്ചു. എല്ലാ കുട്ടികളും സ്കൂളുകളിലെത്താൻ തുടങ്ങി. സ്കൂൾ വിദ്യാഭ്യാസം സൗജന്യമായി. 1990-ൽ ത്രിതല പഞ്ചായത്തുകൾ നിലവിൽ വന്നു. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം 6 മുതൽ 14 വയസുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം മൗലികാവകാശമാക്കി. പൊതുവിദ്യാലയങ്ങൾ കൂടുതൽ ആകർഷകമാക്കുന്നതിന് ഗവൺമെന്റ് നടപടികൾ തുടരുന്നു.



## പഠനനേട്ടങ്ങൾ

- കേരളത്തിന്റെ പ്രാചീനകാലം, മധ്യകാലം, ആധുനിക കാലം എന്നിവ വേർതിരിച്ച് പട്ടികപ്പെടുത്തുന്നു.
- കേരളത്തിലെ മഹാശിലാ സംസ്കാരകാലത്തെ സവിശേഷതകൾ വേർതിരിച്ചറിയുന്നു.
- തിണകളിലെ നിലത്തിന്റെ പ്രത്യേകതകളെ അന്നത്തെ ജീവിതരീതിയുമായി ബന്ധപ്പെടുത്തുന്നു.
- മധ്യകാലത്തെ ഭരണരീതികളിൽ വന്ന മാറ്റങ്ങൾ വിശകലനം ചെയ്യുന്നു.
- കച്ചവടം, അങ്ങാടി, സാഹിത്യം, കലാരൂപങ്ങൾ, അനുഷ്ഠാനകലകൾ എന്നിവയ്ക്ക് മധ്യകാലത്തു സംഭവിച്ച പുരോഗതി വിലയിരുത്തുന്നു.
- കേരളത്തെ ആധുനികതയിലേക്ക് നയിച്ച പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.
- ദേശീയ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി കേരളത്തിൽ നടന്ന സംഭവങ്ങളെ വിലയിരുത്തുന്നു.
- കേരള സംസ്ഥാനം രൂപീകൃതമായ സാഹചര്യം വിശദമാക്കുന്നു.
- കേരള സംസ്ഥാനപ്പിറവിക്കുശേഷം സംഭവിച്ച പുരോഗമനപരമായ പ്രവർത്തനങ്ങളെ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പ്രാചീന ശിലായുഗവും നവീന ശിലായുഗവും എങ്ങനെ വ്യത്യാസപ്പെടുന്നു?
- കേരളത്തിലെ മഹാശിലാ സംസ്കാര കാലഘട്ടത്തിന്റെ സവിശേഷതകൾ ചുരുക്കി എഴുതുക.
- സംഘകാല സാഹിത്യത്തെക്കുറിച്ച് ലഘു കുറിപ്പ് തയ്യാറാക്കുക.
- ചേരുംപടി ചേർക്കുക.

| തിണ | നിലത്തിന്റെ പ്രത്യേകത |
|---|---|
| കുറിഞ്ചി | തരിശുനിലം |
| പാലൈ | തീരദേശം |
| നെയ്തൽ | മലയും കാടും നിറഞ്ഞത് |

- തിണകളുമായി ബന്ധപ്പെട്ട സ്ഥലങ്ങളുടെ പേരു സൂചിപ്പിക്കുന്ന രണ്ട് ഉദാഹരണങ്ങൾ എഴുതുക.
- തരീസാപ്പള്ളി ചെപ്പേടിന്റെ പ്രാധാന്യമെന്ത്?
- മധ്യകാല കേരളത്തിലെ ഭരണസമ്പ്രദായത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.
- കേരളത്തിലെ ഏതെങ്കിലും ഒരു സാമൂഹ്യപരിഷ്കർത്താവിനെക്കുറിച്ച് ഒരു ഖണ്ഡിക എഴുതുക.

## തുടർപ്രവർത്തനങ്ങൾ

- സംഘസാഹിത്യ കൃതികൾ വായിച്ച് അന്നത്തെ ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് നോട്ടു കുറിക്കുക.
- തിണകളുടെ പേരുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ കണ്ടെത്തുക.
- പ്രാചീന സാഹിത്യ കൃതികൾ - രചയിതാക്കൾ പട്ടിക തയ്യാറാക്കുക.
- മധ്യകാല കലാരൂപങ്ങളുടെ ചിത്രങ്ങൾ ശേഖരിക്കുക. പ്രത്യേകതകൾ ലഘു കുറിപ്പുകൾ ആക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| കേരളചരിത്രവുമായി ബന്ധപ്പെട്ട സംഭവങ്ങളെ പ്രാചീനകാലം, മധ്യകാലം എന്നിങ്ങനെ തരംതിരിക്കാം | | | |
| തിണകളുമായി ബന്ധപ്പെട്ട നിലത്തിന്റെ പ്രത്യേകത വേറിട്ടറിയാം | | | |
| സാമൂഹ്യ പരിഷ്കർത്താക്കൾ സ്ഥാപിച്ച സംഘടനകളുടെ പേരുകൾ തരംതിരിച്ച് പട്ടികപ്പെടുത്താം | | | |
| മധ്യകാല കേരളത്തിലെ നാടുകളെ ഇപ്പോഴത്തെ ജില്ലകളുമായി ബന്ധിപ്പിക്കാം | | | |
| കേരളത്തിലെ സാമൂഹിക പരിഷ്കരണത്തെ വിലയിരുത്താം | | | |
| കേരളത്തിന്റെ ഏകീകരണത്തെ കുറിച്ച് ധാരണ നേടാം | | | |



# മാറ്റങ്ങളുടെ ലോകം

അധ്യായം 4



*ശിലാ ഉപകരണങ്ങൾ*



*ലോഹ ഉപകരണങ്ങൾ*

വിവിധ കാലങ്ങളിൽ മനുഷ്യൻ ഉപയോഗിച്ച ഉപകരണങ്ങളുടെ ചിത്രങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. ആദ്യകാലങ്ങളിൽ കല്ലുകളും പാറക്കഷണങ്ങളും ആയുധങ്ങളായി ഉപയോഗിച്ചു. പിൽക്കാലത്താണ് അവർ ശിലകളെ മിനുസപ്പെടുത്തിയും കൂർപ്പിച്ചും ഉപയോഗിക്കാൻ പഠിച്ചത്. ശിലായുഗത്തെക്കുറിച്ച് മുൻ പാഠഭാഗങ്ങളിൽ നിങ്ങൾ പഠിച്ചു വല്ലോ; ഇനി വെങ്കലയുഗത്തെക്കുറിച്ച് നമുക്ക് മനസിലാക്കാം.

മനുഷ്യൻ ആദ്യമായി കണ്ടുപിടിച്ച ലോഹമാണ് ചെമ്പ്. ഇത് കാഠിന്യമില്ലാത്ത ലോഹമാണ്. തത്ഫലമായി ചെമ്പും ഈയവും ചേർത്ത് വെങ്കലം എന്ന ലോഹം നിർമിച്ചു. ഇതിന് ചെമ്പിനെക്കാൾ കാഠിന്യമുണ്ടായിരുന്നു. ഉപകരണങ്ങളും ആയുധങ്ങളും നിർമിക്കാൻ വെങ്കലം ഉപയോഗിച്ചതുകൊണ്ടാണ് ഈ കാലഘട്ടത്തെ വെങ്കല

യുഗമെന്ന് വിളിച്ചത്. അവയുടെ ചില പൊതുവായ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.




ലോകത്തിലെ വെങ്കലയുഗ സംസ്കാ രങ്ങളെ ഭൂപടത്തിൽ നിന്നും കണ്ടെത്തുക.



ചില വെങ്കലയുഗ സംസ്കാരത്തിന്റെ സവിശേഷതകൾ നമുക്ക് പരിചയപ്പെടാം.

| സംസ്കാരങ്ങൾ | നദി | ലിപി | സവിശേഷതകൾ |
|---|---|---|---|
| മെസൊപ്പൊട്ടേമിയൻ സംസ്കാരം | യൂഫ്രട്ടീസ്/ ടൈഗ്രിസ് | ക്യൂണിഫോം ലിപി | സിഗുറാത്തുകൾ |
| ഈജിപ്ഷ്യൻ സംസ്കാരം | നൈൽനദി | ഹൈറോഗ്ലിഫിക്സ് ലിപി | പിരമിഡുകൾ |
| ചൈനീസ് സംസ്കാരം | ഹൊയാങ്ഹോ | ചൈനീസ് ലിപി | വെങ്കല ശിൽപ്പങ്ങൾ നിർമിക്കുന്നതിൽ വൈദഗ്ധ്യം |



*ക്യൂണിഫോം ലിപി*



*ഹൈറോഗ്ലിഫിക്സ് ലിപി*



*ചൈനീസ് ലിപി*







**വെങ്കലയുഗ സംസ്കാരങ്ങളെ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.**

## ഫ്യൂഡലിസം

മലയനാ വാഴയെ സ്പർശിച്ച മാത്രയിൽ
മനതാരിൽനിന്നൊരിടിമുഴങ്ങി.
അതിനുടെ മാറ്റൊലി ചക്രവാളം തകർ-
ത്തലറുന്ന മട്ടിലവനുതോന്നി...
..കുലവെട്ടാൻ കത്തിയുയർത്തിയ കൈയുകൾ
നിലവിട്ടു വാടി തളർന്നുപോയി

*(വാഴക്കുല - ചങ്ങമ്പുഴ കൃഷ്ണപിള്ള)*

മധ്യകാല കേരളത്തിലെ സാമൂഹിക സാമ്പത്തിക സ്ഥിതിയും ജന്മിവ്യവസ്ഥയും പ്രതിപാദിക്കുന്നതാണ് ഈ കവിത. മധ്യകാലത്ത് യൂറോപ്പിൽ ഉദയം

ചെയ്ത സാമൂഹിക സാമ്പത്തിക വ്യവസ്ഥ യാണ് ഫ്യൂഡലിസം. ഒരു തുണ്ട് ഭൂമി എന്ന് അർഥം വരുന്ന ഫ്യൂഡം എന്ന പദത്തിൽ നിന്നാണ് ഇത് ഉത്ഭവിച്ചത്.

ഇതിലെ തട്ടുകളായി വേർതിരിക്കപ്പെട്ട വിവിധ വിഭാഗങ്ങളെ നമുക്ക് പരിചയപ്പെടാം

ഈ വ്യവസ്ഥയിൽ ഭൂമിയുടെ അവകാശി രാജാവായിരുന്നു. രാജാവ് തന്റെ ഭൂമി തുണ്ടുകളാക്കി പ്രഭുക്കന്മാർക്ക് നൽകി. പകരം പ്രഭുക്കന്മാർ രാജാവിന് സൈനിക സേവനം നൽകണം. എന്നാൽ പ്രഭുക്കന്മാർ ഈ ഭൂമിയെ ഇട പ്രഭുക്കന്മാർക്ക് നൽകുകയും അവരിൽ നിന്നും സേവനങ്ങൾ നേടിയെടുക്കുകയും ചെയ്തു. സമൂഹത്തിൽ ഏറ്റവും താഴെ തട്ടിലുണ്ടായിരുന്ന കർഷകരാണ് ഭൂമിയിൽ കൃഷി ചെയ്തിരുന്നത്.

യൂറോപ്പിലെ ഫ്യൂഡൽ വ്യവസ്ഥയുടെ ഘടന




**കേരളത്തിലെ ജന്മിവ്യവസ്ഥയെയും യൂറോപ്യൻ ഫ്യൂഡലിസത്തെയും താരതമ്യം ചെയ്ത് കുറിപ്പ് എഴുതുക.**

## മധ്യകാല നഗരങ്ങൾ

വ്യാപാരത്തിന്റെ വളർച്ച നഗരങ്ങളുടെ രൂപീകരണത്തിലേക്ക് നയിച്ചു. പതിനൊന്നാം നൂറ്റാണ്ടിൽ പുതിയ നഗരങ്ങൾ യൂറോപ്പിൽ ഉദയം ചെയ്തു. അവ ചുവടെ നൽകിയിരിക്കുന്നു.

| രാജ്യം | നഗരങ്ങൾ |
|---|---|
| ഇറ്റലി | വെനീസ്, മിലാൻ, ഫ്ളോറൻസ്, ജെനോവ |
| ജർമനി | ന്യൂറം ബർഗ് |
| തുർക്കി | കോൺസ്റ്റാന്റിനോപ്പിൾ |



മധ്യകാല യൂറോപ്യൻ നഗരങ്ങൾ

അവയുടെ സവിശേഷതകൾ നമുക്ക് നോക്കാം

- സ്വന്തമായ ഭരണസംവിധാനം
- ചുറ്റുമതിലുകളാൽ കാണപ്പെടുന്നു
- കരകൗശലവസ്തുക്കളുടെ വിപണന കേന്ദ്രം

**ഗിൽഡുകൾ**

മധ്യകാല നഗരത്തിലെ കച്ചവടക്കാരുടെ സംഘങ്ങളാണ് ഗിൽഡുകൾ. ഉൽപ്പന്നങ്ങളുടെ വില, ഗുണ നിലവാരം, തൊഴിലാളികളുടെ ജോലി സമയം എന്നിവ നിയന്ത്രിച്ചിരുന്നു.



*റോമനസ്ക് ശൈലി*

## വിജ്ഞാനവും കലയും മധ്യകാല യൂറോപ്പിൽ

ക്രിസ്ത്യൻ പള്ളികളും സന്യാസി മഠങ്ങളും സർവകലാശാലകളുമാണ് മധ്യകാല യൂറോപ്പിലെ പ്രധാനപ്പെട്ട വിജ്ഞാന കേന്ദ്രങ്ങൾ.
ചില സർവകലാശാലകളും അവ നിലനിന്നിരുന്ന രാജ്യങ്ങളെയും നമുക്ക് പരിചയപ്പെടാം

| രാജ്യം | സർവകലാശാലകൾ |
|---|---|
| ഇറ്റലി | പാവിയ, പാദുവ |
| സ്പെയിൻ | പാർമ, കൊർദോവ |
| ഫ്രാൻസ് | പാരീസ്, ടുലോസ് |
| ഇംഗ്ലണ്ട് | ഓക്സ്ഫഡ്, കേംബ്രിഡ്ജ് |



*ഗോഥിക് ശൈലി*

മധ്യകാലഘട്ടത്തിലെ വാസ്തുവിദ്യകൾ നമുക്ക് കാണാൻ കഴിയുന്നത് ക്രിസ്ത്യൻ പള്ളികളിലായിരുന്നു. ഈ കാലഘട്ടത്തിലെ പ്രധാനപ്പെട്ട വാസ്തുവിദ്യകൾ ഏതെല്ലാമെന്ന് നമുക്ക് നോക്കാം.

- റോമനസ്ക് ശൈലി - കമാനങ്ങളും വിശാലമായ മുറികളും
- ഗോഥിക് ശൈലി - കൂർത്ത ഗോപുരങ്ങൾ

## മധ്യകാല ചൈനയും അറബികളും

വിജ്ഞാനത്തിന്റെയും കലയുടെയും മേഖലയിൽ ചൈനക്കാർ അനേകം

സംഭാവനകൾ നൽകിയിട്ടുണ്ട്. അവ ചുവടെ നൽകിയിരിക്കുന്നു.

- അച്ചടിവിദ്യ, വെടിമരുന്ന്, വടക്കുനോക്കി യന്ത്രം എന്നിവയുടെ കണ്ടുപിടിത്തം.
- പഗോഡകൾ എന്നറിയപ്പെടുന്ന ബുദ്ധ ദേവാലയങ്ങളുടെ നിർമാണം.



*പഗോഡ*



*അൽറാസി*



*ഇബ്ൻസിന*



*ഒമർഖയാം*



*ഫിർദൗസി*

വൈദ്യശാസ്ത്രരംഗത്തും സാഹിത്യ രംഗത്തും അറബികൾ നൽകിയ സംഭാവന കൾ നമുക്ക് പരിചയപ്പെടാം.

| | | |
|---|---|---|
| **വൈദ്യശാസ്ത്രം** | അൽറാസി | കിത്താബുൽ ഹവ |
| | ഇബ്ൻസിന | അൽ-ഖാനൂൻ |
| **സാഹിത്യം** | ഒമർഖയാം | റുബായിയ്യാത്ത് |
| | ഫിർദൗസി | ഷാഹ്നാമ |

## നവോത്ഥാനം

ഇരുണ്ട മധ്യകാലത്തുനിന്നും വിജ്ഞാനത്തിന്റെയും വിമർശനബുദ്ധിയുടെയും ആധുനിക കാലത്തിലേക്കുള്ള ചുവടുവെപ്പിനെ നവോത്ഥാനം എന്ന് വിളിച്ചു. ഉണർവ് അല്ലെങ്കിൽ പുനർജന്മം എന്നാണ് നവോത്ഥാനം എന്ന പദത്തിനർഥം. ഇറ്റലിയായിരുന്നു നവോത്ഥാനത്തിന്റെ കേന്ദ്രം. പെട്രാർക്കിനെ നവോത്ഥാനത്തിന്റെ പിതാവ് എന്ന് വിളിക്കുന്നു.



*പെട്രാർക്ക്*

അതിന്റെ സവിശേഷതകൾ ചുവടെ നൽകിയിരിക്കുന്നു.

- മാനവികത - സാഹിത്യത്തിലും കലയിലും രാഷ്ട്രീയത്തിലും
- യുക്തിചിന്ത - ശാസ്ത്രമേഖലയിൽ
- അന്വേഷണ ത്വരത - തങ്ങൾക്കു പരിചയമില്ലാത്ത വിദൂരദേശത്തേക്കുള്ള സമുദ്രപര്യടനങ്ങൾ
- വിമർശനബുദ്ധി - മതരംഗത്ത്

നവോത്ഥാനത്തിന്റെ സ്വാധീനം ഏതെല്ലാം മേഖലകളിലാണ് വ്യാപിച്ചിരിക്കുന്നതെന്ന് നമുക്ക് പരിശോധിക്കാം. സാഹിത്യം, ചിത്രകല, ശിൽപ്പവിദ്യ, ശാസ്ത്രം എന്നീ മേഖലകളിൽ നവോത്ഥാനം നൽകിയ സംഭാവനകൾ ചുവടെ നൽകിയിരിക്കുന്നു.

### *സാഹിത്യം*

| സാഹിത്യകാരൻ | ഗ്രന്ഥങ്ങൾ |
|---|---|
| ദാന്തെ | ഡിവൈൻ കോമഡി |
| ബൊക്കാച്ചിയോ | ദക്കാമറൺ കഥകൾ |
| സെർവാന്തെ | ഡോൺ കിക്സോട്ട് |
| ഇറാസ്മസ് | ഇൻ പ്രെയ്സ് ഓഫ് ഫോളി |



*ദാന്തെ*



*ബൊക്കാച്ചിയോ*



*സെർവാന്തെ*



*ഇറാസ്മസ്*

### ചിത്രകല

| ചിത്രകാരൻ | ചിത്രങ്ങൾ |
|---|---|
| ലിയാനാർഡോ ഡാവിഞ്ചി | മൊണാലിസ, അവസാനത്തെ അത്താഴം |
| മൈക്കൽ ആഞ്ചലോ | അന്ത്യവിധി |
| റാഫേൽ | ഏഥൻസിലെ വിദ്യാലയം |



*മൊണാലിസ*



*അവസാനത്തെ അത്താഴം*



*അന്ത്യവിധി*



*ഏഥൻസിലെ വിദ്യാലയം*

### ശിൽപവിദ്യ

| കലാകാരൻ | സൃഷ്ടികൾ |
|---|---|
| ലോറൻസൊ ഗിബർട്ടി | ഫ്ളോറൻസിലെ ബാപ്റ്റിസ്റ്റ് പള്ളിയുടെ വാതിൽ |
| ദൊണാറ്റെല്ലൊ | ഗട്ടാമെലീത്ത |



*ഫ്ളോറൻസിലെ ബാപ്റ്റിസ്റ്റ് പള്ളിയുടെ വാതിൽ*



*ഗട്ടാമെലീത്ത*

### ശാസ്ത്രം

മധ്യകാലത്ത് ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രമെന്ന ആശയം നിലനിന്നു. ഈ ആശയം തെറ്റാണെന്ന് കോപ്പർ



*ഗലീലിയോ ഗലീലി*

നിക്കസ് തെളിയിച്ചു. സൂര്യനാണ് സൗരയൂഥത്തിന്റെ കേന്ദ്രമെന്ന ആശയം അദ്ദേഹം മുന്നോട്ടുവെച്ചു. ഗലീലിയോ ഗലീലി ടെലസ്കോപ്പിന്റെ സഹായത്തോടുകൂടി ഈ ആശയത്തെ സ്ഥാപിച്ചു.

**നവോത്ഥാനത്തിന്റെ വിവിധ മേഖലകളിലെ സംഭാവനകളെ കുറിച്ച് കുറിപ്പ് തയാറാക്കുക.**

## മതനവീകരണം

15-ാം നൂറ്റാണ്ടിൽ യൂറാപ്പിലെ ക്രൈസ്തവസഭയിലുണ്ടായ പരിഷ്കരണത്തെ മതനവീകരണം എന്ന് വിളിക്കുന്നു. അതിന്റെ ഫലമായി ക്രിസ്തുമതം കത്തോലിക്കർ, പ്രൊട്ടസ്റ്റന്റുകൾ എന്നിങ്ങനെ രണ്ടായി വിഭജിക്കപ്പെട്ടു.

## ഭൂമിശാസ്ത്ര പര്യവേഷണങ്ങൾ

1453-ൽ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചടക്കിയതോടുകൂടിയാണ് യൂറോപ്യർ സമുദ്രപര്യവേഷണങ്ങൾക്ക് ആരംഭം കുറിച്ചത്. ആഫ്രിക്ക ചുറ്റി ഇന്ത്യയിലേക്കു വരാനുള്ള പരിശ്രമങ്ങളിലേർപ്പെട്ടു. ഈ കടൽയാത്രകളെത്തുടർന്ന് ഇന്ത്യയിലെത്താൻ കടൽ മാർഗം കണ്ടുപിടിക്കുകയും വൻകരകളായ വടക്കേ അമേരിക്ക, തെക്കേ അമേരിക്ക, ആസ്ട്രേലിയ എന്നീ വൻകരകളിലെത്തിച്ചേരുകയും ചെയ്തു.

**യൂറോപ്യന്മാർ ഭൂമിശാസ്ത്ര പര്യവേഷണങ്ങളുടെ ഭാഗമായി കണ്ടെത്തിയ പ്രദേശങ്ങളെ ലോക ഭൂപടത്തിൽ അടയാളപ്പെടുത്തുക.**

## വ്യാവസായിക വിപ്ലവം

ഉൽപ്പാദനരംഗത്ത് യന്ത്രങ്ങളുടെ കടന്നുവരവാണ് വ്യാവസായിക വിപ്ലവം. ഇത് ആരംഭിച്ചത് ബ്രിട്ടനിലാണ്. തുണിവ്യവസായ മേഖലയിലാണ് ഇതിന് തുടക്കം കുറിച്ചത്.

വ്യാവസായിക വിപ്ലവകാലത്തെ ചില കണ്ടുപിടിത്തങ്ങളേയും അവ കണ്ടെത്തിയവരേയും നമുക്ക് പരിചയപ്പെടാം.

| | |
|---|---|
| ഫ്ളയിംഗ് ഷട്ടിൽ | ജോൺകെയ് |
| സ്പിന്നിംഗ് ജെന്നി | ജയിംസ് ഹാർഗ്രീവ്സ് |
| ആവിയന്ത്രം | ജെയിംസ് വാട്ട് |
| ലോക്കോമോട്ടീവ് | ജോർജ് സ്റ്റീവൺസൺ |

### പഠനനേട്ടങ്ങൾ

- ലോകത്തിലെ വെങ്കലയുഗ സംസ്കാരങ്ങളെക്കുറിച്ച് വിശകലനം ചെയ്യുന്നു.
- ഫ്യൂഡലിസത്തെക്കുറിച്ച് വിവരിക്കുന്നു.
- മധ്യകാല ലോകത്തിലുണ്ടായ വിവിധ പുരോഗതികൾ വിവരിക്കുന്നു.
- നവോത്ഥാനത്തെ വിശകലനം ചെയ്യുന്നു.
- മതനവീകരണം, ഭൂമിശാസ്ത്ര പരിവേഷണങ്ങൾ എന്നിവ വിവരിക്കുന്നു.
- വ്യവസായിക വിപ്ലവത്തിന്റെ വിവിധ കണ്ടുപിടിത്തങ്ങൾ പരിശോധിക്കുന്നു.

### വിലയിരുത്തൽ ചോദ്യങ്ങൾ

- ലോകത്തിലെ വെങ്കലയുഗ സംസ്കാരങ്ങൾ ഏതെല്ലാം?
- ഫ്യൂഡലിസത്തിലെ പ്രധാന വിഭാഗങ്ങൾ ആരെല്ലാം?
- എ ഭാഗത്തിന് അനുയോജ്യമായവ ബി-യിൽനിന്നും കണ്ടെത്തുക.

| എ | ബി |
|---|---|
| ഫിർദൗസി | ഇൻ പ്രെയ്സ് ഓഫ് ഫോളി |
| ദാന്തെ | റുബായിയ്യാത്ത് |
| ഒമർഖയാം | ഡിവൈൻ കോമഡി |
| ഇറാസ്മസ് | ഷാഹ്നാമ |

- ശാസ്ത്രമേഖലയിൽ നവോത്ഥാനം നൽകിയ സംഭാവനകൾ ഏതെല്ലാം?
- വ്യാവസായിക വിപ്ലവം എന്നാലെന്ത്? എവിടെയാണ് ആരംഭിച്ചത്?
- മധ്യകാല നഗരങ്ങളുടെ സവിശേഷതകൾ വ്യക്തമാക്കുക.
- മധ്യകാലത്തിലെ പ്രധാന വാസ്തുവിദ്യാരീതികൾ ഏതെല്ലാം?

**തുടർ പ്രവർത്തനങ്ങൾ**

- നവോത്ഥാനവുമായി ബന്ധപ്പെട്ട വ്യക്തികളുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
- വ്യവസായിക വിപ്ലവം ലോകത്തുണ്ടാക്കിയ സ്വാധീനത്തെക്കുറിച്ച് സംവാദം സംഘടിപ്പിക്കുക.

### സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ട തുണ്ട് |
|---|---|---|---|
| വെങ്കലയുഗ സംസ്കാരങ്ങൾ | | | |
| ഫ്യൂഡലിസം | | | |
| മധ്യകാല നഗരങ്ങൾ | | | |
| മധ്യകാലത്തിലെ വിജ്ഞാനവും കലയും | | | |
| നവോത്ഥാനം | | | |
| മതനവീകരണം | | | |
| സമുദ്ര പര്യവേഷണങ്ങൾ | | | |
| വ്യാവസായിക വിപ്ലവം | | | |



# ഭൗമ മണ്ഡലങ്ങൾ

അധ്യായം 5

ഭൂമിയിൽ നമ്മുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമായ ഘടകങ്ങളാണല്ലോ വായു, ജലം, ഭക്ഷണം തുടങ്ങിയവ. ഇവയോരോന്നും നമുക്ക് ലഭ്യമാകുന്നത് നമ്മുടെ ചുറ്റുപാടുകളിൽ നിന്നുതന്നെയല്ലേ. നാം ആശ്രയിച്ച് ജീവിക്കുന്ന ചുറ്റുപാടിനെ പരിസ്ഥിതി എന്നാണ് വിളിക്കുന്നത്. ഭൗമപരിസ്ഥിതിയിലെ ഖര-ദ്രവ-വാതക ഭാഗങ്ങളെ യഥാക്രമം ശിലാമണ്ഡലം, ജലമണ്ഡലം, വായുമണ്ഡലം എന്നിങ്ങനെ തരംതിരിക്കാം. ഈ മൂന്ന് മണ്ഡലങ്ങളെയും ആശ്രയിച്ച് നിലനിൽക്കുന്ന നാലാമത്തെ മണ്ഡലമാണ് ജീവമണ്ഡലം. ഓരോ മണ്ഡലത്തിന്റെയും പ്രധാന സവിശേഷതകളിലേക്ക് നമുക്ക് കടന്നുചെല്ലാം.

## ശിലാമണ്ഡലം (സ്ഥലമണ്ഡലം)

നാം ജീവിക്കുന്ന ഭൗമോപരിതലം ശിലകളും മണ്ണും ഉൾപ്പെടുന്നതാണെന്ന് നിങ്ങൾക്കറിയാമല്ലോ. അതുകൊണ്ടു തന്നെ ഭൂമിയുടെ ഖരാവസ്ഥയിലുള്ള നേർത്ത പുറംപാളിക്ക് ശിലാമണ്ഡലം എന്നാണ് പേര്. ഭൂമിയിൽ ജീവൻ നിലനിർത്തുന്നതിൽ ശിലാമണ്ഡലത്തിന് നിർണായകമായ സ്വാധീനമുണ്ട്.

നമുക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്നത് പ്രധാനമായും സസ്യങ്ങളിൽനിന്നാണല്ലോ. മേൽമണ്ണിന്റെ ആവരണത്തോടു

കൂടിയ ശിലാമണ്ഡലം ഇല്ലായിരുന്നെങ്കിൽ ഭൂമിയിൽ സസ്യങ്ങൾക്ക് വളരാൻ കഴിയു മായിരുന്നോ? സസ്യങ്ങളില്ലെങ്കിലോ? മറ്റ് ജന്തുവർഗങ്ങളൊന്നും തന്നെ ഉണ്ടാകുമാ യിരുന്നില്ല അല്ലേ.

ശിലാമണ്ഡലത്തെ നാം ഏതെല്ലാം വിധ ത്തിൽ പ്രയോജനപ്പെടുത്തുന്നു എന്ന് നോക്കൂ.

- കൃഷിക്കായി ഫലഭൂയിഷ്ഠമായ മണ്ണ് ലഭ്യമാകുന്നു.
- പാർപ്പിടനിർമാണത്തിന് ആവശ്യമായ നിർമാണസാമഗ്രികൾ ലഭ്യമാകുന്നു.
- വൈവിധ്യമാർന്ന സസ്യ-ജന്തുജാലങ്ങൾ ക്ക് വാസയിടമാകുന്നു.
- വൈവിധ്യമാർന്ന ധാതുവിഭവങ്ങൾ ലഭ്യ മാകുന്നു.
- 
- 

നമ്മുടെ നിലനിൽപ്പിൽ ഇത്രയേ റെ പ്രാധാന്യമുള്ള ശിലാമണ്ഡലത്തിന് നാം അറിഞ്ഞും അറിയാതെയും വിവിധ തരത്തിൽ ആഘാതങ്ങൾ ഏൽപ്പിക്കുന്നു. അവ എങ്ങനെയെല്ലാമെന്ന് നോക്കൂ.



പാറപൊട്ടിക്കൽ



വനനശീകരണം



ഖനനം



പ്ലാസ്റ്റിക് മാലിന്യങ്ങൾ

മനുഷ്യന്റെ ഏതെല്ലാം അശാസ്ത്രീയമായ പ്രവർത്തനങ്ങളാണ് ശിലാമണ്ഡലത്തെ നാശോന്മുഖമാക്കുന്നത് എന്ന് എഴുതി ച്ചേർക്കൂ.

- അശാസ്ത്രീയ ഖനനം.
- 

ശിലാമണ്ഡലത്തിന്റെ സുസ്ഥിരതയ്ക്കായി നമുക്ക് എന്തെല്ലാം പ്രവർത്തനങ്ങൾ ഏറ്റെ ടുത്ത് നടപ്പിലാക്കാനാകും?

- പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കാം.
- 
- 
- 

**പ്ലാസ്റ്റിക് ഭീകരൻ**

300 ദശലക്ഷം ടൺ പ്ലാസ്റ്റിക്കാണ് പ്രതിവർഷം ഉൽപ്പാദിപ്പിക്കുന്നത്.

## ജലമണ്ഡലം

സൗരയൂഥത്തിൽ ജലസാന്നിധ്യ മുള്ള ഒരേയൊരു ഗ്രഹമാണ് ഭൂമി. ഭൗമോപ രിതലത്തിന്റെ മൂന്നിൽ രണ്ട് ഭാഗവും ജലമാ ണ്. അതിനാൽ ഭൂമിയെ ജലഗൃഹം എന്ന് വിളിക്കുന്നു.



ചിത്രം നോക്കൂ:

കരകൾക്കിടയിലായി കാണപ്പെടുന്ന വിശാല ജലപ്പരപ്പുള്ള പ്രദേശങ്ങളെ സമുദ്ര ങ്ങൾ എന്നു വിളിക്കുന്നു.

നിങ്ങൾ കുടിവെള്ളത്തിനായി സമുദ്രത്തെ യാണോ ആശ്രയിക്കാറ്?

സമുദ്രങ്ങളെ കൂടാതെ കരകൾക്കു ള്ളിലായി ചെറുതും വലുതുമായ നിരവധി ജലാശയങ്ങളുണ്ട്. തടാകങ്ങൾ, നദികൾ, കുളങ്ങൾ തുടങ്ങിയ ഇത്തരം ജലാശയങ്ങ ളാണ് നമ്മുടെ ശുദ്ധജല സ്രോതസുകൾ. മഴയിലൂടെ ഭൂമിയിലെത്തുന്ന ജലം സമു ദ്രങ്ങളിലും മറ്റ് ജലാശയങ്ങളിലും ഭൂഗർഭ ത്തിലുമായി സംഭരിക്കപ്പെടുന്നു. ഭൂമിയിലെ ജലം മുഴുവൻ ഉൾക്കൊള്ളുന്ന പാരി സ്ഥിതിക മണ്ഡലത്തെ ജലമണ്ഡലം എന്നു വിളിക്കാം.

ഭൂമിയിൽ എവിടെ നിന്നാണ് ജലം എത്തു ന്നത്?

## ജലപരിവൃത്തി

ഭൂമിയിലെ ജലസ്രോതസുകളിൽ നിന്നും സൂര്യന്റെ ചൂടേറ്റ് ജലം നീരാവി യായി ഉയർന്ന് പൊങ്ങുന്നു. ഈ നീരാവി തണുത്ത് മഴയായി പെയ്തിറങ്ങുകയും ചെയ്യുന്നു. മഴയിലൂടെ ഭൗമോപരിതലത്തി ലെത്തുന്ന ജലത്തിന്റെ ഏറിയ പങ്കും ഉപ രിതലത്തിലൂടെ നീർച്ചാലുകളായും നദി കളായും ഒഴുകി സമുദ്രത്തിലെത്തുന്നു. തടാകങ്ങൾ, കുളങ്ങൾ, മറ്റ് ചതുപ്പ് പ്രദേശ ങ്ങൾ എന്നിവിടങ്ങളിലായി വലിയൊരളവ് ജലം സംഭരിക്കപ്പെടുന്നു. മണ്ണിലൂടെയും ഭൗമോപരിതല ശിലകളിലൂടെയും താഴേക്ക് ഊർന്നിറങ്ങുന്ന ജലം ഭൂഗർഭശിലകളിൽ സംഭരിക്കപ്പെടുന്നു. ഇതിനെ ഭൂഗർഭജലം എന്നു വിളിക്കുന്നു. കിണറുകൾ, കുഴൽക്കി ണറുകൾ തുടങ്ങിയ മാർഗങ്ങളിലൂടെ നാം ഭൂഗർഭജലത്തെ ദൈനംദിനം ഉപയോഗപ്പെ ടുത്തുന്നു.

നിങ്ങളുടെ വീട്ടിൽ ആവശ്യമായ ശുദ്ധജലം ഏത് സ്രോതസിൽനിന്നാണ് ലഭിക്കുന്നത്?

സമുദ്രങ്ങളിലും ഭൗമോപരിതലത്തിലും ഭൂഗർഭത്തിലും സസ്യജന്തുജാലങ്ങളിലുമായി സംഭരിക്കപ്പെടുന്ന ജലം വീണ്ടും ബാഷ്പീകരിച്ച് അന്തരീക്ഷത്തിലെത്തുന്നു. ഭൂമിയിലെ ജലത്തിന്റെ അളവ് സന്തുലിതമായി നിലനിർത്തുന്ന ചാക്രിക പ്രക്രിയയെ ജലപരിവൃത്തി എന്ന് വിളിക്കാം.

ദിനംപ്രതി വർദ്ധിച്ചുവരുന്ന ജനസംഖ്യക്ക് ആനുപാതികമായി ഉയരുന്ന ജല ഉപയോഗം പലപ്പോഴും ജലക്ഷാമം സൃഷ്ടിക്കുന്നു. അമിതവും അശാസ്ത്രീയവുമായ ജലവിനിയോഗം മൂലമാണ് പലപ്പോഴും ജലദൗർലഭ്യമുണ്ടാകുന്നത്. ജലദൗലഭ്യത്തിന് കാരണമാകുന്ന മനുഷ്യപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നോക്കൂ:

- വനനശീകരണംമൂലം ജലം ഭൂമിയിൽ താഴ്ന്നിറങ്ങാതെ അതിവേഗം ഒഴുകി കടലിലെത്തുന്നു.
- വ്യാവസായിക ആവശ്യങ്ങൾക്കായി വൻതോതിൽ ജലം ഉപയോഗിക്കുന്നു.
- അമിത ഭൂഗർഭജലചൂഷണം ജലവിതാനം താഴ്ത്തുന്നു.
- വയലുകൾ, ചതുപ്പുകൾ, കുളങ്ങൾ തുടങ്ങിയ തണ്ണീർത്തടങ്ങൾ നികത്തുന്നതുമൂലം വെള്ളത്തിന് കെട്ടിനിൽക്കാനും താഴ്ന്നിറങ്ങാനും കഴിയുന്നില്ല.
- ജലാശയങ്ങളിലേക്ക് ഒഴുക്കിവിടുന്നതും വലിച്ചെറിയപ്പെടുന്നതുമായ വ്യാവസായിക-ഗാർഹിക മാലിന്യങ്ങൾ.
- കൃഷിയിടങ്ങളിൽനിന്നും ഒഴുകിയെത്തുന്ന രാസകീടനാശിനികളും രാസവളങ്ങളും ജലത്തെ മലീമസമാക്കുന്നു.
- ജലം താഴ്ന്നിറങ്ങുന്നതിനെ തടസപ്പെടുത്തുംവിധമുള്ള അശാസ്ത്രീയ നിർമാണങ്ങൾ.

**ജലദിനം**

ജലസംരക്ഷണത്തിന്റെ പ്രാധാന്യം മുൻനിർത്തി മാർച്ച് 22 ലോക ജലദിനമായി ആചരിച്ചുവരുന്നു.

നമുക്ക് ഭൂമിയിലെ ജലമണ്ഡലത്തെ സംരക്ഷിച്ചേ മതിയാവൂ. അതിനായി നമുക്ക് എന്തൊക്കെ ചെയ്യാനാകും.

- വയലുകൾ, കുളങ്ങൾ തുടങ്ങിയ തണ്ണീർത്തടങ്ങളെ സംരക്ഷിക്കാം.
- വനങ്ങൾ, പുൽമേടുകൾ തുടങ്ങി ഭൂമിയുടെ സസ്യാവരണം സംരക്ഷിക്കുന്നതിലൂടെ ഉപരിതല നീരൊഴുക്ക് കുറച്ച് ഭൂഗർഭ ജലവിതാനം ഉയർത്താം.
- തട്ട്കൃഷി, കോണ്ടൂർകൃഷി, പുതയിടൽ തുടങ്ങിയ ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കാം.
- ഗാർഹിക-വ്യാവസായിക മാലിന്യങ്ങൾ



നദികളിലേക്ക് ഒഴുകുന്നത് തടയാം.

- മഴക്കുഴികൾ, മേൽക്കൂര മഴവെള്ളക്കൊയ്ത്ത് തുടങ്ങിയ സംവിധാനങ്ങളിലൂടെ മഴവെള്ളം സംഭരിക്കാം.
- ജലത്തിന്റെ ഊർന്നിറങ്ങലിനെ തടസ്സപ്പെടുത്തുന്ന അശാസ്ത്രീയ നിർമ്മാണങ്ങൾ ഒഴിവാക്കാം.

**മഴവെള്ളക്കൊയ്ത്ത്**

മഴവെള്ളത്തെ തടഞ്ഞു നിർത്തി ശുദ്ധീകരിച്ച് ഉപയോഗിക്കുകയോ ഭൂഗർഭജലവിതാനത്തിന് മുതൽക്കൂട്ടാക്കുകയോ ചെയ്യുന്ന പ്രവർത്തനങ്ങളാണ് മഴവെള്ളക്കൊയ്ത്ത്. മഴക്കുഴികൾ, കുളങ്ങൾ, ചെറുതടയണകൾ എന്നിവ നിർമിക്കുന്നതിലൂടെയും ശാസ്ത്രീയ കൃഷി രീതികളിലൂടെയും പരമ്പരാഗതമായി ഇത് ചെയ്തുവരുന്നു.



മേൽക്കൂരയിൽ വീഴുന്ന മഴവെള്ളത്തെ ശേഖരിച്ച് ശുദ്ധീകരിച്ച് ടാങ്കുകളിൽ സംഭരിക്കുകയോ ഭൂഗർഭജലവിതാനത്തിന്റെ ഭാഗമാക്കുകയോ ചെയ്യുന്ന ശാസ്ത്രീയ രീതിയെ മേൽക്കൂര മഴവെള്ളക്കൊയ്ത്ത് എന്ന് വിളിക്കുന്നു.

## വായുമണ്ഡലം

ഭൂമിയെ ആവരണം ചെയ്ത് നിലനിൽക്കുന്ന വായുമണ്ഡലമാണ് അന്തരീക്ഷം. ഏകദേശം 10000 കിലോമീറ്റർ ഉയരംവരെ അന്തരീക്ഷം വ്യാപിച്ചിരിക്കുന്നതായി കണക്കാക്കുന്നു. വിവിധതരം വാതകങ്ങൾ, നീരാവി, പൊടിപടലങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് നമ്മുടെ അന്തരീക്ഷം. അന്തരീക്ഷത്തിലെ മുഖ്യവാതകങ്ങൾ നൈട്രജനും (78%) ഓക്സിജനുമാണ് (20.9%). ഭൂമിയുടെ ഗുരുത്വാകർഷണബലമാണ് അന്തരീക്ഷ ഘടകങ്ങളെ ഭൂമിയോട് ചേർത്തു നിർത്തുന്നത്. അതിനാൽ അന്തരീക്ഷഭാരത്തിന്റെ ഏറിയപങ്കും ഭൂമിയോടടുത്തായി നിലകൊള്ളുന്നു. അന്തരീക്ഷം നമുക്ക് ഏതെല്ലാം രീതിയിൽ പ്രയോജനപ്രദമാകുന്നുവെന്ന് നോക്കാം:

- നമുക്കും സസ്യജന്തുജാലങ്ങൾക്കും ജീവവായു പ്രദാനം ചെയ്യുന്നു.
- താപനില നിയന്ത്രിച്ച് ഭൂമിയെ വാസയോഗ്യമാക്കുന്നു.
- കാറ്റ്, മഴ, മഞ്ഞ്, താപനില, ആർദ്രത തുടങ്ങിയ അന്തരീക്ഷസ്ഥിതി മാറ്റങ്ങൾക്കും കാലാവസ്ഥാ മാറ്റങ്ങൾക്കും വേദിയാകുന്നു.
- ജലപരിവൃത്തി സാധ്യമാക്കി ഭൂമിയിലെ ജലമണ്ഡലത്തെ സന്തുലിതമാക്കുന്നു.
- ഉൽക്കാപതനത്തിൽനിന്നും ഭൂമിയെ സംരക്ഷിക്കുന്നു.
- ഊർജതരംഗപ്രസരണം സാധ്യമാക്കി വാർത്താവിനിമയത്തെ സഹായിക്കുന്നു.
- വ്യോമ ഗതാഗതം സാധ്യമാക്കുന്നു.

ഭൂമിയുടെ അന്തരീക്ഷത്തിലെ മുഖ്യവാതകങ്ങൾ നൈട്രജൻ, ഓക്സിജൻ, ആർഗൺ, കാർബൺഡൈഓക്സൈഡ് തുടങ്ങിയവയാണ്. ഭൂമിയിൽനിന്നും ബാഷ്പീകരണത്തിലൂടെ ജലം നീരാവിയായി അന്തരീക്ഷത്തിലെത്തുന്നു. അന്തരീക്ഷത്തിലെ പൊടിപടലങ്ങളുടെ പ്രധാന സ്രോതസ്സ് ഭൗമോപരിതലം തന്നെയാണ്.

അന്തരീക്ഷ സംരചനയുടെ 0.03% മാത്രംവരുന്ന കാർബൺഡൈഓക്സൈഡിനെ പ്രകാശസംശ്ലേഷണത്തിനായി ഹരിതസസ്യങ്ങൾ ആഗിരണം ചെയ്യുന്നു. പ്രകാശസംശ്ലേഷണത്തിലൂടെ മോചിപ്പിക്കപ്പെടുന്ന ഓക്സിജൻ ഭൗമാന്തരീക്ഷത്തെ ഓക്സിജൻ സമ്പന്നമാക്കുന്നു. നമ്മുടെ നിലനിൽപ്പിൽ ഹരിതസസ്യങ്ങളുടെ പ്രാധാന്യം ബോധ്യമായില്ലേ?

## സൗരവികിരണവും ഭൗമവികിരണവും

സൂര്യരശ്മികളെ അന്തരീക്ഷം ഭൂമിയിലേക്ക് കടത്തിവിടുന്നു. ഈ ഊർജധാരയെ സൗരവികിരണം (Insolation) എന്നു വിളിക്കാം. ഇതിലൂടെ ഭൗമോപരിതലം ചൂടുപിടിക്കുന്നു. പകൽസമയത്ത് ചൂടുപിടിക്കുന്ന ഭൗമോപരിതലം രാത്രികാലങ്ങളിൽ ഊർജം പുനഃവികിരണം ചെയ്യുന്നു. ഇതിനെ ഭൗമവികിരണം എന്ന് വിളിക്കുന്നു. അതായത് സൗരവികിരണത്തിലൂടെ ഭൂമി ചൂടാകുകയും ഭൗമവികിരണത്തിലൂടെ തണുക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ ഭൗമോപരിതലതാപം അധികം ഉയരാതെയും കുറയാതെയും സന്തുലിതമായി നിലനിർത്താനാകുന്നു.

## അന്തരീക്ഷ മാറ്റങ്ങൾ

ജലപരിവൃത്തിയെപ്പറ്റി നിങ്ങൾ പഠിച്ചല്ലോ. സൗരതാപമേറ്റ് ഭൂമിയിൽനിന്നും ജലം ബാഷ്പമായി ഉയരുന്നു. ഇതിനെ ബാഷ്പീകരണം (Evaporation) എന്ന് വിളിക്കുന്നു. അന്തരീക്ഷത്തിലെത്തുന്ന നീരാവി തണുത്ത് വീണ്ടും ജലകണികകളായി മാറുന്നു. ഈ പ്രക്രിയയെ ഘനീകരണം (Condensation) എന്ന് വിളിക്കുന്നു. അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ കേന്ദ്രീകരിച്ച് ഘനീകരണം കൂടുതലായി നടക്കുകയും രൂപപ്പെടുന്ന ജലകണികകൾ ഈ പൊടിപടലങ്ങളിൽ പറ്റിപ്പിടിച്ച് മേഘങ്ങൾ രൂപംകൊള്ളുകയും ചെയ്യുന്നു.

### അന്തരീക്ഷത്തിലെ നേർത്ത പൊടിപടലങ്ങളെ ഘനീകരണ മർമങ്ങൾ എന്ന് വിളിക്കുന്നു. എന്തുകൊണ്ട്?

മേഘങ്ങളിലെ ജലകണികകൾക്ക് ഭൂഗുരുത്വാകർഷണത്തെ അതിജീവിക്കാൻ കഴിയാതെവരുമ്പോൾ ഈ ജലകണികകൾ വിവിധ രൂപത്തിൽ ഭൂമിയിലേക്ക് പതിക്കുന്നു. ഇതിനെ വർഷണം (Precipitaion) എന്ന് വിളിക്കുന്നു. വർഷണത്തിന്റെ നമുക്ക് ഏറ്റവും പരിചിതമായ രൂപമാണ് മഴ (Rainfall). വർഷണത്തിന്റെ വിവിധ രൂപങ്ങൾ ഏതെല്ലാമെന്ന് നോക്കൂ.

**വർഷണം**

| മഴ | മഞ്ഞ് വീഴ്ച | ആലിപ്പഴവീഴ്ച |
|---|---|---|
| ജലത്തുള്ളികളായി ഭൂമിയിൽ പതിക്കുന്നു. | ഹിമകണികകളായി ഭൂമിയിൽ പതിക്കുന്നു. | മഞ്ഞ് കട്ടകളായി ഭൂമിയിൽ പതിക്കുന്നു. |







## താപവും കാറ്റും

ഭൂമിയിൽ എല്ലായിടത്തും എല്ലായ്പ്പോഴും താപനില ഒരേ അളവിലല്ല. ഒരു പ്രദേശത്ത് അനുഭവപ്പെടുന്ന താപനില അക്ഷാംശസ്ഥാനം, ഉയരം, സമുദ്രസാമീപ്യം, കാറ്റുകൾ തുടങ്ങിയ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നു.

ഉയർന്ന താപനിലയുള്ള പ്രദേശങ്ങളിൽ അന്തരീക്ഷവായു ചൂടുപിടിച്ച് വികസിച്ച് ഉയരുന്നു. തന്മൂലം അവിടെ വായുവിന്റെ സാന്ദ്രത കുറയുന്നു. ചുറ്റുപാടുകളെ അപേക്ഷിച്ച് വായുവിന്റെ സാന്ദ്രത കുറയുന്ന ഇടങ്ങളെ ന്യൂനമർദ മേഖലകൾ എന്നു വിളിക്കുന്നു. എന്നാൽ വായു തണുക്കുന്നയിടങ്ങളിൽ വായു സങ്കോചിച്ച് താഴ്ന്നിറങ്ങുന്നു. വായു കൂടുതൽ സാന്ദ്രമാകുന്നതിനാൽ ഇത്തരം പ്രദേശങ്ങളെ ഉച്ചമർദ മേഖലകൾ എന്ന് വിളിക്കുന്നു.

താരതമ്യേന ഉച്ചമർദം അനുഭവപ്പെടുന്ന ഇടങ്ങളിൽനിന്നും താരതമ്യേന മർദം കുറഞ്ഞയിടങ്ങളിലേക്ക് വായു തിരശ്ചീനമായി പ്രവഹിക്കുന്നു. ഇത്തരത്തിലുണ്ടാകുന്ന വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ. താപ-മർദ സാഹചര്യങ്ങൾക്കനുസരിച്ച് ഭൂമിയിൽ ഇളംകാറ്റുകൾ മുതൽ കൊടുംകാറ്റുകൾ വരെ വിവിധ തരത്തിൽ കാറ്റുകൾ ഉണ്ട്.

## അന്തരീക്ഷത്തെ സന്തുലിതമായി കാക്കണ്ടേ?

അന്തരീക്ഷത്തിന്റെ സംരചനയ്ക്ക് ഉണ്ടാകുന്ന നേരിയ മാറ്റംപോലും ഭൂമിയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴിവച്ചേക്കാം. ലോക കാലാവസ്ഥാമാറ്റം, ആഗോളതാപനം, ഓസോൺ ശോഷണം തുടങ്ങിയ പാരിസ്ഥിതിക പ്രശ്നങ്ങളെപ്പറ്റി നിങ്ങൾ മാധ്യമങ്ങളിൽ വായിക്കാറില്ലേ. ഇതെല്ലാം നമ്മളാൽ അന്തരീക്ഷസന്തുലനം അസ്വസ്ഥമാക്കപ്പെടുന്നതിന്റെ ഫലമാണ്.

അന്തരീക്ഷത്തെ മലിനമാക്കുന്ന മനുഷ്യപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് നോക്കൂ.



വനനശീകരണം



ഫാക്ടറി പുക



വാഹനപുക

ഫോസിൽ ഇന്ധനങ്ങൾ കത്തിക്കുന്നതും വനനശീകരണവും മൂലം അന്തരീക്ഷത്തിൽ കാർബൺഡൈഓക്സൈഡ് തുടങ്ങിയ വാതകങ്ങൾ ക്രമാതീതമായി വന്നുചേരുന്നു. ഇത് വിവിധതരത്തിൽ ഭൂമിയിലെ ജീവജാലങ്ങൾക്ക് ഭീഷണിയുയർത്തുന്നു. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്ക് ബദലായി നമുക്ക് എന്തെല്ലാം ചെയ്യാനാകും.

- വനവൽക്കരണം
- 
- 

## ജീവമണ്ഡലം

നാം ജീവിക്കുന്നത് എവിടെയാണ്? മനുഷ്യരെ കൂടാതെ മറ്റേതെല്ലാം ജീവരൂപങ്ങളാണ് ഇവിടെയുള്ളത്?

സൂക്ഷ്മജീവികൾ മുതൽ കരയിലും ജലത്തിലുമായി ജീവിക്കുന്ന ഏറ്റവും വലിയ സസ്യജന്തു ഇനങ്ങൾ വരെയുള്ള വൈവിധ്യമാർന്ന ജീവരൂപങ്ങൾ ഉൾപ്പെട്ടതാണ് ജീവമണ്ഡലം. ശിലാമണ്ഡലം, വായുമണ്ഡലം, ജലമണ്ഡലം എന്നീ മൂന്ന് ഭൗതികമണ്ഡലങ്ങളെയും ആശ്രയിച്ചാണ് ജീവമണ്ഡലത്തിന്റെ നിലനിൽപ്പ് എന്നതുകൊണ്ടുതന്നെ ഭൗമോപരിതലത്തിലും അതിനോടടുത്ത് നിശ്ചിത ഉയരപരിധിയിലും മേൽമണ്ണിന്റെ നിശ്ചിത താഴ്ചവരെയും മാത്രമാണ് ജൈവസാന്നിധ്യമുള്ളത്.




**ജീവോൽപ്പത്തി**

ഏകദേശം 3000 ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് ഭൂമിയുടെ ജലമണ്ഡലത്തിൽ (സമുദ്രത്തിൽ) ഉണ്ടായ ചില സങ്കീർണമായ രാസപ്രക്രിയയുടെ ഫലമാണ് ജൈവോൽപ്പത്തിയുണ്ടായത് എന്ന് കണക്കാക്കുന്നു.

ദീർഘകാലം സമുദ്രത്തിൽ മാത്രമായിരുന്നു ജൈവസാന്നിധ്യം. ക്രമേണ അത് മറ്റ് മണ്ഡലങ്ങളിലേക്ക് വ്യാപിക്കുകയാണുണ്ടായത്.

സ്ഥല-ജല-വായു മണ്ഡലങ്ങളെയും ജീവമണ്ഡലത്തിലെ സഹജീവികളെയും ആശ്രയിച്ചു മാത്രമേ ഭൂമിയിൽ ജീവന് നിലനിൽക്കാനാകൂ. മറ്റ് ഭൗതിക മണ്ഡലങ്ങൾക്കുണ്ടാകുന്ന ഏതൊരു മാറ്റവും ജീവമണ്ഡലത്തെ ബാധിക്കും. സ്ഥല-ജല-വായു മണ്ഡലങ്ങളിൽ സ്വാഭാവികമായോ മനുഷ്യപ്രവർത്തനങ്ങൾ മൂലമോ ഉണ്ടാകുന്ന നേരിയ അസ്വസ്ഥതകൾ പോലും ജീവന്റെ നിലനിൽപ്പിന് ഭീഷണിയുയർത്തിയേക്കാം.

ശതകോടി വർഷങ്ങൾ നീളുന്ന ജൈവപരിണാമ പ്രക്രിയയുടെ ഏറ്റവും ഒടുവിലെ കണ്ണിയാണ് മനുഷ്യൻ. 'ഹോമോസാപിയൻ' എന്ന് ശാസ്ത്രനാമമുള്ള മനുഷ്യവർഗം ഭൂമിയിൽ ഉടലെടുത്തിട്ട് ഏകദേശം 5 ലക്ഷം വർഷങ്ങളേ ആയിട്ടുള്ളൂ. ഇതര ജീവജാലങ്ങളിൽ നിന്നും വ്യത്യസ്ത ജീവിതരീതി പുലർത്തുന്ന ആധുനിക മനുഷ്യനാകട്ടെ ഏകദേശം 10000 വർഷങ്ങളുടെ ചരിത്രമേയുള്ളൂ. സുഖജീവിതത്തിനായി മനുഷ്യൻ സ്വീകരിച്ചുപോരുന്ന വിവേകരഹിതമായ വിഭവവിനിയോഗ രീതികൾ വാസ്തവത്തിൽ ഭൗമപരിസ്ഥിതിയെ ഒന്നാകെയും ജീവമണ്ഡലത്തിലെ മറ്റ് ഘടകങ്ങളെയും നാശോന്മുഖമാക്കുകയാണ്.

### പഠനനേട്ടങ്ങൾ

- ശിലാമണ്ഡലത്തിന്റെ പ്രാധാന്യം വിശദമാക്കുന്നു.
- ശിലാമണ്ഡലത്തെ നാശോന്മുഖമാക്കുന്ന അശാസ്ത്രീയ പ്രവർത്തനങ്ങളെ പട്ടികപ്പെടുത്താനും ബദൽ നിർദേശങ്ങൾ നിർദേശിക്കാനും കഴിയുന്നു.
- ജലപരിവൃത്തി ചിത്രീകരിക്കുന്നു.
- ജലമണ്ഡലത്തെക്കുറിച്ച് വിവരിക്കാനും ജലദൗർലഭ്യത്തിനുള്ള കാരണങ്ങൾ ചൂണ്ടിക്കാട്ടാനും ജലസംരക്ഷണ മാർഗങ്ങൾ നിർദേശിക്കാനും കഴിയുന്നു.
- അന്തരീക്ഷത്തിന്റെ പ്രയോജനങ്ങൾ വിശദമാക്കുന്നു.
- അന്തരീക്ഷ സന്തുലനത്തിന് വിഘാതമുണ്ടാക്കുന്ന ഘടകങ്ങൾ തിരിച്ചറിഞ്ഞ് ബദലുകൾ നിർദേശിക്കുന്നു.
- ജീവമണ്ഡലത്തിന്റെ നിലനിൽപ്പിൽ പ്രാധാന്യം വ്യക്തമാക്കുന്നു.

### വിലയിരുത്തൽ ചോദ്യങ്ങൾ

- ശിലാമണ്ഡലത്തെ നാശോന്മുഖമാക്കുന്ന മനുഷ്യപ്രവർത്തനങ്ങൾ ഏതെല്ലാം?
- 'ജലപരിവൃത്തി' വിശദമാക്കുക.
- ജലദൗർലഭ്യം സൃഷ്ടിക്കുന്നത് മനുഷ്യപ്രവർത്തനങ്ങളാലാണ്. സാധൂകരിക്കുക.
- അന്തരീക്ഷം നമുക്ക് ഏതെല്ലാം തരത്തിൽ പ്രയോജനപ്രദമാണ്?
- ജീവമണ്ഡലത്തെപ്പറ്റി കുറിപ്പ് തയാറാക്കുക.

### തുടർ പ്രവർത്തനങ്ങൾ

സ്ഥല-ജല-വായു മണ്ഡലങ്ങൾക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ നിങ്ങളുടെ പ്രദേശത്ത് നടക്കുന്നുണ്ടോ എന്ന് അന്വേഷിച്ചറിയുക. അത്തരം പ്രവർത്തനങ്ങൾക്ക് ബദൽ നിർദ്ദേശങ്ങൾ മുന്നോട്ട് വെക്കുക.

### സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| സ്ഥലമണ്ഡലം | | | |
| ജലമണ്ഡലം | | | |
| വായുമണ്ഡലം | | | |
| ജീവമണ്ഡലം | | | |



# ഇന്ത്യയെ മനസ്സിലാക്കാം

അധ്യായം 6

'ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദ രീസഹോദരന്മാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു..........'

ഈ വിധം സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞയെടുത്തിട്ടുള്ളത് ഓർക്കുന്നുണ്ടാവുമല്ലോ?

വേഷം, ഭാഷ, ആചാരം, ഭക്ഷണം, വിശ്വാസം എന്നിവയിലുള്ള വൈവിധ്യമാണ് നിങ്ങൾ പ്രതിജ്ഞയിൽ ചൊല്ലിയത്. ഇത്തരം വൈവിധ്യങ്ങൾക്കുള്ള അടിസ്ഥാനകാരണം വൈവിധ്യമാർന്ന ഭൂമിശാസ്ത്ര സവിശേഷതകളാണ്. അവ എന്തൊക്കെയെന്ന് പരി ശോധിക്കാം.






*ഭൂപടം നിരീക്ഷിച്ച് ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

- ഇന്ത്യയുടെ അയൽരാജ്യങ്ങൾ ഏതെല്ലാമാണ്?
- ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളാണ് ഉള്ളത്?
- ഇന്ത്യയുടെ പടിഞ്ഞാറെ അറ്റത്തായി സ്ഥിതിചെയ്യുന്ന സംസ്ഥാനം ഏതാണ്?

- ഇന്ത്യയുടെ കിഴക്കേ അറ്റത്തായി സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതാണ്?
- ഇന്ത്യയുടെ മൂന്ന് വശങ്ങളിലായി വ്യാപിച്ചുകിടക്കുന്ന സമുദ്രം ഏതാണ്?
- ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശങ്ങൾ ഏതെല്ലാം?
- കിഴക്കും പടിഞ്ഞാറുമായി സ്ഥിതി ചെയ്യുന്ന സമുദ്രഭാഗങ്ങൾ ഏതെല്ലാം?
- ഇന്ത്യയിലെഓരോസംസ്ഥാനത്തിന്റെയും തലസ്ഥാനം ഏതെന്ന് തിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.

| സംസ്ഥാനം | തലസ്ഥാനം |
|---|---|
| • കേരളം<br>• | • തിരുവനന്തപുരം<br>• |

## ഇന്ത്യ - ഭൂപ്രകൃതി



### *ഉത്തരപർവതമേഖല*

ഇന്ത്യയുടെ ഏറ്റവും വടക്കായി സ്ഥിതിചെയ്യുന്ന ഭൂപ്രകൃതിവിഭാഗമാണ് ഉത്തരപർവത മേഖല. ഉത്തരപർവതമേഖലയുടെ ഭാഗമാണ് ഹിമാലയ പർവതനിര. ഇവിടെയാണ് ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടികൾ സ്ഥിതിചെയ്യുന്നത്. കാഞ്ചൻജംഗ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ ഹിമാലയം കൊടുമുടിയാണ്.

ഹിമാലയ പർവതനിരയിൽ നിന്നും നിരവധി നദികൾ ഉത്ഭവിച്ച് ഒഴുകുന്നു. ഈ നദികളിൽ പ്രധാന പ്പെട്ടവയാണ് സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നിവ.

### *ഉത്തരമഹാസമതലം*

അതിവിശാലമായതും നിരപ്പായതുമായ ഭൂപ്രദേശങ്ങളാണ് സമതലങ്ങൾ. ഉത്തരമഹാസമതലം സ്ഥിതിചെയ്യുന്നത് ഉത്തരപർവതമേഖലയുടെ തെക്കായിട്ടാണ്. ഹിമാലയത്തിൽനിന്നും ഒഴുകിയെത്തുന്ന നദികൾ വഹിച്ചുകൊണ്ടുവരുന്ന അവസാദങ്ങൾ അടിഞ്ഞുകൂടിയാണ് ഉത്തര മഹാ സമതലം രൂപംകൊണ്ടിട്ടുള്ളത്. അതിനാൽ ഈ സമതലത്തെ സിന്ധു-ഗംഗ-ബ്രഹ്മപുത്ര സമതലങ്ങൾ എന്നും അറിയപ്പെടുന്നു. ഇന്ത്യയിലെ പ്രധാന കാർഷിക മേഖലയാണ് ഇവിടം. നെല്ല്, ഗോതമ്പ്, ചോളം, കരിമ്പ് മുതലായവയാണ് ഈ മേഖലയിൽ കൃഷി ചെയ്യുന്ന മുഖ്യ വിളകൾ.

### *ഉപദ്വീപിയ പീഠഭൂമി*

വൈവിധ്യമാർന്ന ഭൂമിശാസ്ത്രപ്രത്യേകതകളുള്ള ഭൂപ്രകൃതിവിഭാഗമാണ് ഉപദ്വീപിയ പീഠഭൂമി. ചുറ്റുമുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതും മുകൾഭാഗം ഏറക്കുറെ നിരപ്പായതുമായ ഭൂപ്രദേശങ്ങളാണ് പീഠഭൂമികൾ. ഉപദ്വീപിയ പീഠഭൂമിയുടെ ഭാഗങ്ങളാണ് ഡെക്കാൺ പീഠഭൂമി, മാൾവാ പീഠഭൂമി, ഛോട്ടാ നാഗ്പൂർ പീഠഭൂമി എന്നിവ.

കാഠിന്യമേറിയ ശിലക ളാൽ നിർമിതമാണ് ഈ ഭൂപ്രകൃതിവിഭാഗം. ഒട്ടേറെ ധാതുവിഭ വങ്ങൾ ഈ മേഖലയിൽ കാണ പ്പെടുന്നു.

### *തീരസമതലങ്ങൾ*

അറബിക്കടലിനും ബംഗാൾ ഉൾക്കടലിനും സമാന്തരമായി സ്ഥിതിചെയ്യുന്ന സമതലങ്ങളാണ് ഇവ. ഇവയെ പടിഞ്ഞാറൻ തീരസമതലം, കിഴക്കൻ തീരസമതലം എന്നിങ്ങനെ രണ്ടായി തിരിച്ചിരിക്കുന്നു. കേരളം സ്ഥിതിചെയ്യുന്നത് പടിഞ്ഞാറൻ തീരസമതലത്തിലാണ്.

## ഇന്ത്യയിലെ ദ്വീപുകൾ

സമുദ്രത്താൽ ചുറ്റപ്പെട്ട കരഭാഗങ്ങളാണ് ദ്വീപുകൾ. അറബിക്കടലിൽ സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ ഭാഗമായ ദ്വീപുകളാണ് ലക്ഷദ്വീപുകൾ. കവരത്തിയാണ് ഈ ദ്വീപുകളുടെ ആസ്ഥാനം. ബംഗാൾ ഉൾക്കടലിൽ സ്ഥിതിചെയ്യുന്ന ദ്വീപസമൂഹങ്ങളാണ് ആൻഡമാൻ നിക്കോബാർ ദ്വീപുകൾ. ഇവയുടെ ആസ്ഥാനം പോർട്ട്ബ്ലെയർ ആണ്.



*ഭൂപടത്തിൽനിന്നും ഈ ദ്വീപുകളുടെ സ്ഥാനം കണ്ടെത്തുക.*




ചിത്രത്തിൽനിന്നും ഓരോ നദികളും ഏതേതു സംസ്ഥാനങ്ങളിലൂടെ ഒഴുകുന്നുവെന്ന് കണ്ടെത്തി എഴുതുക.




## ഇന്ത്യയിലെ നദികൾ

ഇന്ത്യയിലെ നദികളെ പൊതുവെ ഹിമാലയ നദികൾ എന്നും ഉപദ്വീപിയ നദികൾ എന്നും രണ്ടായി തിരിച്ചിരിക്കുന്നു. ഹിമാലയ പർവതനിരകളിൽ നിന്നും ഉത്ഭവിക്കുന്ന സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നിവയാണ് ഹിമാലയം നദികൾ.

ഉപദ്വീപീയ മേഖലകളിൽ നിന്നും ഉത്ഭവിക്കുന്ന നദികളാണ് ഉപദ്വീപീയനദികൾ. മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, നർമദ, താപ്തി എന്നിവയാണ് ഉപദ്വീപീയനദികൾ.

*ഭൂപടം നിരീക്ഷിച്ച് ഹിമാലയ മേഖലയിൽ നിന്നും ഉത്ഭവിച്ചൊഴുകുന്ന നദികൾ, ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും ഉത്ഭവിച്ചൊഴുകുന്ന നദികൾ എന്നിങ്ങനെ വേർതിരിച്ചറിഞ്ഞ് പട്ടിക പൂർത്തിയാക്കുക.*

| ഹിമാലയ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| • സിന്ധു | • മഹാനദി |
| • | • |
| • | • |
| • | • |

## ഇന്ത്യ - കാലാവസ്ഥ

വൈവിധ്യമാർന്ന കാലാവസ്ഥയാണ് ഇന്ത്യക്കുള്ളത്. താപനില, മഴ എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇന്ത്യയിൽ നാല് വ്യത്യസ്ത ഋതുക്കളാണ് അനുഭവപ്പെടുന്നത്.

- തെക്ക് - പടിഞ്ഞാറൻ മൺസൂൺ കാലം
- വടക്ക് - കിഴക്കൻ മൺസൂൺ കാലം
- ശൈത്യകാലം
- വേനൽക്കാലം

ഇന്ത്യയിലെ പ്രധാന മഴക്കാലമാണ് തെക്ക് - പടിഞ്ഞാറൻ മൺസൂൺ കാലം. കേരളത്തിൽ ഇടവപ്പാതി എന്നും ഈ കാലത്തെ അറിയപ്പെടുന്നു. ഇന്ത്യയിലെ കാർഷിക കാലമാണ് ഇത്. ഇക്കാലത്ത് കേരളത്തിൽ ഉയർന്ന തോതിൽ മഴ ലഭിക്കുന്നു. ഈ കാലത്ത് ലോകത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന മൗസിംറാം ഇന്ത്യയിലാണ്.

വടക്ക് - കിഴക്കൻ മൺസൂൺ കാലം ഒക്ടോബർ, നവംബർ മാസങ്ങളിലാണ് അനുഭവപ്പെടുന്നത്. ഇക്കാലത്ത്ഇന്ത്യയിൽപൊതുവെ മഴയുടെ ലഭ്യതയിൽ ഗണ്യമായ കുറവ് രേഖപ്പെടുത്തുന്നു. കേരളത്തിൽ ഇക്കാലത്ത് ലഭിക്കുന്ന മഴയെ തുലാവർഷം എന്നാണ് അറിയപ്പെടുന്നത്.

ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണ് ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്നത്. ശൈത്യകാലത്ത് തമിഴ്നാടിന്റെ തീരപ്രദേശത്ത് ശക്തമായ മഴ ലഭിക്കുന്നു. ശൈത്യകാലം പൊതുവെ വരണ്ടതായിരിക്കും. ഇന്ത്യയുടെ വടക്കൻ സംസ്ഥാനങ്ങളിൽ ഇക്കാലത്ത് ശക്തമായ തണുപ്പ് അനുഭവപ്പെടുന്നു.

മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ് ഇന്ത്യയിൽ വേനൽക്കാലം അനുഭവപ്പെടുന്നത്. ഇക്കാലത്ത് കേരളത്തിൽ വേനൽമഴ ലഭിക്കുന്നു. ഇടിമിന്നലോടുകൂടിയ മഴയാണ് ഇത്. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലൂടെ ഇക്കാലത്ത് വരണ്ട ഉഷ്ണക്കാറ്റ് വീശുന്നു. ഇതുമൂലം ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ താപനില ഗണ്യമായി ഉയരുന്നു.

## ഇന്ത്യയിലെ സസ്യജാലങ്ങളും ജന്തുജാലങ്ങളും

ഇന്ത്യയുടെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഏറെ വൈവിധ്യങ്ങളുണ്ടെന്ന് മനസിലാക്കിയല്ലോ? ഈ വൈവിധ്യങ്ങൾക്കനുസരിച്ച് സസ്യജാലങ്ങളിലും ജന്തുജാലങ്ങളിലും ഒട്ടേറെ വൈവിധ്യങ്ങളും നമുക്കു കാണാം. മഴക്കാടുകൾ, ഇലപൊഴിയും കാടുകളും, മുൾക്കാടുകളും കുറ്റിക്കാടുകളും, പുൽപ്രദേശങ്ങളും ഇന്ത്യയുടെ നൈസർഗിക സസ്യജാലങ്ങളായി കാണപ്പെടുന്നു.

ആന, സിംഹം, കടുവ, പുലി, കാട്ടുപോത്ത്, മാൻ, മയിൽ, വേഴാമ്പൽ മുതലായ അനേകം പക്ഷി-മൃഗാദികളുടെ ആവാസകേന്ദ്രങ്ങളായ ഈ പ്രദേശങ്ങൾ ഇന്ത്യയുടെ വിലമതിക്കാനാകാത്ത സമ്പത്താണ്.

ഇന്ത്യയുടെ തെക്കേ അറ്റത്തായി അറബിക്കടലിന്റെ തീരത്തായി സ്ഥിതി ചെയ്യുന്ന സംസ്ഥാനമാണ് നമ്മുടെ കേരളം. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ ചില വസ്തുതകൾ പരിശോധിക്കാം.




പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് സഹ്യപർവതത്തിനും ഇടയിലായി കേരളം സ്ഥിതിചെയ്യുന്നു.

*ഭൂപടത്തെ അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.*

- കേരളത്തിൽ ആകെ എത്ര ജില്ലകളാണുള്ളത്?
- ഏറ്റവും തെക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന ജില്ല ഏതാണ്?
- കേരളത്തിന്റെ വടക്കേഅറ്റത്ത് സ്ഥിതിചെയ്യുന്ന ജില്ല ഏതാണ്?
- തീരപ്രദേശമുള്ള ജില്ലകൾ ഏതെല്ലാം?
- സഹ്യപർവത്തിന്റെ ഭാഗമായ ജില്ലകൾ ഏതെല്ലാം?
- അറബിക്കടൽ മുതൽ സഹ്യപർവതം വരെ വ്യാപിച്ചിരിക്കുന്ന ജില്ലകൾ ഏതെല്ലാം?
- കേരളത്തിന്റെ അയൽ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്?
- ഏറ്റവും ചെറിയ ജില്ല ഏത്?
- കടൽത്തീരമില്ലാത്ത ജില്ലകൾ ഏതൊക്കെ?

## ഭൂപ്രകൃതി

പടിഞ്ഞാറ് അറബിക്കടലിനോടു ചേർന്ന മണൽ നിറഞ്ഞ പ്രദേശങ്ങളിൽ തുടങ്ങി കുന്നുകളും താഴ്വരകളും കടന്ന് കിഴക്കൻ അതിർത്തിയിൽ എത്തുമ്പോഴേക്കും കുതിച്ചുപാഞ്ഞൊഴുകുന്ന കാട്ടാറുകളും ഉയരം കൂടിയ കൊടുമുടികളുമുൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് നമ്മുടെ കൊച്ചു കേരളത്തിനുള്ളത്.

സമുദ്രനിരപ്പിൽനിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി കേരളത്തിന്റെ ഭൂപ്രകൃതിയെ മൂന്നായി തിരിക്കാം. മലനാട്, ഇടനാട്, തീരപ്രദേശം എന്നിവയാണ് അവ. ഭൂപടം നിരീക്ഷിച്ച് അവയുടെ സ്ഥാനം മനസിലാക്കുക.




### തീരപ്രദേശം

സമുദ്രനിരപ്പിൽനിന്നും 7.5 മീറ്റർവരെ ഉയരമുള്ള ഭാഗമാണ് തീരപ്രദേശം. പൊതുവെ മണൽ നിറഞ്ഞ ഭൂപ്രദേശമാണിത്. തീരപ്രദേശം ഏകദേശം കേരളത്തിന്റെ തെക്കുമുതൽ വടക്കേ അറ്റംവരെ വ്യാപിച്ചു കിടക്കുന്നു. ഈ ഭാഗമെല്ലാം കടലാക്രമണഭീഷണി നേരിടുന്ന പ്രദേശമാണ്. ജനസാന്ദ്രത വളരെ കൂടുതലുള്ള പ്രദേശമാണ് ഇവിടം.

### ഇടനാട്

സമുദ്രനിരപ്പിൽനിന്നും 7.5 മീറ്റർമുതൽ 75 മീറ്റർവരെ ഉയരമുള്ള ഭൂപ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ഇടനാട്. ചെറിയ കുന്നുകളും താഴ്വരകളും നദീതടങ്ങളുമെല്ലാം ചേർന്നതാണ് ഇടനാട് മേഖല. കായലുകൾ, അഴിമുഖങ്ങൾ, മണൽത്തിട്ടകൾ, തുരുത്തുകൾ, തോടുകൾ എന്നിവ ഈ പ്രദേശത്തിന്റെ പ്രത്യേകതകളാണ്.

### മലനാട്

സമുദ്രനിരപ്പിൽനിന്ന് ഏകദേശം 75 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശമാണ് മലനാട്. ഉയരം കൂടിയ കുന്നുകളും മലകളുമൊക്കെയുള്ള ഈ ഭൂപ്രകൃതി വിഭാഗത്തിൽനിന്നാണ് നമ്മുടെ നദികളെല്ലാം ഉത്ഭവിക്കുന്നത്. ഈ ഭൂപ്രകൃതി വിഭാഗത്തിന്റെ ഭൂരിഭാഗവും വനങ്ങളാണ്. തെക്ക് തമിഴ്നാട് മുതൽ വടക്ക് ഗുജറാത്ത് വരെ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട മലനിരകളുടെ ഭാഗമാണ് കേരളത്തിന്റെ മലനാട് പ്രദേശം.

## കേരളത്തിലെ നദികൾ

പശ്ചിമഘട്ടത്തിൽ നിന്നു ത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുണ്ട്. ഇവയിൽ കബനി, ഭവാനി, പാമ്പാർ എന്നീ നദികൾ കിഴക്കോട്ടൊഴുകുന്നവയാണ്. പെരിയാറാണ് കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി. കേരളത്തിലൂടെ ഒഴുകുന്ന നദികൾ ഏതൊക്കെയെന്ന് ചുവടെ നൽകിയിട്ടുള്ള ഭൂപടത്തിൽ നിന്നും തിരിച്ചറിഞ്ഞെഴുതുക.

*കേരളത്തിന്റെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി പട്ടിക പൂർത്തിയാക്കുക.*

| ഭൂപ്രകൃതി വിഭാഗങ്ങൾ | ഉയരം |
|---|---|
| തീരപ്രദേശം | |
| ഇടനാട് | |
| മലനാട് | |




- നിങ്ങളുടെ ജില്ലയിലൂടെ ഒഴുകുന്ന നദികൾ ഏതെല്ലാം?
- കേരളത്തിലെ നദികൾ ഉത്ഭവിക്കുന്നത് ഏത് ഭൂപ്രകൃതി വിഭാഗത്തിൽനിന്നാണ്?
- കേരളത്തിന്റെ തെക്കേ അറ്റത്തുകൂടി ഒഴുകുന്ന നദി ഏതാണ്?
- കേരളത്തിന്റെ വടക്കേ അറ്റത്തുകൂടി ഒഴുകുന്ന നദി ഏതാണ്?

## കേരളത്തിലെ കായലുകൾ

വേളിക്കായൽ, അഷ്ടമുടിക്കായൽ, വേമ്പനാട്ട് കായൽ, കൊടുങ്ങല്ലൂർ കായൽ, കഠിനംകുളം കായൽ, അഞ്ചുതെങ്ങ് കായൽ, ഇടവാക്കായൽ, പരവൂർ കായൽ, പൊന്നാനിക്കായൽ, കടലുണ്ടിക്കായൽ എന്നിവയാണ് കേരളത്തിലെ പ്രധാന കായലുകൾ. ഇവയിൽ ഏറ്റവും വലിയ കായലാണ് വേമ്പനാട്ട് കായൽ.

കേരളത്തിലെ ശുദ്ധജല തടാകങ്ങളാണ് വെള്ളായണി കായൽ, ശാസ്താംകോട്ട കായൽ, പൂക്കോട്ട് കായൽ എന്നിവ.

## കാലാവസ്ഥ

മിതമായ കാലാവസ്ഥയാണ് കേരളത്തിൽ നിലനിൽക്കുന്നത്. അതികഠിനമായ ചൂടോ തണുപ്പോ കേരളത്തിൽ അനുഭവപ്പെടുന്നില്ല. ഇതിന് കാരണം സമുദ്രസാമീപ്യമാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്ക് - പടിഞ്ഞാറൻ മൺസൂൺ കാലത്താണ്. ഈ കാലത്തെ ഇടവപ്പാതി എന്നാണ് അറിയപ്പെടുന്നത്. കാലവർഷം എന്നും അറിയപ്പെടുന്നു.

വടക്കു - കിഴക്കൻ മൺസൂൺ കാലത്തെ തുലാവർഷം എന്നറിയപ്പെടുന്നു. ഉച്ചയ്ക്കുശേഷം ഇടിമിന്നലോടുകൂടി ലഭിക്കുന്ന മഴയാണ് ഇത്.

ഡിസംബർ മാസത്തോടെ കേരളത്തിൽ നേരിയ തണുപ്പ് അനുഭവപ്പെടുന്നു. സമുദ്രസാമീപ്യം കൊണ്ടാണ് ശൈത്യകാലം കാഠിന്യമേറിയതാവാത്തത്.

## പഠനനേട്ടങ്ങൾ

- ഏഷ്യ വൻകരയുടെ ഭാഗമായ ഇന്ത്യയുടെ സ്ഥാനം അതിരുകൾ, സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് വ്യക്തമാക്കുന്നു.
- ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗങ്ങളെ വിശദീകരിച്ച് കുറിപ്പ് തയാറാക്കുന്നു.
- ഇന്ത്യയിലെ നദികളെ ഹിമാലയത്തിൽനിന്നും ഉത്ഭവിക്കുന്നവ, ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും ഉത്ഭവിക്കുന്നവ എന്നിങ്ങനെ തരംതിരിച്ച് പട്ടിക തയാറാക്കുന്നു.
- ഇന്ത്യയിലെ കാലാവസ്ഥ, സസ്യ-ജന്തുജാലങ്ങൾ എന്നിവയിലെ വൈവിധ്യങ്ങൾ വിശദീകരിക്കുന്നു.
- കേരളത്തിന്റെ ഭൂമിശാസ്ത്ര സവിശേഷതകൾ വിശദീകരിച്ച് കുറിപ്പ് തയാറാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ചുവടെ നൽകിയിട്ടുള്ളവയിൽ കേരളത്തിന്റെ അയൽ സംസ്ഥാനം അല്ലാത്തത് ഏതെല്ലാം?
  a. തമിഴ്നാട് b. ഗോവ
  c. കർണാടകം d. ആന്ധ്രാപ്രദേശ്
- ഉത്തരപർവതമേഖലയുടെ തെക്കായി സ്ഥിതിചെയ്യുന്ന ഭൂപ്രകൃതിവിഭാഗം ഏതാണ്?
- ഇന്ത്യയുടെ വടക്ക് ഭാഗത്ത് സ്ഥിതിചെയ്യുന്ന അയൽരാജ്യങ്ങൾ ഏതെല്ലാം?
- ഉപദ്വീപീയ പീഠഭൂമിയിലൂടെ കിഴക്കോട്ടൊഴുകുന്ന നദികൾ ഏതെല്ലാം?
- കേരളത്തിൽ അനുഭവപ്പെടുന്ന മഴക്കാലങ്ങൾ ഏതെല്ലാം?
- കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങളെ അടിസ്ഥാനമാക്കി കുറിപ്പെഴുതുക.

## തുടർപ്രവർത്തനങ്ങൾ

- അറ്റ്ലസ് തയാറാക്കുക. ഇന്ത്യയുടെ രൂപരേഖകളിൽ ഭൂപ്രകൃതി വിഭാഗങ്ങൾ, സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ നദികൾ എന്നിവ അടയാളപ്പെടുത്തിയത്.
- കേരളത്തിന്റെ രൂപരേഖകളിൽ ഭൂപ്രകൃതി, നദികൾ, ജില്ലകൾ എന്നിവ അടയാളപ്പെടുത്തിയത്.

## സ്വയം വിലയിരുത്തൽ

| | പൂർണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനനിർണ്ണയം | | | |
| ഭൂപ്രകൃതി വിഭാഗങ്ങളെക്കുറിച്ചുള്ള വസ്തുതകൾ വിശദീകരിക്കൽ | | | |
| ഇന്ത്യയിലെ വിവിധ നദികൾ, അവയുടെ പ്രത്യേകത, സ്ഥാനം എന്നിവ മനസ്സിലാക്കാൻ | | | |
| ഇന്ത്യയുടെ കാലാവസ്ഥയുടെ സവിശേഷതകൾ വിശദീകരിക്കാൻ കഴിയുന്നു | | | |
| കേരളത്തിന്റെ ഭൂപ്രകൃതി, അവയുടെ സ്ഥാനം എന്നിവയെക്കുറിച്ച് ധാരണ രൂപപ്പെടുത്തിയിട്ടുണ്ട് | | | |
| കേരളത്തിലെ നദികൾ, കാലാവസ്ഥ എന്നിവയെക്കുറിച്ച് ധാരണ രൂപപ്പെടുത്തിയിട്ടുണ്ട് | | | |



# ഉൽപാദന ഘടകങ്ങളും സമ്പദ്ഘടനയിലെ വിവിധ മേഖലകളും

അധ്യായം 7

**ആമുഖം**

മനുഷ്യൻ അവന്റെ ആവശ്യങ്ങൾ നിറവേറ്റാൻ വിവിധ ങ്ങളായ വസ്തുക്കളും സേവനങ്ങളും ഉപയോഗിക്കുന്നു. ഈ ഉൽ പന്നങ്ങളുടെ ഉൽപ്പാദന പ്രക്രിയക്ക് ആവശ്യമായ മനുഷ്യാദ്ധ്വാ നം ഉൾപ്പെടെയുള്ള വിവിധ ഉൽപ്പാദന ഘടകങ്ങളെക്കുറിച്ച് നാം അറിയേണ്ടതുണ്ട്. സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹ ത്തെക്കുറിച്ച് ധാരണ നേടണം. സമ്പദ്ഘടനയിൽ കാർഷിക മേഖല, വ്യവസായ മേഖല, സേവന മേഖല എന്നിവയുടെ പരസ്പരബന്ധ വും പ്രാധാന്യവും നാം മനസിലാക്കേണ്ടതുണ്ട്.

രാജ്യം നേരിടുന്ന സാമ്പത്തികപരമായ പ്രശ്നങ്ങൾ മനസി ലാക്കാനും അവയെ പരിഹരിക്കുന്നതിനുള്ള പരിപാടികൾ രൂപീകരി ക്കാനും ഈ അറിവ് ആവശ്യമാണ്.

സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്രസാങ്കേതിക രംഗത്തും സാമൂ ഹ്യ സാമ്പത്തിക രംഗത്തും വലിയ വളർച്ച നേടിയിട്ടും രാജ്യമിന്നും നേ രിടുന്ന ഒരു പ്രധാന പ്രശ്നമാണ് ദാരിദ്ര്യം. മാറുന്ന കാലത്തിനനുസരിച്ച് ദാരിദ്ര്യമെന്ന പ്രശ്നത്തെക്കുറിച്ചുള്ള കാഴ്ചപ്പാടിൽ വന്ന മാറ്റങ്ങളും ദാരിദ്ര്യനിർമാർജ്ജനത്തിനായി ഗവൺമെന്റ് നടപ്പിലാക്കുന്ന പദ്ധതി കളും അവ എപ്രകാരം ദാരിദ്ര്യനിർമാർജ്ജനത്തിലേയ്ക്ക് നയിക്കുന്നു വെന്നും വിശകലനം ചെയ്യുന്നതിന് പ്രാപ്തി നേടുന്നതിന് സഹായക മാകുന്ന പാഠഭാഗമാണിത്.





നാം ദൈനംദിന ജീവിതത്തിൽ നിരവധി വസ്തുക്കളും സേവനങ്ങളും ഉപയോഗിക്കുന്നുണ്ട്. അവയിൽ ചിലതിന്റെ ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. അവ നിരീക്ഷിച്ച് നാം ഉപയോഗപ്പെടുത്തുന്ന ഉൽപ്പന്നങ്ങളുടെ പട്ടിക വിപുലീകരിക്കുക.

| ഉൽപ്പന്നങ്ങൾ |
| --- |
| • കുട |
| • പുസ്തകം |
| • ഗതാഗതം |
| • ബാങ്കിംഗ് |
| • |
| • |

ഇന്ന് നാം ഉപയോഗിക്കുന്ന അനവധിയായ ഉൽപ്പന്നങ്ങളെല്ലാം എങ്ങനെയാണ് ഉണ്ടാകുന്നതെന്നും, അവയുടെ ഉൽപ്പാദന പ്രക്രിയക്ക് ആവശ്യമായ ഘടകങ്ങളെന്തൊക്കെയാണെന്നും ഇനി നമുക്ക് പരിചയപ്പെടാം.

## ഉൽപ്പാദനം (Production)

മനുഷ്യന്റെ ആവശ്യങ്ങൾ നിറവേറ്റാൻ സാധനങ്ങളും സേവനങ്ങളും നിർമിക്കുന്ന പ്രക്രിയയാണ് ഉൽപ്പാദനം. ഉദാ: ഭക്ഷ്യവസ്തുക്കളുടെ ഉൽപ്പാദനം, വാഹനനിർമാണം, ഗതാഗതം.

### ശങ്കരേട്ടന്റെ കൃഷിപാഠം

ഓരോ അരിമണിയും എങ്ങനെ ഉണ്ടാകുന്നുവെന്നറിഞ്ഞ് ആഹാരത്തിന്റെ വില മനസിലാക്കിക്കുന്നതിനാണ് നഗരത്തിൽ വളർന്ന ഉണ്ണിക്കുട്ടനെ അവന്റെ അച്ഛൻ ശങ്കരേട്ടനൊപ്പം പാടത്തേക്കയച്ചത്. പാടവും കൃഷിയുമെല്ലാം ഉണ്ണിക്കുട്ടന് കൗതുകക്കാഴ്ചയായിരുന്നു.



വറീതു ചേട്ടന്റെ പാടത്തെ കാള പൂട്ടലും, രാമേട്ടന്റെ വയലിലെ ട്രാക്ടർ ഉപയോഗിച്ചുള്ള നിലമൊരുക്കലുമെല്ലാം ഉണ്ണിക്കുട്ടൻ നേരിൽ കണ്ടു. വരമ്പൊരുക്കുന്നതും വയലൊരുക്കുന്നതുമെല്ലാം ശങ്കരേട്ടൻ വിശദീകരിച്ചുകൊടുത്തു.

വിത്തുവിത, ഞാറുപറിക്കൽ, ഞാറുനടീൽ - എന്നിവയൊക്കെ പറയുമ്പോൾ ശങ്കരേട്ടനും വലിയ ആവേശത്തിലായിരുന്നു. ഞാറ്റുപാട്ടിനൊപ്പമുള്ള ഞാറ്റുനടീൽ കണ്ടുനിൽക്കുന്നത് ഉണ്ണിക്കുട്ടനും സന്തോഷമുള്ള ഒരനുഭവമായിരുന്നു.

കളപറിക്കലും വളമിടലും കീടനാശിനി പ്രയോഗവുമൊക്കെ പറയുമ്പോൾ ശങ്കരേട്ടന്റെ വാക്കുകളിൽ അമർഷം നിറഞ്ഞു. ''മാരക വിഷം കൊണ്ട് മണ്ണും മനുഷ്യനും മരിക്കുകയാണ്. കുടിവെള്ളം വരെ മലിനമാകുന്നു.''

കൊയ്ത്ത്, മെതി, നെല്ല് സംഭരണം, വാഹനത്തിൽ നെല്ല് ചാക്ക് നിറച്ചുള്ള യാത്ര, നെല്ല് പുഴുങ്ങൽ, കുത്തി അരിയാക്കൽ തുടങ്ങിയവയൊക്കെ പറയുമ്പോൾ ശങ്കരേട്ടൻ പോയകാല കാർഷിക സമൃദ്ധിയുടെ ഉത്സവനിറവിലായിരുന്നു.

വിശപ്പിന്റെ വിളി ഉയർന്നപ്പോൾ അവർ പാടവരമ്പിലൂടെ തറവാട്ടിലേക്ക് തിരിച്ചുനടന്നു. ''പട്ടിണി കിടക്കുമ്പോഴാണ് മോനേ ഓരോ അരിമണിയുടെയും മൂല്യം നാമറിയുക.'' ശങ്കരേട്ടന്റെ വാക്കുകൾ ഉണ്ണിക്കുട്ടന് പുതിയ തിരിച്ചറിവായി. ഇനിയൊരിക്കലും ആഹാരം പാഴാക്കില്ലെന്ന് ശങ്കരേട്ടന് വാക്കുകൊടുത്താണവൻ നഗരത്തിലേക്ക് തിരിച്ചുപോയത്.

ശങ്കരേട്ടന്റെ കൃഷിപാഠത്തിലൂടെ അരി ഉൽപ്പാദനവുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉണ്ണിക്കുട്ടൻ മനസിലാക്കിയത് എന്ന് പറയാമോ?

- വരമ്പൊരുക്കൽ
- വയലൊരുക്കൽ
- വിത്തുവിതയ്ക്കൽ
- ഞാറുനടീൽ
- ഞാറുപറിക്കൽ
- 

ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ, അല്ലേ? നെല്ല് ഉൽപ്പാദനം സാധ്യമാകണമെങ്കിൽ എന്തൊക്കെ വിഭവങ്ങൾ ആവശ്യമുണ്ടെന്ന് ഇനി നിങ്ങൾ ലിസ്റ്റു ചെയ്യുക.

- ഭൂമി
- ജലം
- കാർഷിക ഉപകരണങ്ങൾ
- യന്ത്രങ്ങൾ
- വിത്ത്
- വളം
- കീടനാശിനി
- പണം
- തൊഴിലാളികൾ
- വാഹനം
- സംഘടിപ്പിക്കുന്ന ആൾ

ഇവയെല്ലാം സംയോജിക്കുമ്പോഴാണ് ഉൽപ്പാദനം നടക്കുന്നത്.

## ഉൽപ്പാദന ഘടകങ്ങൾ

ഉൽപ്പാദനത്തിന് സഹായിക്കുന്ന വിവിധ ഘടകങ്ങളെയാണ് ഉൽപ്പാദന ഘടകങ്ങൾ എന്നു പറയുന്നത്.

ഉൽപ്പാദന ഘടകങ്ങളെ നാലായി തരംതിരിക്കാം.

1. ഭൂമി (Land)
2. അദ്ധ്വാനം (Labour)
3. മൂലധനം (Capital)
4. സംഘാടനം (Organistion)

### *ഭൂമി (Land)*

ഉൽപ്പാദനത്തിനുപയോഗിക്കുന്ന എല്ലാ പ്രകൃതി വിഭവങ്ങളെയും ഭൂമി എന്ന ഘടകത്തിൽ ഉൾപ്പെടുത്തുന്നു. മണ്ണ്, ജലം, വായു, ധാതുക്കൾ എന്നിവയെല്ലാം ഭൂമി എന്നതിൽ ഉൾക്കൊള്ളുന്നു. ഭൂമിക്ക് നൽകുന്ന പ്രതിഫലമാണ് പാട്ടം (Rent).

### *അദ്ധ്വാനം (Labour)*

തൊഴിലാളികളുടെ അദ്ധ്വാനശേഷിയാണ് ഉൽപ്പാദനത്തിന്റെ മറ്റൊരു ഘടകം. പ്രതിഫലത്തിനായി ചെയ്യുന്ന കായികവും മാനസികവുമായ എല്ലാ തൊഴിലുകളും

| ഭൂമി |
|---|
| • ഭൗമോപരിതലത്തിലും ഭൗമാന്തർഭാഗത്തും അന്തരീക്ഷത്തിലുമെല്ലാം ഉള്ള പ്രകൃതി വിഭവങ്ങൾ ഭൂമി എന്നതിൽ ഉൾപ്പെടുന്നു. |
| • ഭൂമിയുടെ മൊത്തം അളവ് വർദ്ധിപ്പിക്കാനാവില്ല. |
| • ഭൂമി ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകാനാവില്ല. |
| • ഭൂമിയുടെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കാം. |

**പരിസ്ഥിതി മലിനീകരണം ഉൽപ്പാദന പ്രക്രിയയെ ഏതെങ്കിലും വിധത്തിൽ പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ടോ? വിശദീകരിക്കുക.**

അദ്ധ്വാനം എന്നതിൽ ഉൾപ്പെടുന്നു. അദ്ധ്വാനത്തിനുള്ള പ്രതിഫലമാണ് വേതനം അഥവാ കൂലി (Wage).

താഴെ കൊടുത്തിരിക്കുന്ന തൊഴിലുകളെ കായികാദ്ധ്വാനം, മാനസി കാദ്ധ്വാനം എന്നിങ്ങനെ പട്ടികപ്പെടുത്തുക.

കെട്ടിട നിർമാണം, ഡ്രൈവിംഗ്, പാറപൊട്ടിക്കൽ, അദ്ധ്യാപനം, റോഡ്ടാറിംഗ്, നിലമുഴുതുമറിക്കൽ, രോഗിയെ ചികിത്സിക്കൽ, എഞ്ചിനീയറിംഗ്.

| തൊഴിൽ | |
|---|---|
| **കായികാദ്ധ്വാനം** | **മാനസികാദ്ധ്വാനം** |
| | |



ഏതെങ്കിലും തൊഴിലുകളിൽ വേതന കാര്യത്തിൽ സ്ത്രീകളോട് വിവേചനം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? വിവേചനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെ?

സ്ത്രീ-പുരുഷ വിവേചനമില്ലാതെ തുല്യജോലിക്ക് തുല്യ വേതനം ലഭിക്കുന്ന തൊഴിൽ മേഖലകളേതൊക്കെ? ഇത് സാദ്ധ്യമായതെങ്ങനെ? ചർച്ച ചെയ്യുക.

| അദ്ധ്വാനം |
|---|
| • അദ്ധ്വാനശേഷി മറ്റൊരു ദിവസത്തേക്ക് സൂക്ഷിച്ചുവയ്ക്കാനാവില്ല. |
| • അദ്ധ്വാനം നൽകുന്നത് തൊഴിലാളികളാണ്. |
| • അദ്ധ്വാനശേഷി തൊഴിലാളികളിൽനിന്നും വേർപെടുത്താനാവില്ല. |
| • അദ്ധ്വാനശേഷി ആരോഗ്യം, വിദ്യാഭ്യാസം, പരിശീലനം എന്നിവയിലൂടെ മെച്ചപ്പെടുത്താം. |

## *മൂലധനം (Capital)*

ഉൽപ്പാദനത്തിന് ഉപയോഗിക്കുന്നതും, കാണാനും സ്പർശിക്കാനും സാധിക്കുന്നതുമായ മനുഷ്യനിർമിത വസ്തുക്കളെയെല്ലാം ചേർത്താണ് മൂലധനം എന്നു വിളിക്കുന്നത്. യന്ത്രങ്ങൾ, കെട്ടിടങ്ങൾ, പണം മുതലായവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. മൂലധനത്തിനുള്ള പ്രതിഫലമാണ് പലിശ (Interest).

| മൂലധനം | |
|---|---|
| • സ്ഥിരമൂലധനം : | തുടർച്ചയായി ഉപയോഗപ്പെടുത്താവുന്ന മൂലധനം. *ഉദാ:* ഫാക്ടറി. |
| • പ്രവർത്തന മൂലധനം : | അതതു സമയങ്ങളിലെ പ്രവർത്തന ആവശ്യങ്ങൾക്കുള്ള മൂലധനം. *ഉദാ:* അസംസ്കൃത വസ്തുക്കൾ. |
| • പണമൂലധനം : | മൂലധന വസ്തുക്കൾ വാങ്ങുന്നതിനുള്ള പണം. |

## *സംഘാടനം (Organisation)*

ഉൽപ്പാദന ഘടകങ്ങളെയെല്ലാം കൂട്ടിയോജിപ്പിക്കുന്ന പ്രവർത്തനമാണ് സംഘാടനം. സംഘാടനം നടത്തുന്ന ആളെ സംരംഭകൻ (സംഘാടകൻ) എന്നു വിളിക്കുന്നു. സംഘാടനത്തിനു നൽകുന്ന പ്രതിഫലമാണ് ലാഭം (Profit).

**സംരംഭകന്റെ കഴിവുകൾ വികസിപ്പിക്കുന്നതിന് പരിശീലനം എങ്ങനെയെല്ലാം സഹായിക്കും? ഉദാഹരണ സഹിതം വിവരിക്കുക.**

| പട്ടിക പൂർത്തിയാക്കുക | |
|---|---|
| **ഉൽപ്പാദന ഘടകങ്ങൾ** | **പ്രതിഫലം** |
| ഭൂമി | .............................. |
| അദ്ധ്വാനം | .............................. |
| മൂലധനം | .............................. |
| സംഘാടനം | .............................. |

## സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹം

നാം വരുമാനം ലഭിക്കാൻ വേണ്ടി വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ടല്ലോ? ഇങ്ങനെ ലഭിക്കുന്ന വരുമാനം നാം എന്തിനൊക്കെ വേണ്ടിയാണ് ഉപയോഗിക്കുന്നത്?

സമ്പദ് വ്യവസ്ഥയിലെ ഗാർഹിക യൂണിറ്റ്, ഉൽപ്പാദന യൂണിറ്റ് എന്നിവയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ചിത്രീകരിച്ചിരിക്കുന്ന ചിത്രം താഴെ കൊടുത്തിരിക്കുന്നു. വിശകലനം ചെയ്ത് ലഘു കുറിപ്പ് തയ്യാറാക്കുക.




**സമ്പദ്‌വ്യവസ്ഥയിലെ വിവിധമേഖലകൾ**




വരുമാനം ലഭിക്കാൻ വേണ്ടി നമ്മുടെ നാട്ടിലെ ജനങ്ങൾ ഏർപ്പെട്ടിരിക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്ന ചില ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഈ ചിത്രങ്ങൾ നിരീക്ഷിച്ച് ഇതുപോലുള്ള ഏതാനും സാമ്പത്തികപ്രവർത്തനങ്ങൾ ലിസ്റ്റ് ചെയ്യാമോ?

- കൃഷി
- മത്സ്യബന്ധനം
- തയ്യൽ
- ഗതാഗതം
- അദ്ധ്യാപനം
- ചികിത്സ

ഇവയിലൽ ചിലത് സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്നവയും മറ്റുള്ളവ സേവനങ്ങൾ നൽകുന്നവയുമാണ്.

സാമ്പത്തിക പ്രവർത്തനങ്ങളെ പ്രധാനമായി മൂന്ന് മേഖലകളായി തിരിക്കാം.

1. പ്രാഥമിക മേഖല
2. ദ്വിതീയ മേഖല
3. തൃതീയ മേഖല

### *പ്രാഥമിക മേഖല (കാർഷിക മേഖല)*

പ്രകൃതിയുമായി നേരിട്ട് ഇടപഴകി ഉൽപ്പാദനം നടത്തുന്ന മേഖലയാണ് പ്രാഥമിക മേഖല.പ്രകൃതിവിഭവങ്ങളെ ഉപയോഗപ്പെടുത്തിയാണ് പ്രാഥമിക മേഖലയിൽ ഉൽപ്പാദനം നടത്തുന്നത്. ഉദാ: കൃഷി, മത്സ്യബന്ധനം, നായാട്ട്, ഖനനം.

### *ദ്വിതീയ മേഖല*

പ്രാഥമിക മേഖലയിലെ ഉൽപ്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ച് വ്യവസായപ്രക്രിയയിലൂടെ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന മേഖലയാണ് ദ്വിതീയ മേഖല. ഉദാ: തുണി നിർമാണം, ടയർ നിർമാണം, വൈദ്യുതി ഉൽപാദനം, വാഹനനിർമാണം, യന്ത്രങ്ങൾ മുതലായവ.

### *തൃതീയ മേഖല (സേവന മേഖല)*

സേവന പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന മേഖലയാണ് തൃതീയ മേഖല. സേവനങ്ങൾ മാത്രമാണ് ഇവിടെ ഉൽപ്പാദിപ്പിക്കപ്പെടുന്നത്. ഉദാ: ഗതാഗതം, വിദ്യാഭ്യാസം, ബാങ്കിംഗ്, വാർത്താവിനിമയം, വ്യാപാരം തുടങ്ങിയവ.

ഈ മൂന്നു മേഖലകളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരു മേഖല മറ്റൊരു മേഖലയുടെ വളർച്ചയ്ക്ക് സഹായിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന ചിത്രം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.



**പഞ്ചസാര കമ്പോളത്തിലൂടെ ജനങ്ങളുടെ കൈകളിലേക്ക് എത്തുമ്പോൾ ഏതെല്ലാം മേഖലകളുടെ പരസ്പരബന്ധം സാധ്യമായിരിക്കും? എങ്ങനെയെല്ലാം ? വിശദീകരിക്കുക.**

**വിവിധ മേഖലകളിലെ തൊഴിൽലഭ്യത സംബന്ധിച്ച് താഴെ കൊടുത്തിരിക്കുന്ന പട്ടിക വിശകലനം ചെയ്യുക.**

| മേഖല | 1993 | 2005 | 2011 |
|---|---|---|---|
| പ്രാഥമിക മേഖല | 64.9 | 56.5 | 53.2 |
| ദ്വിതീയ മേഖല | 14.2 | 18.7 | 21.5 |
| തൃതീയ മേഖല | 20.9 | 24.8 | 25.3 |
| ആകെ | 100 | 100 | 100 |

*അവലംബം: ഇക്കണോമിക് സർവ്വെ 2012-13*

## ദാരിദ്ര്യ നിർമാർജനം

സ്വാതന്ത്ര്യാനന്തര ഭാരതം ഏഴു ദശകം പിന്നിട്ടിട്ടും നമ്മുടെ രാജ്യം നേരിടുന്ന ഗുരുതരമായ ഒരു പ്രശ്നമാണ് ദാരിദ്ര്യം.

നിങ്ങളുടെ വീടുകളിൽ റേഷൻ കാർഡുകളുണ്ടാകുമല്ലോ? ഏതൊക്കെ നിറത്തിലുള്ള റേഷൻ കാർഡുകളാണ് ഇപ്പോൾ കാർഡുടമകൾക്കായി വിതരണം ചെയ്തിട്ടുള്ളത്? ഈ റേഷൻ കാർഡുകളുടെ നിറവ്യത്യാസത്തിന്റെ അടിസ്ഥാനമെന്താണെന്നറിയുമോ? എ.പി.എൽ., ബി.പി.എൽ. എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്?

## ദാരിദ്ര്യം

മനുഷ്യന്റെ അടിസ്ഥാന ജീവിതാവശ്യങ്ങൾ നിറവേറ്റാൻ പറ്റാത്ത അവസ്ഥയാണ് ദാരിദ്ര്യം. ആഹാരം, വസ്ത്രം, പാർപ്പിടം, ശുദ്ധജലം, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കാൻ സാധിക്കാത്ത അവസ്ഥയെ ദാരിദ്ര്യം എന്നു വിശേഷിപ്പിക്കുന്നു.

| ദാരിദ്ര്യം |
|---|
| ആസൂത്രണ കമ്മീഷന്റെ മാനദണ്ഡം പ്രകാരം ഗ്രാമങ്ങളിൽ 2400 കലോറിയിൽ താഴെയും നഗരങ്ങളിൽ 2100 കലോറിയിൽ താഴെയും മാത്രം പോഷകാഹാരം ലഭിക്കുന്നവരെയാണ് ദരിദ്രരായി കണക്കാക്കപ്പെടുന്നത്. |

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി**

തൊഴിൽലഭ്യത ഉറപ്പുവരുത്തിക്കൊണ്ട് ലക്ഷ്യം ദാരിദ്ര്യനിർമ്മാർജ്ജനം ലക്ഷ്യം വച്ച് ഇന്ത്യാ ഗവൺമെന്റ് നടപ്പാക്കുന്ന ഒരു പദ്ധതിയാണ് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. 18 വയസ്സിനു മുകളിലുള്ള ഏതൊരാൾക്കും 100 ദിവസത്തെ തൊഴിൽ ഉറപ്പുനൽകുന്ന പദ്ധതിയാണിത്. 2005ലാണ് ഈ നിയമം നടപ്പിൽ വന്നത്.

താഴെ കൊടുത്തിരിക്കുന്ന ചാർട്ട് വിശകലനം ചെയ്ത് ഈ പദ്ധതി ദാരിദ്ര്യ നിർമാർജനത്തിന് സഹായിക്കുന്നതെങ്ങനെ എന്നതിനെ കുറിച്ച് ലഘു കുറിപ്പ് തയാറാക്കുക.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ⇒ തൊഴിൽ ⇒ വരുമാനം ⇒ വാങ്ങൽ ശേഷി വർദ്ധിക്കുന്നു ⇒ ദാരിദ്ര്യ നിർമാർജനം

ദാരിദ്ര്യ നിർമാർജനത്തിനായി ഇന്ത്യയിൽ നടപ്പാക്കുന്ന മറ്റേതെല്ലാം പദ്ധതികളും പരിപാടികളും നിങ്ങൾക്കറിയാം? അവയെ കുറിച്ച് വിവരശേഖരണം നടത്തി കുറിപ്പ് തയാറാക്കുക.

- അന്ത്യോദയ അന്നയോജന പദ്ധതി
- 
- 
- 

രാജ്യത്തെ ജനങ്ങൾക്ക് എല്ലാവർക്കും മാറിയ കാലത്തിനനുസരിച്ച് അവരുടെ വിപുലമാകുന്ന അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ സാഹചര്യം ഉണ്ടാകണം. വിഭവങ്ങളുടെ വിതരണത്തിലെ അസമത്വം ഇല്ലാതാക്കുകയും വേണം. അപ്പോൾ മാത്രമേ ദാരിദ്ര്യം എന്ന പ്രശ്നത്തിന് അർത്ഥപൂർണമായ പരിഹാരം കണ്ടെത്താനാവുകയുള്ളൂ. അതിനായി രാജ്യത്തിന്റെ വിഭവങ്ങൾ കാര്യക്ഷമതയോടെ ഉപയോഗിക്കാൻ നാം ശ്രദ്ധിക്കേതണ്ടതുണ്ട്.

## പഠനനേട്ടങ്ങൾ

- ഉൽപ്പാദന ഘടകങ്ങളും അവയ്ക്ക് ലഭിക്കുന്ന പ്രതിഫലവും വിശദീകരിക്കുന്നു.
- സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹം, ഗാർഹിക ഉൽപ്പാദന യൂണിറ്റുകളിൽ എപ്രകാരം നടക്കുന്നുവെന്ന് വിശദീകരിക്കുന്നു.
- സാമ്പത്തിക പ്രവർത്തനങ്ങളിലെ മൂന്നു മേഖലകളും അവ തമ്മിലുള്ള പരസ്പരബന്ധവും ഉദാഹരണ സഹിതം വിവരിക്കുന്നു.
- ദാരിദ്ര്യമെന്തെന്നും, ദാരിദ്ര്യ നിർമാർജനത്തിനായി സർക്കാർ നടപ്പാക്കിയ പദ്ധതികളും പരിപാടികളും എന്തൊക്കെയെന്നും വിശദമാക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- ഉൽപ്പാദനമെന്നാലെന്ത്?
- ഉൽപ്പാദന ഘടകങ്ങളെ എത്രയായി തിരിക്കാം? അവ ഓരോന്നിനെക്കുറിച്ചും ഉദാഹരണ സഹിതം വിവരിക്കുക.
- ഗാർഹിക യൂണിറ്റ്, ഉൽപ്പാദന യൂണിറ്റ് എന്നിവയ്ക്കിടയിൽ സാമ്പത്തിക പ്രവർത്തനങ്ങളുടെ ചാക്രിക പ്രവാഹം എപ്രകാരം നടക്കുന്നുവെന്ന് വിശദീകരിക്കുക?
- ''പ്രകൃതി വിഭവങ്ങളുടെ അമിത ഉപയോഗം ഭാവിയിൽ ഉൽപ്പാദന പ്രക്രിയയെ പ്രതികൂലമായി ബാധിക്കും.'' - ഉദാഹരണ സഹിതം ഈ പ്രസ്താവനയെ സാധൂകരിക്കുക.
- തൊഴിലാളികൾക്ക് ന്യായമായ വിശ്രമസമയം ഉൽപ്പാദന പ്രക്രിയയെ സഹായിക്കുന്നതെങ്ങനെ? വിശദീകരിക്കുക.
- ''ഗാർഹിക യൂണിറ്റുകൾക്കുണ്ടാകുന്ന വരുമാനക്കുറവ് ഉൽപ്പാദന യൂണിറ്റിനെയും ബാധിക്കും.'' - എങ്ങനെയെന്ന് സമർത്ഥിക്കുക.
- പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല ഇവ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണ സഹിതം വിശദീകരിക്കുക.
- ദാരിദ്ര്യ നിർമാർജനത്തിനായി ഇന്ത്യയിൽ സർക്കാർ നടപ്പാക്കുന്ന ഏതെങ്കിലും രണ്ടു പദ്ധതികൾ വിശദീകരിക്കുക.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ ഏറ്റവും അടുത്ത പ്രദേശത്തുള്ള ഒരു ഉല്പാദനയൂണിറ്റ് സന്ദർശിച്ച് അവിടത്തെ ഉൽപാനഘടകങ്ങളോരൊന്നിനെക്കുറിച്ചും അന്വേഷിച്ചറിഞ്ഞ് അവ ഉൽപാദനയൂണിറ്റിന്റെ വളർച്ചയെ സഹായിക്കുന്നതെങ്ങനെയെല്ലാം എന്നതു സംബന്ധിച്ച് ഒരു ലഘു റിപ്പോർട്ട് തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| ഉല്പാദനഘടകങ്ങൾ വിശദികരിക്കുന്നു | | | |
| സാമ്പത്തികപ്രവർത്തനങ്ങളുടെ ചാക്രികപ്രവാഹം | | | |
| സമ്പദ്ഘടനയിലെ മൂന്നു മേഖലകളും അവ തമ്മിലെ പാരസ്പര്യവും | | | |
| ദാരിദ്ര്യ നിർമാർജനത്തിനായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ | | | |



# ജനാധിപത്യവും അവകാശങ്ങളും

അധ്യായം 8




രാജ്യത്തെ ജനാധിപത്യ പ്രക്രിയയുമായും പ്രാതിനിധ്യ സ്ഥാപനങ്ങളുമായും ബന്ധപ്പെട്ട ചിത്രങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. സ്ഥാപനങ്ങളെ തിരിച്ചറിയാമോ? രാജ്യത്തെ വിവിധ തെരഞ്ഞെടുപ്പുകളിൽ നിങ്ങളും പങ്കാളിയായിട്ടുണ്ടാവുമല്ലോ. പങ്കെടുത്ത തെരഞ്ഞെടുപ്പുകൾ എഴുതി പട്ടിക പൂർത്തിയാക്കുക.

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി
- നിയമസഭ

രാജ്യത്തെ വിവിധ പ്രാതിനിധ്യ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പുകളാണ് ഇവയെല്ലാം. ഇന്ത്യ ജനാധിപത്യ രാജ്യമായതിനാൽ കൃത്യമായ ഇടവേളകളിൽ തെരഞ്ഞെടുപ്പുകൾ നടക്കാറുണ്ട്. എന്തിനാണ് ഇത്തരത്തിൽ തെരഞ്ഞെടുപ്പുകൾ നടത്തുന്നത് എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

ആധുനിക ജനാധിപത്യ രാജ്യങ്ങളിൽ ജനങ്ങൾക്കുവേണ്ടി തീരുമാനങ്ങളെടുക്കുന്നത് ജനപ്രതിനിധികളാണ്. എന്താണ് ജനാധിപത്യം?

ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം.

***– എബ്രഹാം ലിങ്കൺ***

**ജനാധിപത്യത്തിന് വിവിധ ചിന്തകർ നൽകിയിട്ടുള്ള നിർവചനങ്ങൾ സമാഹരിച്ച് ചാർട്ട് തയ്യാറാക്കൂ.**

ജനാധിപത്യത്തെ കുറിച്ചുള്ള എബ്രഹാം ലിങ്കന്റെ നിർവചനമാണ് നൽകിയിരിക്കുന്നത്. ഇതിൽ നിന്നും ജനങ്ങൾ നേരിട്ടോ ജനപ്രതിനിധികൾ മുഖേനയോ നടത്തപ്പെടുന്ന ഭരണമാണ് ജനാധിപത്യം എന്ന് മനസിലാക്കാം. ജനാധിപത്യം പൊതുവെ രണ്ടു തരമുണ്ട്. ചാർട്ട് നിരീക്ഷിക്കൂ.

**ജനാധിപത്യം**

- പ്രത്യക്ഷ ജനാധിപത്യം
  - ജനങ്ങൾ നേരിട്ട് തീരുമാനമെടുക്കുന്നു
  - പുരാതന ഗ്രീക്ക് നഗര രാഷ്ട്രങ്ങളിൽ നിലനിന്നിരുന്നു
- പരോക്ഷ ജനാധിപത്യം
  - ജനങ്ങൾ അവരുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുകയും അവർ തീരുമാനമെടുക്കുകയും ചെയ്യുന്നു
  - ആധുനിക ജനാധിപത്യ രാജ്യങ്ങളിൽ നിലനിൽക്കുന്നു

**പ്രത്യക്ഷ-പരോക്ഷ ജനാധിപത്യ വ്യവസ്ഥകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തൂ.**

ലോകത്ത് എല്ലാ രാജ്യങ്ങളിലും ജനാധിപത്യ വ്യവസ്ഥയാണോ നിലനിൽക്കുന്നത്? ഏതാനും രാജ്യങ്ങളും അവിടെ നിലനിൽക്കുന്ന ഗവൺമെന്റുകളുടെ രൂപവും പട്ടികയിൽ നൽകിയിരിക്കുന്നു.

| രാജ്യം | ഗവൺമെന്റിന്റെ രൂപം |
|---|---|
| അമേരിക്ക | ജനാധിപത്യം |
| സൗദി അറേബ്യ | രാജഭരണം |
| ബർമ്മ | സൈനികഭരണം |
| ഇന്ത്യ | ജനാധിപത്യം |

പട്ടിക പരിശോധിക്കൂ. ഇന്ത്യ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ജനാധിപത്യ ഗവൺമെന്റുകൾ നിലനിൽക്കുന്നു. എന്നാൽ സൗദ്യ അറേബ്യ, ബർമ തുടങ്ങിയ രാജ്യങ്ങളിൽ രാജഭരണമോ പട്ടാള ഭരണമോ ആണ് നിലനിൽക്കുന്നത്. ഇവയെ പൊതുവായി ജനാധിപത്യേതര ഗവൺമെന്റ് എന്ന് വിശേഷിപ്പിക്കാം. ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങൾ തെരഞ്ഞെടുക്കുന്ന പ്രതിനിധികൾ ഭരണ നിർവഹണം നടത്തുമ്പോൾ ജനാധിപത്യേതര സമ്പ്രദായങ്ങളിൽ രാജാവോ പട്ടാള മേധാവികളോ ഭരണം നടത്തുന്നു.

ജനാധിപത്യ വ്യവസ്ഥയിൽ ജനങ്ങളുടെ അവകാശത്തിനും സ്വാതന്ത്ര്യത്തിനും പ്രഥമ പരിഗണന ലഭിക്കുന്നു. എന്നാൽ ജനാധിപത്യേതര ഭരണവ്യവസ്ഥയിൽ ജനങ്ങൾക്ക് അവകാശങ്ങളോ സ്വാതന്ത്ര്യമോ ഉണ്ടാവുകയില്ല. ലോകത്ത് ഭൂരിഭാഗം രാജ്യങ്ങളും സ്വീകരിച്ചിരിക്കുന്നത് ജനാധിപത്യ വ്യവസ്ഥയാണ്. ഇതിൽനിന്നും ജനാധിപത്യത്തിന്റെ പ്രാധാന്യം നമുക്ക് മനസ്സിലാക്കാം.

## ജനാധിപത്യ വ്യവസ്ഥയുടെ സവിശേഷതകൾ

ജനാധിപത്യ വ്യവസ്ഥയെ വ്യത്യസ്തവും സ്വീകാര്യവുമാക്കുന്നത് അതിന്റെ അടിസ്ഥാന സവിശേഷതകളാണ്. ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിനാവശ്യമായ പ്രധാന ഘടകങ്ങൾ ചാർട്ടിൽ നിരീക്ഷിക്കൂ.

**ജനാധിപത്യ വ്യവസ്ഥ - ഘടകങ്ങൾ**

- തെരഞ്ഞെടുപ്പ്
- നിയമവാഴ്ച
- അവകാശങ്ങൾ
- സ്വതന്ത്ര മാധ്യമങ്ങൾ
- സാമൂഹ്യ-സാമ്പത്തിക നീതി
- പ്രതിപക്ഷം

**ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങളെ വിശകലനം ചെയ്യൂ.**

## ജനാധിപത്യ വ്യവസ്ഥയും തെരഞ്ഞെടുപ്പും

രാജ്യത്തെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചിത്രങ്ങളാണ് നൽകിയിരിക്കുന്നത്. ജനാധിപത്യ വ്യവസ്ഥയിൽ തെരഞ്ഞെടുപ്പുകൾ വളരെ പ്രധാനമാണ്. ജനങ്ങൾ അവരുടെ പ്രതിനിധികളെ നിശ്ചയിക്കുന്നത് തെരഞ്ഞെടുപ്പിലൂടെയാണ്. ഇന്ത്യയിലെ വിവിധ

പ്രാതിനിധ്യ സ്ഥാപനങ്ങളെക്കുറിച്ച് നേരത്തെ മനസിലാക്കിയല്ലോ. സാർവത്രിക പ്രായപൂർത്തി വോട്ടവകാശം അടിസ്ഥാനമാക്കിയാണ് രാജ്യത്ത് തെരഞ്ഞെടുപ്പുകൾ നടക്കുന്നത്. പ്രായപൂർത്തിയായ എല്ലാ ജനങ്ങൾക്കും ജാതിമത വർഗ വംശ ലിംഗ വ്യത്യാസമില്ലാതെ വോട്ടവകാശം എന്നതാണ് സാർവത്രിക വോട്ടവകാശം കൊണ്ടർത്ഥമാക്കുന്നത്. ഇന്ത്യയിൽ 18 വയസു പൂർത്തിയായ എല്ലാവർക്കും വോട്ടവകാശമുണ്ട്.



**പ്രായപൂർത്തി വോട്ടവകാശത്തിന് തെരഞ്ഞെടുപ്പിലുള്ള പ്രാധാന്യം വ്യക്തമാക്കുക.**

## ജനാധിപത്യ വ്യവസ്ഥയും അവകാശങ്ങളും

ജനാധിപത്യ ജീവിതത്തിന് അനിവാര്യമായ ഘടകമാണ് അവകാശങ്ങൾ. ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന ഏതാനും അവകാശങ്ങൾ നൽകിയിരിക്കുന്നു. കൂടുതൽ അവകാശങ്ങൾ എഴുതി പട്ടിക വിപുലീകരിക്കുക.

- സ്വാതന്ത്ര്യത്തിനുള്ള അവകാശം
- വിദ്യാഭ്യാസ അവകാശം
- മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
- 
- 

ഈ അവകാശങ്ങൾ എല്ലാ രാജ്യങ്ങളിലെയും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ?







നൽകിയിരിക്കുന്ന ചിത്രങ്ങൾ നിങ്ങൾക്ക് സുപരിചിതമാണല്ലോ. തങ്ങൾ പ്രതിനിധാനം ചെയ്ത ജനവിഭാഗങ്ങളുടെ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും

ഏതൊരു മനുഷ്യനും സാമൂഹ്യ ജീവിതത്തിൽ അവന്റെ പൂർണതയിൽ എത്തുവാൻ ആവശ്യമായ വ്യവസ്ഥകൾ എന്തെല്ലാമാണോ അവയെ അവകാശങ്ങൾ എന്നു പറയാം.

*എച്ച്.ജെ. ലാസ്കി*

വേണ്ടി പ്രവർത്തിച്ചവരാണ് ഇവരെല്ലാം. ഗവൺമെന്റുകളുടെ ജനാധിപത്യ വിരുദ്ധ സമീപനങ്ങൾക്കെതിരെയാണ് ഇവർ സമരം ചെയ്തത്. ജനാധിപത്യ രാജ്യങ്ങളിൽ മാത്രമാണ് ശരിയായ രീതിയിൽ അവകാശങ്ങൾ സംരക്ഷിക്കപ്പെടുക.

എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുന്നു. പദവിയിലും അവകാശത്തിലും തുല്യത പുലർത്തുന്നു. അവർ ബുദ്ധിയും മനസാക്ഷിയുംകൊണ്ട് അനുഗൃഹീതരും പരസ്പര സാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ്.

അവകാശങ്ങളെ സംബന്ധിച്ച ലാസ്കിയുടെ നിർവചനമാണ് മുകളിൽ നൽകിയിരിക്കുന്നത്. സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും അംഗീകാരം അവകാശങ്ങൾ സംരക്ഷിക്കുന്നതിന് അനിവാര്യമാണ്. അവകാശ സംരക്ഷണത്തിന് അതുകൊണ്ടുതന്നെ അന്തർദേശീയ തലത്തിലും ദേശീയ തലത്തിലും ധാരാളം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം

ഐക്യരാഷ്ട്രസംഘടന 1948 ഡിസംബർ 10ന് അംഗീകരിച്ച സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനത്തിലെ വാക്കുകളാണ് മുകളിൽ സൂചിപ്പിച്ചത്. അവകാശ സംരക്ഷണത്തിലെ പ്രധാന ചുവടുവയ്പായിരുന്നു സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം. എന്താണ് മനുഷ്യാവകാശങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? മനുഷ്യവംശത്തിലെ ഒരംഗമെന്ന നിലയിൽ എല്ലാവർക്കും ഒരേ നിലയിൽ ലഭ്യമാക്കേണ്ട അവകാശങ്ങളാണ് മനുഷ്യാവകാശങ്ങൾ. ജാതി, മതം, വംശം, ഭാഷ, പൗരത്വം, വിശ്വാസം, സംസ്കാരം, കുടുംബം, സ്ത്രീ-പുരുഷ ഭേദം തുടങ്ങി യാതൊരു വിവേചനവും കൂടാതെ മനുഷ്യോചിതമായ ജീവിതം നയിക്കാനുള്ള അർഹത എല്ലാ മനുഷ്യർക്കുമുണ്ടെന്ന് പ്രഖ്യാപനം എടുത്തുപറയുന്നു. ഓരോ അംഗരാജ്യവും തങ്ങളുടെ രാജ്യത്തെ ജനങ്ങൾക്ക് ഈ അവകാശങ്ങൾ ലഭ്യമാക്കണം.

**മനുഷ്യാവകാശദിനം**

1948 ഡിസംബർ 10ന് യു.എൻ. പൊതുസഭ ആഗോള മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചു. ഇതിന്റെ ഓർമയ്ക്ക് എല്ലാ വർഷവും ഡിസംബർ 10 അന്തർദേശീയ മനുഷ്യാവകാശദിനമായി ആചരിക്കുന്നു.

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

**2025 ന് മുമ്പായി ബാലവേല അവസാനിപ്പിച്ച് എല്ലാ കുട്ടികളെയും സ്കൂളിൽ ചേർക്കണം; മനുഷ്യാവകാശ കമ്മീഷൻ**

ദേശീയ മനുഷ്യാവകാശ കമ്മീഷൻ സമീപകാലത്ത് പുറപ്പെടുവിച്ച ഒരു ഉത്തരവാണ് മുകളിൽ നൽകിയിരിക്കുന്നത്. സമാനമായ ഉത്തരവുകൾ നിങ്ങളും ശ്രദ്ധിച്ചിട്ടുണ്ടാവുമല്ലോ. മനുഷ്യാവകാശ സംരക്ഷണത്തിനു വേണ്ടി ദേശീയ തലത്തിൽ രൂപീകരിച്ച സ്ഥാപനമാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ. 1993-ൽ പാർലമെന്റ് പാസാക്കിയ നിയമം അടിസ്ഥാനമാക്കിയാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. ചെയർമാനുൾപ്പെടെ അഞ്ച് അംഗങ്ങൾ കമ്മീഷനിൽ ഉണ്ട്. സുപ്രീം കോടതിയിൽ നിന്നും റിട്ടയർ ചെയ്ത ചീഫ് ജസ്റ്റിസ് ആയിരിക്കും കമ്മീഷൻ ചെയർമാൻ.



*ജസ്റ്റിസ് രംഗനാഥ മിശ്ര*
*ആദ്യ ചെയർമാൻ*

## ചുമതലകൾ

- കമ്മീഷന് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തി നടപടി നിർദേശിക്കുക.
- പരാതിയില്ലാതെയും മനുഷ്യാവകാശ ലംഘനമുണ്ടായാൽ കമ്മീഷന് നടപടി കൈക്കൊള്ളാം.
- ജയിലുകളും മറ്റും സന്ദർശിച്ച് അന്തേവാസികളുടെ ക്ഷേമത്തിനാവശ്യമായ നടപടി നിർദേശിക്കുക.
- മനുഷ്യാവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട ഗവേഷണ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുക.

ദേശീയ തലത്തിൽ രൂപം നൽകിയ കമ്മീഷന്റെ ചുവടു പിടിച്ച് സംസ്ഥാനങ്ങളിലും മനുഷ്യാവകാശ കമ്മീഷനുകൾക്ക് രൂപംനൽകിയിട്ടുണ്ട്. ഇതു കൂടാതെ വിവിധ വിഭാഗം ജനങ്ങളുടെ അവകാശ സംരക്ഷണം ലക്ഷ്യമിട്ട് വിവിധ കമ്മീഷനുകൾ പ്രവർത്തിക്കുന്നു. ചാർട്ട് നിരീക്ഷിക്കൂ.

മനുഷ്യാവകാശ സംരക്ഷണത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ വഹിക്കുന്ന പങ്ക് വിശകലനം ചെയ്യുക.



## ജനാധിപത്യം ഒരു ജീവിതരീതി

ജനാധിപത്യം യഥാർത്ഥത്തിൽ ഒരു ഭരണക്രമം എന്നതിനെക്കാളുപരി ഒരു ജീവിതരീതിയാണ്. തെരഞ്ഞെടുപ്പും അവകാശ സംരക്ഷണവും ജനാധിപത്യ ജീവിതം നമുക്ക് ഉറപ്പുനൽകുന്നുണ്ട്. എന്നാൽ ഇതുകൊണ്ടുമാത്രം എല്ലാവരുടെയും അന്തസ്സോടെയുള്ള ജീവിതം സാദ്ധ്യമാവില്ല. അവകാശങ്ങൾ അനുഭവിക്കുന്നതോടൊപ്പം എല്ലാവരും കടമകളും നിറവേറ്റണം. നാം സ്വാതന്ത്ര്യം അനുഭവിക്കുമ്പോൾ അതേ സ്വാതന്ത്ര്യം മറ്റുള്ളവർക്ക് ലഭ്യമാക്കുക നമ്മുടെ കടമയാണ്. ജനാധിപത്യ ജീവിതം സാദ്ധ്യമാക്കുന്നതിനാവശ്യമായ ചില ആശയങ്ങൾ നൽകിയിരിക്കുന്നു. നിങ്ങൾ ഇപ്രകാരം പ്രവർത്തിക്കാറുണ്ടോ? കൂടുതൽ എഴുതി പട്ടിക വിപുലീകരിക്കുക.

| പ്രവർത്തനം | ഉണ്ട് | ഇല്ല |
|---|---|---|
| മറ്റുള്ളവരുടെ അഭിപ്രായങ്ങളോട് വിയോജിക്കുമ്പോഴും സഹിഷ്ണുത പുലർത്തുന്നു. | | |
| നിയമങ്ങൾ അനുസരിക്കാറുണ്ട്. | | |
| മാലിന്യം തരംതിരിച്ച് സംസ്കരിക്കുന്നു. | | |
| അർഹരായവരെ സഹായിക്കാറുണ്ട് | | |

ഉണ്ട് എന്ന ഉത്തരം നിങ്ങളെ ജനാധിപത്യ ജീവിതരീതിക്കുടമയാക്കും. ജനാധിപത്യം നിയമവാഴ്ചയിൽ അധിഷ്ഠിതമാണ്. അല്ലാത്തിടത്തോളം നാം നിയമവിധേയമായി ജീവിക്കണം. രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ അനുസരിക്കാൻ നാം ബാദ്ധ്യസ്ഥമാണ്.

### പഠനനേട്ടങ്ങൾ



- ജനാധിപത്യത്തെ നിർവചിക്കുന്നു.
- പ്രത്യക്ഷ-പരോക്ഷ ജനാധിപത്യ വ്യവസ്ഥകൾ വേർതിരിക്കുന്നു.
- ജനാധിപത്യ ജനാധിപത്യേതര ഗവൺമെന്റുകൾ തമ്മിലുള്ള വ്യത്യാസം കണ്ടെത്തുന്നു.
- ജനാധിപത്യ വ്യവസ്ഥയുടെ സവിശേഷതകൾ പട്ടികപ്പെടുത്തുന്നു.
- ജനാധിപത്യ വ്യവസ്ഥയിൽ തെരഞ്ഞെടുപ്പുകൾക്കുള്ള പ്രാധാന്യം കണ്ടെത്തുന്നു.
- അവകാശ സംരക്ഷണത്തിൽ ജനാധിപത്യ വ്യവസ്ഥയ്ക്കുള്ള പങ്ക് വ്യക്തമാക്കുന്നു.
- മനുഷ്യാവകാശങ്ങളെ നിർവചിക്കുന്നു.
- സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം വിശകലനം ചെയ്യുന്നു.
- അവകാശസംരക്ഷണത്തിൽ വിവിധ കമ്മീഷനുകളുടെ പങ്ക് കണ്ടെത്തുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- പ്രത്യക്ഷ-പരോക്ഷ ജനാധിപത്യ വ്യവസ്ഥകൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണ സഹിതം വിശദമാക്കുക?
- ലോകത്താകമാനം ജനാധിപത്യ വ്യവസ്ഥയ്ക്ക് സ്വീകാര്യത ലഭിക്കാനുള്ള സാഹചര്യങ്ങൾ എന്തെല്ലാം?
- ജനാധിപത്യ വ്യവസ്ഥയുടെ നിലനിൽപ്പിനാവശ്യമായ രണ്ട് ഘടകങ്ങൾ എഴുതുക.
- സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്നാൽ എന്ത്?
- ഐക്യരാഷ്ട്രസഭ സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചതെന്ന്?
- മനുഷ്യാവകാശങ്ങൾ എന്നാൽ എന്ത്?
- ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഘടന വിശദമാക്കുക?
- മനുഷ്യാവകാശ കമ്മീഷന്റെ രണ്ടു ചുമതലകൾ എഴുതുക?
- മനുഷ്യാവകാശ കമ്മീഷനെ കൂടാതെ അവകാശസംരക്ഷണത്തിനുവേണ്ടി പ്രവർത്തിക്കുന്ന രണ്ട് സ്ഥാപനങ്ങളുടെ പേരെഴുതുക?
- അവകാശങ്ങളും കടമകളും ജനാധിപത്യ ജീവിതത്തെ സഹായിക്കുന്നു. ഈ പ്രസ്താവന സാധൂകരിക്കുക?

## തുടർപ്രവർത്തനങ്ങൾ

- ജനാധിപത്യത്തെ കുറിച്ചുള്ള വിവിധ ചിന്തകരുടെ ആശയങ്ങൾ സമാഹരിച്ച് ചാർട്ട് തയാറാക്കുക.
- ജനാധിപത്യ ഇതര ഗവൺമെന്റുകൾ നിലനിൽക്കുന്ന രാജ്യങ്ങൾ ലോക ഭൂപടത്തിൽ കണ്ടെത്തുക.
- മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ സമാഹരിച്ച് ആൽബം തയ്യാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| മറ്റൊരാളോട് ജനാധിപത്യം എന്ന ആശയം വ്യക്തമാക്കാൻ കഴിയും | | | |
| പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും തമ്മിൽ വേർതിരിക്കാനാകും | | | |
| ജനാധിപത്യ വ്യവസ്ഥയിലെ ഘടകങ്ങളെ തിരിച്ചറിയാം | | | |
| ജനാധിപത്യവും തിരഞ്ഞെടുപ്പും തമ്മിലുള്ള ബന്ധം വ്യക്തമാക്കാനാകും | | | |
| അവകാശങ്ങളും കടമകളും എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്ന് വേർതിരിക്കാൻ കഴിയും | | | |



# വ്യക്തിയും സമൂഹവും

അധ്യായം 9

ആമുഖം: മനുഷ്യസമൂഹത്തെപ്പറ്റിയുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം. വ്യക്തികൾ ഒറ്റപ്പെട്ടവരല്ല. അവർ തമ്മിലുള്ള പരസ്പരബന്ധത്തിന് വളരെയധികം പ്രാധാന്യം ഉണ്ട്. ഈ ബന്ധം കുടുംബം, സമാജം, സമൂഹം എന്നിങ്ങനെ വളരുമ്പോൾ പൊതുസമൂഹത്തിൽ നാം എങ്ങനെ പെരുമാറുന്നുവെന്ന് വിലയിരുത്തപ്പെടും. സാമൂഹ്യപ്രശ്നങ്ങളെ തിരിച്ചറിയുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്. മനുഷ്യന്റെ സാമൂഹിക പ്രശ്നങ്ങളെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രാഥമിക അറിവുകൾ നൽകുന്നതാണ് ഈ പാഠഭാഗം

നമ്മളെല്ലാം വ്യത്യസ്ത കുടുംബങ്ങളിൽനിന്നും വന്നിട്ടുള്ളവരാണല്ലോ. നമ്മുടെ സ്വഭാവവും പെരുമാറ്റവും തമ്മിൽ വ്യത്യാസങ്ങളില്ലേ? എന്നാൽ നമ്മളെ പരസ്പരം ബന്ധിപ്പിക്കുന്ന ഏതെങ്കിലും ബന്ധങ്ങൾ നിങ്ങൾക്ക് കണ്ടെത്താനാവുന്നുണ്ടോ? ആ ബന്ധങ്ങൾ ഒന്ന് പറയാമോ?

- അയൽക്കാർ
- സുഹൃത്തുക്കൾ
- നമ്മെ പഠിപ്പിച്ച അദ്ധ്യാപകർ
- രാവിലെ വീട്ടിൽ പത്രവും പാലും മത്സ്യവും കൊണ്ടുവരുന്നവർ

അപ്പോൾ ഒരു കാര്യം നമുക്കുറപ്പിക്കാം. നമുക്കിടയിൽ നമ്മെ പരസ്പരം കോർത്തിണക്കുന്ന നിരവധി ബന്ധങ്ങളുണ്ട്. എന്നിട്ടുമെന്താണ് നമ്മുടെ നാട്ടിൽ പെൺകുട്ടികൾക്ക് സുരക്ഷി

തമായി ഇറങ്ങി നടക്കാൻപോലും സാധിക്കാത്ത അവസ്ഥ ചില പ്രദേശങ്ങളിൽ ഉണ്ടാകുന്നതെന്ന് ചിന്തിച്ചിട്ടുണ്ടോ? മനുഷ്യരെ പരസ്പരം തമ്മിലടിപ്പിക്കുന്നതിന് ചില ജാതി മത ശക്തികൾക്ക് സാധിക്കുന്നതെങ്ങനെ? ഒരുഭാഗത്ത് സമൃദ്ധിയിലും ധൂർത്തിലും ജീവിക്കുന്നവർ മറുഭാഗത്തുള്ള ദരിദ്രരും പട്ടിണിക്കാരുമായ മനുഷ്യരെ കാണാതെ പോകുന്നതെന്ത്കൊണ്ട്? ആരാധനാലയങ്ങൾപോലും ആയുധപ്പുരകളായി മാറുന്ന സാഹചര്യമെങ്ങനെയുണ്ടായി? മനുഷ്യർക്കിടയിലുണ്ടാകേണ്ടുന്ന കൂട്ടായ്മ വേണ്ടവിധം വളർന്നുവരാത്തതാണ് ഇവയുടെയൊക്കെ അടിസ്ഥാന കാരണമെന്ന് നമുക്ക് തിരിച്ചറിയാൻ സാധിക്കും.

*താഴെ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് മനുഷ്യർക്കിടയിൽ സാമൂഹ്യബന്ധങ്ങൾ ഉടലെടുക്കുന്ന വിവിധ സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.*








- സുഹൃത്തുക്കളോടൊപ്പം ഫുട്ബോൾ കളിക്കുന്നു.
- കടയിൽനിന്നും സാധനങ്ങൾ വാങ്ങിക്കുന്നു.
- കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നു.
- ബസിൽ യാത്ര ചെയ്യുന്നു.

ഇതിൽ നിന്നും നിങ്ങൾ രൂപീകരിക്കുന്ന നിഗമനമെന്താണ്?

ഓരോ വ്യക്തിയും പല ആവശ്യങ്ങൾക്കായി വ്യത്യസ്ത ജനവിഭാഗങ്ങളുമായി ബന്ധപ്പെടുന്നുണ്ട്. പരസ്പരം ആശ്രയിച്ചാണ് നാം കഴിയുന്നത്. നിരവധി കൂട്ടായ്മകളിലെ അംഗങ്ങളാണ് നാം ഓരോരുത്തരും. ഒരു വ്യക്തിക്ക് ഈ ഭൂമുഖത്ത് തനിച്ചു ജീവിക്കാൻ കഴിയില്ല. കൂട്ടായ്മകളിൽനിന്നാണ് മനുഷ്യൻ തന്റെ സംസ്കാരവും ജീവിതരീതികളുമെല്ലാം രൂപപ്പെടുത്തിയിട്ടുള്ളത്. കൂട്ടായ്മകൾ നന്നായില്ലെങ്കിൽ വ്യക്തി മാത്രമല്ല സമൂഹം തന്നെ നശിക്കാനിടയാകും.

ഇനി നമുക്കൊരു സംഭവകഥ പരിചയപ്പെടാം. ഫ്രാൻസിലെ എവിറേ ഗ്രാമത്തോട് ചേർന്ന വനപ്രദേശത്ത് നായാട്ടിനു പോയ ചിലർ ചെന്നായ്ക്കളോടൊപ്പം ഒരു വിചിത്ര ജീവിയെ കണ്ടു. ചെന്നായ്ക്കളെ വെടിവെച്ചോടിച്ച അവർ ആ വിചിത്ര ജീവിയെ പിന്തുടർന്നു പിടിച്ചു. മനുഷ്യരൂപ സമമായ ആ ജീവി മൃഗങ്ങളെപ്പോലെ കൈകാലുകൾ ഉപയോഗിച്ച് അതിവേഗം ഓടുകയായിരുന്നു. മുരളുകയും മാന്താൻ ശ്രമിക്കുകയും കടിച്ചുകീറാൻ വരികയും ചെയ്തു. അതൊരു മനുഷ്യക്കുഞ്ഞായിരുന്നു. എന്നിട്ടും അതിനു മനുഷ്യനെപ്പോലെ ഭക്ഷണം കഴിക്കാനോ നടക്കാനോ സംസാരിക്കാനോ സാധിക്കുന്നുണ്ടായിരുന്നില്ല. അവർ കുട്ടിയെ പാരീസ് നഗരത്തിലേക്ക് കൊണ്ടുപോയി. ജീൻമാർക്ക് ഇറ്റാർഡ് എന്ന ഡോക്ടർ കുട്ടിയെ ഏറ്റെടുത്തു. ഡോക്ടർ അവന് വിക്ടർ എന്ന പേരു നൽകി. 12 വയസുവരെ അവനെ സാധാരണ മനുഷ്യരെപ്പോലെ ജീവിക്കാൻ പരിശീലിപ്പിച്ചു. പക്ഷേ ഒന്നും അവന് എളുപ്പത്തിൽ സാധ്യമായില്ല. ഭക്ഷണപ്പാത്രം തട്ടിത്തെറിപ്പിച്ച് നായ്ക്കളെപ്പോലെ നക്കിത്തിന്നാനാണവൻ ശ്രമിച്ചത്. കിടക്കയും പുതപ്പുമൊന്നുമില്ലാതെ മുറിയിലൊരു മൂലയിൽ ചുരുണ്ടുകിടക്കാനാണവന് ഇഷ്ടം. നിരവധി ദിവസങ്ങൾ കൊണ്ടാണ് ചില വാക്കുകൾപോലും അവനുച്ചരിക്കാനായത്. മനുഷ്യന്റെ പെരുമാറ്റ രീതികളോ ആചാരങ്ങളോ വിക്ടറിനറിയാമായിരുന്നില്ല. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് പറയാമോ?

ഇതിൽ നിന്നും സമൂഹത്തിൽ വളരാത്ത ഒരു മനുഷ്യന് സാമൂഹ്യജീവിയായി മാറാൻ സാധിക്കില്ല എന്ന് നമുക്ക് മനസിലായല്ലോ.

ഇനി നമുക്ക് സമൂഹമെന്തെന്നും സമൂഹം രൂപം കൊള്ളുന്നതിലേക്ക് സഹായിക്കുന്ന വിവിധ കൂട്ടായ്മകൾ എന്തൊക്കെയെന്നും പരിചയപ്പെടാം.

## കുടുംബം (Family):

നിങ്ങളോരുത്തരും ഓരോ കുടുംബത്തിലെ അംഗങ്ങളാണല്ലോ? എന്താണ് കുടുംബം?

അച്ഛനും അമ്മയും മക്കളും അടുത്ത ബന്ധുക്കളുമടങ്ങുന്ന ഒരു സാമൂഹ്യസ്ഥാപനമാണ് കുടുംബം. സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണിത്. മനുഷ്യന്റെ സാമൂഹ്യ ബന്ധങ്ങൾ ആരംഭിക്കുന്നതും കുടുംബത്തിൽനിന്നാണ്.

താഴെക്കൊടുത്തിരിക്കുന്ന മൂന്ന് കുടുംബങ്ങളുടെയും ചിത്രങ്ങൾ നിരീക്ഷിക്കുക. കുടുംബഘടനയുടെ അടിസ്ഥാനത്തിൽ ഇവ ഓരോന്നും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി എഴുതുക.



ചിത്രം 1 അണുകുടുംബം



ചിത്രം 2 വിസ്തൃതകുടുംബം



ചിത്രം 3 കൂട്ടുകുടുംബം

| അണുകുടുംബം | വിസ്തൃതകുടുംബം | കൂട്ടുകുടുംബം |
|---|---|---|
| അച്ഛനും അമ്മയും അവരുടെ ഒന്നോ രണ്ടോ മക്കളും മാത്രം അംഗങ്ങളായിട്ടുള്ള കുടുംബം. | അച്ഛനും അമ്മയും മക്കളും അവരുടെ കുടുംബവും അംഗങ്ങളാ യിട്ടുള്ള അണുകുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന കുടുംബം. | മൂന്നോ അതിലധികമോ തലമുറയിൽപ്പെട്ട ആളുകൾ അംഗമായിട്ടുള്ള കുടുംബം. മുത്തച്ഛൻ,മുത്തശ്ശി,അച്ഛൻ, അമ്മ,മക്കൾ,പേരക്കിടാങ്ങൾ, എന്നിങ്ങനെ വിവിധ തലമുറകൾ ഒരുമിച്ചു താമസിക്കുന്ന കുടുംബം. |

*നിങ്ങൾ നിങ്ങളുടെ പ്രദേശത്തെ ഏതാനും കുടുംബങ്ങളെ നിരീക്ഷിച്ച് ഇവയിൽ ഏതു വിഭാഗത്തിൽപ്പെടുന്നുവെന്ന് കണ്ടെത്തുക.*

ഇന്നത്തെക്കാലത്ത് അണുകുടുംബങ്ങൾ വ്യാപകമാവുകയാണ്. കൂട്ടുകുടുംബങ്ങൾ അന്യംനിന്നുപോവുകയും ചെയ്യുന്നു. ഇതിന്റെ കാരണങ്ങളെന്ത്? അണു കുടുംബം നേരിടുന്ന പ്രധാന പ്രശ്നങ്ങളെന്തൊക്കെ? ഒരു ചർച്ച സംഘടിപ്പിക്കുക.

## സമുദായം (Community):

ഒരു നിശ്ചിത പ്രദേശത്ത് നാം ഒന്നാണ് എന്ന വികാരത്തോടെ ജീവിക്കുന്ന വ്യക്തികളുടെ സംഘമാണ് സമുദായം. സമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറിയ കൂട്ടായ്മയാണ് സമുദായം. എന്നാൽ വ്യക്തികൾ തമ്മിലുള്ള ആത്മബന്ധം സമൂഹത്തെക്കാൾ ശക്തമാണ്.

## സമാജം (Association):

നിങ്ങൾ ദൈനംദിന ജീവിതത്തിൽ ക്ലബ്ബുകൾ, തൊഴിലാളി സംഘടനകൾ, യുവജന സംഘടനകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, മഹിളാ സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിങ്ങനെ ഏതെങ്കിലും സാമൂഹ്യസംഘങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിട്ടുണ്ടോ?

എന്തൊക്കെയാണ് അവയുടെ ലക്ഷ്യങ്ങൾ? അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെ? അന്വേഷിച്ചിട്ടുണ്ടോ?

**പ്രത്യേക ലക്ഷ്യങ്ങൾ നിറവേറ്റാൻ രൂപീകരിച്ചു പ്രവർത്തിക്കുന്ന വ്യക്തികളുടെ കൂട്ടമാണ് സമാജം. ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവയെല്ലാം സമാജങ്ങൾ ആണ്.**

## സമൂഹം (Society):

പരസ്പരം ആശ്രയിച്ചുകഴിയുന്ന വിവിധ സമുദായങ്ങളുടെ കൂട്ടായ്മയാണ് സമൂഹം. ഭാഷ, വേഷം, സംസ്കാരം, പെരുമാറ്റ രീതി എന്നിവയെല്ലാം ആർജിക്കുന്നതിന് നമ്മെ ഏറ്റവും സ്വാധീനിക്കുന്നത് സമൂഹമാണ്.

വ്യക്തികൾ ചേർന്ന് കുടുംബവും പല കുടുംബങ്ങൾ ചേർന്ന് സമുദായവും പല സമുദായങ്ങൾ ചേർന്ന് സമൂഹവും രൂപം കൊള്ളുന്നു.




**സമുദായവും സമൂഹവും തമ്മിലുള്ള വ്യത്യാസങ്ങളെന്തൊക്കെ?**

## വഴികാട്ടികൾ

വ്യക്തികളുടെ കൂട്ടായ്മയിൽ നിന്നാണ് സമൂഹം ഉണ്ടാകുന്നത്. നല്ല വ്യക്തികൾ സമൂഹത്തിന്റെ വളർച്ചയിലും മാറ്റത്തിലും വലിയ പങ്കുവഹിക്കുന്നുണ്ട്. നമ്മുടെ സമൂഹത്തെ സ്വാധീനിച്ച ഏതാനും മഹത്വ്യക്തിത്വങ്ങളുടെ പേര് പറയാമോ? എന്തുകൊണ്ടാണ് ഇവരെ നാം മഹത് വ്യക്തിത്വങ്ങളായി പരിഗണിക്കുന്നത്?

താഴെ നൽകിയിരിക്കുന്ന ഫോട്ടോകളിൽ കാണുന്ന മഹത് വ്യക്തിത്വങ്ങളെ തിരിച്ചറിയുക. ഇവർ സമൂഹത്തിന് വേണ്ടി ചെയ്ത പ്രധാന സേവനങ്ങൾ എന്തൊക്കെയാണ് എന്ന് അന്വേഷിച്ചറിഞ്ഞ് താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.







**രാജാറാം മോഹൻ റോയ്**

- സതി നിരോധനം
- സ്ത്രീകളുടെ പദവി ഉയർത്താൻ പ്രവർത്തിച്ചു.
- 

**ഗാന്ധിജി**

- അഹിംസ
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസം.
- 

**ശ്രീനാരായണഗുരു**

- അയിത്തോച്ചാടനം
- ജാതി വ്യവസ്ഥയെ എതിർത്തു.
- 

നിങ്ങൾ മനുഷ്യനായതുകൊണ്ടു മാത്രം വലിയവനാകുന്നില്ല. മനുഷ്യത്വമുള്ളവനാകുമ്പോഴാണ് വലിയവനാകുന്നത്
– ഗാന്ധിജി

## സാമൂഹീകരണം (Socialisation):

തമിഴ്നാട്ടിലെ സേലത്തിനടുത്ത ഒരു ഗ്രാമത്തിലെ ദരിദ്രയായ സ്ത്രീ ഇരട്ടക്കുഞ്ഞുങ്ങൾക്ക് ജന്മം നൽകി. രണ്ടുപേരും ആൺകുട്ടികൾ. കുട്ടികളുടെ അച്ഛൻ അവരെ ഉപേക്ഷിച്ചുപോയി. ദരിദ്രയായ അമ്മ തെരുവുകളിൽ ഭിക്ഷയെടുത്ത് മക്കളെ വളർത്തി. ആയിടയ്ക്ക് സാമ്പത്തിക ശേഷിയുള്ളതും വിദ്യാസമ്പന്നരുമായ ഒരു കുടുംബം ഇരട്ടക്കുട്ടികളിലൊരാളെ ദത്തുവാങ്ങി. മറ്റേ കുട്ടി അമ്മയോടൊപ്പം തെരുവുകളിൽ വളർന്നു. തെരുവിൽ വളർന്ന കുട്ടി മദ്യം, മയക്കുമരുന്ന് വിൽപ്പന സംഘത്തോടൊപ്പമായി ജീവിതം. ഒടുവിൽ നഗരത്തിലെ ഒരു പ്രധാന ഗുണ്ടാ നേതാവായി അയാൾ മാറുകയും ചെയ്തു. വിദ്യാസമ്പന്നർ ദത്തെടുത്ത കുട്ടിക്ക് അവർ മികച്ച വിദ്യാഭ്യാസം നൽകി. അയാൾ പിന്നീട് സിവിൽ സർവ്വീസ് പരീക്ഷയിൽ ഉന്നത വിജയം നേടുകയും കലക്ടറാവുകയും ചെയ്തു. ഈ കഥ നമുക്ക് നൽകുന്ന പാഠമെന്ത്?

ഒരു അമ്മയുടെ ഒരേ ഗർഭപാത്രത്തിൽ പിറവികൊണ്ടിട്ടും രണ്ടുമക്കളും

## *വിത്തച്ഛൻ - ചെറുവയൽ രാമൻ*

*വയലുകളും പത്തായപ്പുരകളും അന്യമായിക്കൊണ്ടിരിക്കുന്ന വയനാട്ടിലെ മാനന്തവാടിക്കടുത്ത കമ്മനയിലെ ഒരു ഗോത്ര കർഷകനാണ് ചെറുവയൽ രാമൻ. പഴശ്ശിയുടെ കുറിച്യ പടയാളി തലയ്ക്കൽ ചന്തുവിന്റെ ഇളമുറക്കാരൻ. പരമ്പരാഗതമായി കിട്ടിയതും മറ്റിടങ്ങളിൽ നിന്നും ശേഖരിച്ചതുമായ 50 ഇനം നെൽവിത്തുകളുമായി വിത്തുകളുടെ കാവലാളായി മാറിയിരിക്കുന്നു ചെറുവയൽ രാമൻ.*



*പൈതൃകമായി കിട്ടിയ അഞ്ചര ഏക്കറിൽ ഒരുഭാഗം ഈ വിത്തുകളെയെല്ലാം തരംതിരിച്ച് വർഷംതോറും കൃഷി ചെയ്ത് സംരക്ഷിക്കുകയാണ് ഇദ്ദേഹം. രാസവളങ്ങളോ കീടനാശിനികളോ ഉപയോഗിക്കാതെ പൂർണമായും ജൈവ കൃഷിരീതി പിന്തുടരുന്ന ഒരു കർഷകൻ കൂടിയാണ് ഇദ്ദേഹം. വിത്തുകൾ തേടിയെത്തുന്ന ഏതൊരാൾക്കും അദ്ദേഹം വിത്തുകൾ നൽകും. വിൽപ്പനയ്ക്കല്ലെന്നു മാത്രം. അത്രയും വിത്ത് അടുത്ത വർഷം തിരികെ നൽകണമെന്ന് മാത്രമാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. അഞ്ചാം ക്ലാസിൽ പഠനം നിർത്തി പത്താം വയസിൽ പാടത്തേക്കിറങ്ങിയ ചെറുവയൽ രാമൻ ഇന്ന് പ്രൈമറിതലംമുതൽസർവ്വകലാശാലാതലംവരെയുള്ളവിദ്യാർത്ഥികൾക്കുംഅധ്യാപകർക്കുംകൃഷി പാഠം പകർന്നു നൽകുന്നു. ചെറുവയൽ രാമന് 2016ലെ പ്രാഥമിക ജനിതക പുരസ്കാരമടക്കം നിരവധി അവാർ ഡുകൾ ലഭിച്ചിട്ടുണ്ട്. പരമ്പരാഗതമായ ചാണകം മെഴുകിയ തറയും പുല്ലുമേഞ്ഞ മേൽക്കൂരയുമുള്ള അദ്ദേഹത്തിന്റെ വീട് കാർഷിക സംസ്കൃതിയുടെ നല്ലൊരു ഓർമപ്പെടുത്തലാണ്. വെളിയൻ, ചേറ്റുവെളിയൻ, ഓക്കവെളിയൻ, ചെന്താടി, ചെമ്പകം, ചെന്നല്ല്, ചോമാല തുടങ്ങിയ തന്റെ ശേഖരത്തിലെ മുഴുവൻ നെൽ വിത്തുകളെക്കുറിച്ചും അവയുടെ കൃഷി രീതിയെക്കുറിച്ചും പുസ്തകത്താളുകൾ തിരയാതെ അറിവു പകരുന്ന അദ്ദേഹത്തെ നാട്ടുകാർ സ്നേഹാദരപൂർവം വിത്തച്ഛൻ എന്ന് വിളിക്കുന്ന ചെറുവയൽ രാമന്റെ കൃഷിയിടത്തിൽ നിരവധിയിനം കുരുമുളകു വള്ളികളും ചേമ്പും ചേനയും പച്ചക്കറികളുമെല്ലാം കൃഷി ചെയ്യുന്നുണ്ട്.*

ഇങ്ങനെ വ്യത്യസ്തരായതെന്തുകൊണ്ട്? ഉത്തരം കണ്ടെത്താമോ?

- അവർ വളർന്ന സാഹചര്യങ്ങൾ
- അവരുടെ കൂട്ടുകെട്ടുകൾ
- അവർക്കു ലഭിച്ച വിദ്യാഭ്യാസം
- 

ഇങ്ങനെ നിരവധി കാരണങ്ങൾ നമുക്ക് കണ്ടെത്താനാകും.

രാജ്യത്തെ നിയമങ്ങൾ പാലിക്കുക, മാന്യമായ വസ്ത്രങ്ങൾ ധരിക്കുക, മുതിർന്നവരെ ബഹുമാനിക്കുക-തുടങ്ങിയ ഉചിതമായ പെരുമാറ്റ രീതികളും ശീലങ്ങളും വ്യക്തികൾ വളർത്തിയെടുക്കേണ്ടതുണ്ട്. ഒരു വ്യക്തിയെ ഉത്തമ പൗരനായി ജീവിക്കുന്നതിന് പരിശീലിപ്പിക്കേണ്ടതുമുണ്ട്.

ഒരു വ്യക്തിയെ സമൂഹത്തിൽ ജീവിക്കാൻ പ്രാപ്തരാക്കുന്ന പ്രക്രിയയാണ് സാമൂഹീകരണം. ജീവിതകാലം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രക്രിയയാണ് ഇത്.

നിങ്ങൾ ഒരു ആരാധനാലയത്തിൽ പ്രാർത്ഥനയ്ക്ക് പ്രവേശിച്ചാൽ പെരുമാറുന്ന രീതിയിലാണോ വിവാഹവീടുകളിൽ പെരുമാറുന്നത്? ഉത്സവപ്പറമ്പിലും മരണവീട്ടിലും നിങ്ങളുടെ പെരുമാറ്റരീതികൾ ഒരേപോലെയാണോ? മുതിർന്നവരെ കാണുമ്പോൾ നാം എഴുന്നേറ്റുനിന്ന് ബഹുമാനിക്കുന്നതെന്തുകൊണ്ട്? ആരാണ് നിങ്ങളെ ഈ വിധം പെരുമാറാൻ ശീലിപ്പിച്ചിട്ടുള്ളത്?

നമ്മുടെ നാട്ടിൽ ലഹരി ഉപയോഗിക്കുന്നവരും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരും വർദ്ധിക്കുന്നത് എന്തുകൊണ്ട്? ഇവിടെയാണ് സാമൂഹീകരണ ഏജൻസികളുടെ പ്രസക്തിയും പ്രാധാന്യവും നാം തിരിച്ചറിയേണ്ടത്.

കുടുംബം, വിദ്യാലയം, സമപ്രായക്കാർ (കൂട്ടുകാർ), മാധ്യമങ്ങൾ, സംഘടനകൾ മുതലായവയെല്ലാമാണ് സാമൂഹീകരണ സഹായികളായി പ്രവർത്തിക്കുന്നത്.

സാമൂഹീകരണ ഏജൻസികളെന്ന നിലയിൽ കുടുംബം, സമപ്രായക്കാർ, വിദ്യാലയം, മാധ്യമങ്ങൾ, സംഘടനകൾ തുടങ്ങിയവ നിർവഹിക്കുന്ന സേവനങ്ങളെന്തൊക്കെ? നമുക്കു ചർച്ച ചെയ്യാം. ചർച്ചയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ഉൾപ്പെടുത്തി താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

| കുടുംബം | സമപ്രായക്കാർ | വിദ്യാലയം | മാധ്യമങ്ങൾ | സംഘടനകൾ |
|---|---|---|---|---|
| മുതിർന്നവരോടുള്ള ബഹുമാനം | സംഘ ബോധം | നിയമങ്ങൾ പാലിക്കാൻ ശീലിക്കുന്നു | പൗരബോധ രൂപീകരണം | സേവന മനോഭാവം |
| അച്ചടക്കം | നല്ല ശീലങ്ങൾ | അറിവ് നേടുന്നു | അറിവുകൾ നൽകുന്നു | പൗരബോധം വളർത്തുന്നു |
| കൃത്യനിഷ്ഠ | വിശാല വീക്ഷണം | മൂല്യങ്ങൾ നേടുന്നു | കാഴ്ചപ്പാടുകൾ രൂപപ്പെടുത്തുന്നു | ജീവ കാരുണ്യ പ്രവർത്തനം |
| | | | | |

നിങ്ങളുടെ കുടുംബത്തിൽ അച്ഛനും അമ്മയും മക്കളുമെല്ലാം ഓരോ ദിവസവും കുറച്ചു സമയമെങ്കിലും ഒന്നിച്ചിരുന്ന് കുടുംബകാര്യങ്ങൾ ചർച്ച ചെയ്യാറുണ്ടോ? അങ്ങനെ ചെയ്താലുള്ള ഗുണങ്ങളെന്തൊക്കെ?

മനുഷ്യൻ സാമൂഹ്യജീവിയാണ്. സമൂഹത്തിൽ ഉത്തമ പൗരന്മാർ രൂപപ്പെട്ടാൽ മാത്രമേ നാടിനും നാട്ടുകാർക്കും സമാധാനവും പുരോഗതിയും ഉണ്ടാവുകയുള്ളൂ. അതിനായി നാം ഒരുമയോടെ വളരുകയും പ്രവർത്തിക്കുകയും വേണം.

## പഠനനേട്ടങ്ങൾ

- വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധം വിശദീകരിക്കുന്നു.
- വ്യക്തികളുടെ വളർച്ചയിൽ സമൂഹത്തിന്റെ പങ്ക് വിശദമാക്കുന്നു.
- കുടുംബം, സമാജം, സമുദായം, സമൂഹം ഇവയുടെ പാരസ്പര്യം വ്യക്തമാക്കുകയും, വ്യക്തിയുടെ നിലനിൽപ്പിനും വളർച്ചയ്ക്കും ഇവയുടെ ആവശ്യകത വിവരിക്കുകയും ചെയ്യുന്നു.
- സാമൂഹീകരണത്തിന്റെ പ്രാധാന്യം വിശദമാക്കുന്നു.
- വ്യക്തിയെ സാമൂഹ്യജീവിയാക്കി മാറ്റുന്നതിൽ സാമൂഹീകരണ ഏജൻസികൾ ഓരോന്നിന്റെയും പ്രാധാന്യം വിവരിക്കുന്നു.

## വിലയിരുത്തൽ ചോദ്യങ്ങൾ

- സമുദായവും സമൂഹവും തമ്മിലുള്ള വ്യത്യാസങ്ങൾ കണ്ടെത്തി എഴുതുക.
- സാമൂഹീകരണം എന്നാലെന്ത്?
- സാമൂഹീകരണ ഏജൻസി എന്നനിലയിൽ കുടുംബം, വിദ്യാലയം, മാധ്യമങ്ങൾ സമപ്രായക്കാരുടെ കൂട്ടായ്മ,സംഘടനകൾ മുതലായവ നിർവ്വഹിക്കുന്ന പങ്ക് വിശദമാക്കുക.
- അണുകുടുംബവും കൂട്ടുകുടുംബവും തമ്മിലുള്ള വ്യത്യാസങ്ങളെന്തൊക്കെ?
- ശ്രീനാരായണഗുരു, ഗാന്ധിജി, രാജാറാം മോഹൻ റോയ് തുടങ്ങിയ മഹത് വ്യക്തികളുടെ സേവനങ്ങൾ ലഘു കുറിപ്പായി എഴുതുക.

## തുടർപ്രവർത്തനങ്ങൾ

- നിങ്ങളുടെ പ്രദേശത്ത് ഏതെങ്കിലുമൊരു പ്രശ്നം പരിഹരിക്കുന്നതിനായി സാമൂഹികമായി ഏറ്റെടുക്കാവുന്ന ഒരു പ്രവർത്തന പദ്ധതി തയാറാക്കുക.

## സ്വയം വിലയിരുത്തൽ

| | പൂർണ്ണമായി കഴിയുന്നു | ഭാഗികമായി കഴിയുന്നു | മെച്ചപ്പെടേണ്ടതുണ്ട് |
|---|---|---|---|
| വ്യക്തിയും സമൂഹവും തമ്മിലുള്ള വ്യത്യാസം | | | |
| വിവിധതരം കൂട്ടായ്മകൾ | | | |
| സാമൂഹീകരണം | | | |
| സാമൂഹീകരണ ഏജൻസികൾ | | | |